സീറോമലബാർ
സമുദായശക്തീകരണവർഷം
2026

VEDAPRACHARA
MADHYASTHAN

വാല്യം 99

ലക്കം 04

2026 ഒക്ടോബർ

# വേദപ്രചാര മദ്ധ്യസ്ഥൻ

Malayalam Monthly

Price ₹ 25/- Annual Subscription ₹ 300/-



2026
ഒക്ടോബർ

THE OFFICIAL ORGAN OF
THE ARCHEPARCHY OF CHANGANACHERRY

57 – ാം ചരമവാർഷികം

(9 ഒക്ടോബർ)



# ദൈവദാസൻ
# മാർ മാത്യു കാവുകാട്ട്



‘നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നതു
നിങ്ങൾ ചെയ്യുവിൻ’
(ഉൽപത്തി 41:55)

YOUR GRACE IS SUFFICIENT FOR ME

# വേദപ്രചാര മദ്ധ്യസ്ഥൻ

ചങ്ങനാശ്ശേരി അതിരൂപത
സ്ഥാപിതം: 20 മെയ് 1887

വാല്യം 99 ● ലക്കം 04 ● ഒക്ടോബർ 2026

# ഉള്ളടക്കം


സർക്കുലർ: മേജർ ആർച്ചുബിഷപ്പ്........................................05
സർക്കുലർ: (26 Ch. TCL 31) ....................................................10
കെ.സി.ബി.സി. സർക്കുലർ: ഫ്രാൻസിസ്കൻ വർഷം................ 15
കച്ചേരിക്കാര്യം........................................................................ 17
സന്ദേശനിലയം.........................................................................20
ചെറുപുഷ്പ മിഷൻ ലീഗ് .......................................................25
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ.....................28
ഫാമിലി അപ്പോസ്തലേറ്റ്.........................................................31
യുവദീപ്തി - എസ്.എം.വൈ.എം. ..........................................34
ചാസ്സ്........................................................................................ 36
ടാസ്ക് ......................................................................................43
ജീവകാരുണ്യനിധി ട്രസ്റ്റ്...........................................................44
ആതുരശുശ്രൂഷാമേഖല..........................................................45
പ്രവാസി അപ്പോസ്തലേറ്റ് .......................................................50
കത്തോലിക്കാ കോൺഗ്രസ്..................................................... 51
കേരള ലേബർ മൂവുമെന്റ് .....................................................55
ദളിത് കത്തോലിക്കാ മഹാജനസഭ............................................57
സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ .......................................58
വിൻസെൻഷ്യൻ വേദി..............................................................60
കരിസ്മാറ്റിക് നവീകരണം......................................................62
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........................................ 63
അഭിവന്ദ്യ പിതാക്കന്മാരുടെ എൻഗേജുമെന്റ്സ് ..........................72



**വേദപ്രചാര മദ്ധ്യസ്ഥൻ**

ചങ്ങനാശ്ശേരി അതിരൂപതാ മുഖപത്രം



Archbishop House, P.B. No. 20, Changanacherry P.O., Kottayam 686101

0481 2420040, 2420379, 2420614

9037440040

www.archdiocesechanganacherry.org

chancellorchry@gmail.com



**ANNUAL SUBSCRIPTION: ₹ 300/-**

Prot. No. 0620/2026

**സർക്കുലർ**

# ഒക്ടോബർ മിഷൻ മാസാചരണം

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്**
**മാർ റാഫേൽ തട്ടിൽ**
**തന്റെ സഹശുശ്രൂഷകരായ**
**മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും**
**സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**ദൈവജനത്തിനും എഴുതുന്നത്.**
**കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെയുണ്ടായിരിക്കട്ടെ.**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

ആഗോള കത്തോലിക്കാസഭയിൽ മിഷൻ ഞായർ ആചരിക്കുന്നതിനു തുടക്കം കുറിച്ചതു പതിനൊന്നാം പീയൂസ് മാർപാപ്പയാണ്. സഭയുടെ പ്രേഷിതദൗത്യത്തെക്കുറിച്ചുള്ള അവബോധം വിശ്വാസികളിൽ വളർത്തുകയും മിഷൻപ്രവർത്തനങ്ങൾക്കായി പ്രാർഥനയും സാമ്പത്തിക സഹായവും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ, 1926ൽ ഒക്ടോബറിലെ അവസാന ഞായറാഴ്ചയ്ക്കുമുമ്പുള്ള ഞായറാഴ്ച മിഷൻ ഞായറായി ആചരിക്കാൻ മാർപാപ്പ നിർദേശിച്ചു. 1926ൽ പ്രസിദ്ധീകരിച്ച *Rerum Ecclesiae* എന്ന ചാക്രികലേഖനത്തിലൂടെ മിഷൻ പ്രവർത്തനങ്ങളുടെ വളർച്ചയ്ക്കും സഭയുടെ വ്യാപനത്തിനും അദ്ദേഹം പ്രത്യേക പ്രാധാന്യം നൽകി. അതുമുതൽ ആദ്യമായി ആചരിക്കപ്പെട്ട മിഷൻ ഞായർ, സഭയുടെ സർവലൗകിക പ്രേഷിതദൗത്യത്തിൽ എല്ലാ വിശ്വാസികളും പങ്കാളികളാണെന്ന് ഓർമിപ്പിക്കുന്ന വാർഷികാചരണമായി വളർന്നു.

സാർവത്രിക സഭയോടൊപ്പം ഒക്ടോബറിൽ മിഷൻ ഞായർ ആചരിക്കുന്നതിനു പുറമേ, 2016 മുതൽ ജനുവരിയിലെ ദനഹാത്തിരുനാൾ മുതൽ പന്ത്രണ്ടാം തീയതിവരെ മിഷൻ ആഭിമുഖ്യം വളർത്തിയെടു

ക്കുന്നതിനുവേണ്ടി നമ്മുടെ സഭയിൽ മിഷൻവാരമായി ആചരിച്ചുവരികയായിരുന്നു. വിവിധ കാരണങ്ങളാൽ ഈ ആചരണം ഉദ്ദേശിച്ച ഫലപ്രാപ്തി കൈവരിക്കാതിരുന്നതിനാൽ, 2024ൽ പാലായിൽ നടന്ന മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ നിർദേശപ്രകാരം, ജനുവരിയിലെ മിഷൻ വാരാചരണത്തിനു പകരം ഒക്ടോബർ മാസംമുഴുവനും മിഷൻമാസമായി ആചരിക്കാൻ സീറോമലബാർസഭയുടെ മെത്രാൻ സിനഡു തീരുമാനിച്ചിരിക്കുകയാണ്. അതനുസരിച്ച്, 2026 മുതൽ ഒക്ടോബർ മിഷൻമാസമായി സീറോമലബാർസഭയിൽ ഇതിനാൽ സ്ഥാപിക്കുകയാണ്. മിഷൻ മാസാചരണവുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളും ഏകോപിപ്പിക്കുന്നത് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫിസാണ്.

സഭ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ നമ്മെ ഓർമിപ്പിക്കുന്നു. സുവിശേഷപ്രഘോഷണം സഭയുടെ പ്രധാന ദൗത്യം മാത്രമല്ല, അവളുടെ സ്വത്വംതന്നെയാണ്; സഭ നിലനിൽക്കുന്നതുതന്നെ സുവിശേഷവത്കരണത്തിനുവേണ്ടിയാണ് *(Evangelii Nuntiandi, 14, 16)*. അതിനാൽ, മാമ്മോദീസ സ്വീകരിച്ച ഓരോ വിശ്വാസിയും സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കാളിയാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. സുവിശേഷത്തിനുവേണ്ടി ജീവിതം സമർപ്പിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ശുശ്രൂഷചെയ്യുന്ന മെത്രാന്മാർ, വൈദികർ, സമർപ്പിതർ, അല്മായപ്രേഷിതർ എന്നിവരെയും അവരുടെ സേവനങ്ങളെയും നന്ദിയോടെ ഓർക്കുന്നു. മിഷൻ പ്രവർത്തനങ്ങൾക്ക് അനുകൂലമല്ലാത്ത സാഹചര്യങ്ങൾ വർധിച്ചുവരുന്ന ഈ കാലഘട്ടത്തിലും കർത്താവായ ഈശോമിശിഹാ നമ്മെ ഭരമേല്പിച്ച പ്രേഷിതദൗത്യത്തിൽ നാം കുറവുവരുത്തരുത്.

ആദ്യകാലങ്ങളിൽ മറ്റുസഭകളിൽനിന്നുള്ള മിഷനറിമാർ നമ്മെ വിശ്വാസത്തിൽ വളർത്തുന്നതിനായി സഹായിച്ചതു നന്ദിയോടെ ഓർക്കുന്നു. സാവകാശം, നമ്മുടെ സഭയിൽ ധാരാളം വൈദിക സമർപ്പിത ദൈവവിളികൾ ഉണ്ടാവുകയും നമ്മുടെ വൈദികരും സമർപ്പിതരും ഭാരതത്തിലും ലോകത്തിന്റെ വിവിധഭാഗങ്ങളിലും സുവിശേഷപ്രഘോഷണത്തിനും സാമൂഹ്യസേവനങ്ങൾക്കുമായി മിഷൻചൈതന്യത്തോടെ പുറപ്പെടുകയുംചെയ്തു എന്നതു ദൈവത്തിനു നന്ദിപറയേണ്ട വസ്തുതയാണ്. അതുപോലെ, ഭാരതത്തിലും ലോകത്തിന്റെ വിവിധഭാഗങ്ങളിലുമുള്ള മറ്റു സഭകളിലെ രൂപതകളിലും സമർപ്പിതസമൂഹങ്ങളിലും ചേർന്നു കർത്താവിന്റെ സുവിശേഷം പ്രഘോഷിക്കുന്ന സീറോമലബാർസഭയുടെ മക്കളായ മെത്രാന്മാരും വൈദികരും സമർപ്പിതരും നമ്മുടെ സഭയുടെ അഭിമാനമാണ്. അതുപോലെ, സുവിശേഷപ്രഘോഷണത്തിലേർപ്പെ

ട്ടിരിക്കുന്ന അല്മായപ്രസ്ഥാനങ്ങളിലും സീറോമലബാർ സഭാംഗങ്ങൾ സജീവസാന്നിധ്യമാണ് എന്നതും എടുത്തു പറയേണ്ടതാണ്. ഈ മിഷൻപ്രവർത്തനം നമ്മുടെ കടമയാണ്, ഔദാര്യമല്ല എന്നത് അനുസ്മരിക്കാം.

നമ്മൾ ആരംഭിക്കുന്ന മിഷൻമാസാചരണം സുവിശേഷപ്രഘോഷണത്തിന്റെയും പ്രേഷിത പ്രവർത്തനങ്ങളുടെയും വിവിധതലങ്ങളെ അറിയുന്നതിനും മനസിലാക്കുന്നതിനും പിന്തുണയ്ക്കുന്നതിനും രൂപതകളെയും ഇടവകകളെയും കുടുംബങ്ങളെയും വ്യക്തികളെയും പ്രചോദിപ്പിക്കുന്ന രീതിയിലാണ് തയ്യാറാക്കിയിരിക്കുന്നത്. ഈ മാസത്തിലെ നാല് ആഴ്ചകളിൽ നാലുതലങ്ങളിലുള്ള മിഷൻപ്രവർത്തനങ്ങളെ അവതരിപ്പിക്കുന്നു.

ഒക്ടോബർ മാസത്തിലെ ആദ്യ ആഴ്ചയിൽ ആഗോളമിഷൻപ്രവർത്തനങ്ങളെക്കുറിച്ച് അറിയുന്നതിനും അവയെ പരിചയപ്പെടുത്തുന്നതിനും പരിശ്രമിക്കുമ്പോൾ രണ്ടാമത്തെ ആഴ്ചയിൽ സീറോമലബാർസഭയുടെ മിഷൻപ്രവർത്തനങ്ങളെ പഠിക്കുന്നതിനും അവയിൽ പങ്കാളികളാകാനുള്ള മാർഗങ്ങൾ കണ്ടെത്തുന്നതിനും പ്രാധാന്യം നൽകണം. മൂന്നാമത്തെ ആഴ്ചയിൽ അതാതു രൂപതകൾ ഏറ്റെടുത്തിരിക്കുന്ന മിഷൻ പ്രവർത്തനങ്ങളെ പരിചയപ്പെടുകയും അവയിൽ സഹകരിക്കുകയും വേണം. നാലാമത്തെ ആഴ്ചയിൽ ഓരോ ഇടവകയുടെയും വിശ്വാസിയുടെയും പ്രേഷിതദൗത്യം തിരിച്ചറിയുന്നതിനും വിവിധ മിഷൻ പ്രവർത്തനങ്ങളെ ഇടവകതലത്തിൽ ഏകോപിപ്പിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കണം.

അതോടൊപ്പം, മിഷൻമാസം മുഴുവനും ഇടവകകളിലും കുടുംബയൂണിറ്റുകളിലും കുടുംബങ്ങളിലും മിഷനുവേണ്ടി പ്രത്യേകം പ്രാർഥിക്കണം. ജപമാലയിലും പരിശുദ്ധ കുർബാനയിലെ പ്രാർഥനകളിലും ലോകമെങ്ങും സേവനം ചെയ്യുന്ന മിഷണറിമാരെയും വിശ്വാസത്തെപ്രതി പീഡനവും മരണവും ഏറ്റുവാങ്ങുന്നവരെയും പ്രത്യേകം അനുസ്മരിക്കണം. ഞായറാഴ്ചകളിലെ വചനപ്രഘോഷണം, വിശ്വാസപരിശീലന ക്ലാസുകൾ, മിഷൻ അനുഭവങ്ങളുടെ പങ്കുവയ്ക്കൽ, 'മിഷൻ ക്വസ്റ്റ്' ക്വിസ് മത്സരം, മിഷൻ സ്കിറ്റുകൾ, ഹ്രസ്വചിത്രങ്ങൾ എന്നിവ കുട്ടികളിലും യുവജനങ്ങളിലും മുതിർന്നവരിലും മിഷൻചൈതന്യം വളർത്താൻ ഉതകുന്നരീതിയിൽ ക്രമീകരിക്കണം. പ്രത്യേകിച്ചു നവസുവിശേഷവത്കരണ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന അല്മായരെ രൂപതാതലത്തിൽ കണ്ടെത്തി ഏകോപിപ്പിക്കുകയും മിഷൻപ്രവർത്തകരെ പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യുന്നത് വളരെ മാതൃകാപരമാണ്.

നമ്മുടെ സഭയിൽ 'ജീവൻ ജ്യോതി' എന്ന പേരിൽ ഒരു ഔദ്യോഗിക അല്മായപ്രേഷിത മുന്നേറ്റം ആരംഭിച്ചകാര്യം നേരത്തെ എഴുതിയിരുന്നല്ലോ. ജീവൻ ജ്യോതിയെ നമ്മുടെ എല്ലാ രൂപതകളിലും സാഹചര്യമനുസരിച്ചു ഇടവകകളിലും പ്രവർത്തനക്ഷമമാക്കണം. മിഷൻമാസത്തിൽ സുവിശേഷപ്രഘോഷണരംഗത്തു പ്രവർത്തിക്കുന്ന അല്മായ പ്രേഷിതരെ ഒരുമിച്ചുകൂട്ടി ജീവൻ ജ്യോതിയുടെ പ്രവർത്തനങ്ങൾക്കു തുടക്കംകുറിക്കുന്നത് ഉചിതമായിരിക്കും. ജീവൻ ജ്യോതി ശക്തിപ്പെടുത്തുന്നതുവഴി സഭയിൽ പുതിയൊരു മിഷനറി ദിശാബോധം വളരാനും വളർത്താനും ഇടയാക്കുമെന്നു പ്രത്യാശിക്കുന്നു.

മിഷൻമാസാചരണത്തിന്റെ ഉത്തരവാദിത്വം ഏല്പിച്ചിരിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽനിന്ന് ഈ മാസാചരണത്തെക്കുറിച്ചുള്ള കൂടുതൽ പ്രായോഗിക കർമപദ്ധതികളും നിർദേശങ്ങളും ലഭിക്കുന്നതായിരിക്കും. അവയനുസരിച്ചു നമ്മുടെ മിഷൻമാസാചരണം എല്ലാവരുടെയും പങ്കാളിത്തവും സഹകരണവും ഉറപ്പാക്കി ഊർജസ്വലവും ഫലപ്രദ വുമാക്കിത്തീർക്കണമെന്ന് അഭ്യർഥിക്കുന്നു.

പ്രിയ മക്കളേ, സഭയുടെ ആത്മാവാണ് സുവിശേഷപ്രഘോഷണവും പ്രേഷിതപ്രവർത്തനങ്ങളും. ഈശോയുടെ സുവിശേഷം ലോകത്തിന്റെ അതിർത്തികളോളം എത്തിക്കേണ്ടത് നമ്മുടെ കടമയാണ്. ഇടവകകളും രൂപതകളും സെമിനാരികളും സമർപ്പിതസമൂഹങ്ങളും മാത്രമല്ല, മാമോദിസ സ്വീകരിച്ച ഓരോ വിശ്വാസിയും തങ്ങളുടെ മിഷനറി സ്വഭാവം തിരിച്ചറിയണം. ഭാരതത്തിലും ലോകത്തിന്റെ വിവിധഭാഗങ്ങളിലും നമ്മുടെ സഭ നിർവഹിക്കുന്ന മിഷൻപ്രവർത്തനങ്ങളെ കൂടുതൽ അറിയാനും അവയ്ക്കുവേണ്ടി പ്രാർഥിക്കാനും അവയിൽ പങ്കുചേരാനും ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. നമ്മുടെ സമയവും കഴിവുകളും സമ്പത്തും ഉദാരമായി പങ്കുവയ്ക്കുമ്പോൾ സഭയുടെ സുവിശേഷ ദൗത്യം കൂടുതൽ ശക്തവും സജീവവുമാകും. അങ്ങനെ ഈശോ മിശിഹായിൽനിന്നു നമുക്കു ലഭിച്ച സ്നേഹവും അനുഗ്രഹങ്ങളും മറ്റുള്ളവരുടെ ജീവിതത്തിൽ പ്രകാശമായി മാറുകയും ചെയ്യും. കർത്താവിന്റെ രക്ഷാകരസംഭവത്തിന്റെ 2033ലെ മഹാജൂബിലിക്കായി ഒരുങ്ങുന്ന നമ്മുടെ സഭയിൽ മിഷൻ മാസാചരണം പുതിയൊരു പ്രേഷിത ഉണർവിനു വഴിതെളിക്കട്ടെ!

ആദ്യമിഷണറിയായ പരിശുദ്ധ അമ്മയും രക്തസാക്ഷികളും മിഷനറിമാരുമായ അപ്പസ്തോലന്മാരും സകല വിശുദ്ധരും ഈ മിഷനറി യാത്രയിൽ നമുക്കു മാർഗ്ഗദീപമാകട്ടെ! പ്രാർഥനയോടെ ഞാൻ നിങ്ങളെ ആശീർവദിക്കുന്നു. ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2026-ാം ആണ്ട് സെപ്റ്റംബർ മാസം 10-ാം തീയതി നൽകപ്പെട്ടത്.

**✠ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

**NB:** ***2026 സെപ്റ്റംബർ 20 ഞായറാഴ്ച*** സീറോമലബാർസഭയിലെ ഇടവക പ്പള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനരികളിലും പരിശുദ്ധ കുർബാനമധ്യേ വായിക്കാനായി നൽകപ്പെട്ട സർക്കുലർ.

## സർക്കുലർ

26 Ch. TCL 31

# ദൈവദാസൻ മാർ മാത്യു കാവുകാട്ട്പിതാവിന്റെ 57-ാമതു ചരമവാർഷികവും ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 118-ാം ചരമവാർഷിക അനുസ്മരണവും

'സ്നേഹത്തിൽ ശുശ്രൂഷിക്കുക' എന്ന ആപ്തവാക്യം മുൻനിർത്തി 1950-ൽ ചങ്ങനാശ്ശേരി രൂപതയുടെ നേതൃത്വമേറ്റെടുത്ത ദൈവദാസൻ മാർ മാത്യു കാവുകാട്ട്പിതാവിന്റെ 57-ാമത് ചരമവാർഷികം ഒക്ടോബർ 1 മുതൽ 9 വരെ ചങ്ങനാശ്ശേരി കത്തീഡ്രൽ പള്ളിയിൽ ആചരിക്കുകയാണ്. 1904 ജൂലൈ 17ന് പാലാ പ്രവിത്താനത്ത് ജനിച്ച് 1969 ഒക്ടോബർ 9ന് അന്തരിച്ച കാവുകാട്ട്പിതാവിന്റെ പുണ്യജീവിതം ആത്മീയതയുടെയും കാരുണ്യത്തിന്റെയും സഭാത്മകതയുടെയും മനോഹരമായ സാക്ഷ്യമായിരുന്നു. പൊതുസമൂഹത്തിന് മാതൃകയായ നിരവധി സാമൂഹികസേവനപദ്ധതികൾക്കു തുടക്കമിട്ട അദ്ദേഹത്തിന്റെ പൗരോഹിത്യ രജതജൂബിലി ഭവനനിർമ്മാണപദ്ധതിയാണ് പിന്നീട് സർക്കാരിന്റെ ലക്ഷംവീട് പദ്ധതിക്കുപോലും പ്രേരകമായത്. ഇന്നത്തെ ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, തക്കല എന്നീ രൂപതാതിർത്തികളിലായി അങ്ങോളമിങ്ങോളം ഓടിനടന്ന് അജപാലനശുശ്രൂഷ ചെയ്യുമ്പോഴും, വിവിധ രോഗപീഡകൾ പേറിയ ഒരു സഹനദാസൻ കൂടിയായിരുന്നു അദ്ദേഹം. സഭാത്മകതയും കാരുണ്യവും ഏറെ വെല്ലുവിളികൾ നേരിടുന്ന ആധുനികലോകത്തിൽ പിതാവിന്റെ വിശുദ്ധജീവിതവും ദർശനങ്ങളും നാമേവരും പ്രായോഗികമാക്കേണ്ടതുണ്ട്. കാവുകാട്ട്പിതാവിന്റെ നാമകരണനടപടികളുടെ ആദ്യഘട്ടം സമാപിക്കുന്ന ഈ വേളയിൽ, നാമകരണനടപടികളുടെ അതിവേഗ പുരോഗതിക്കായി പ്രാർഥിക്കാനും വന്ദ്യപിതാവിന്റെ മാതൃക ഉൾക്കൊണ്ട് ദൈവകാരുണ്യത്തിന്റെ വക്താക്കളായി മാറാനും ഈ അനുസ്മരണ ദിനങ്ങൾ നമ്മെ ഏവരെയും നയിക്കട്ടെ.

ചങ്ങനാശ്ശേരി അതിരൂപതാംഗമായ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 118-ാം ചരമവാർഷിക അനുസ്മരണം ഫ്രാൻസിസ് അസ്സീസി വർഷത്തിൽ നാം ആചരിക്കുന്നത് ആത്മീയമായി ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. എടത്വാ സ്വദേശിയായ അദ്ദേഹം ഒരു സാധാരണ കുടുംബനാഥനായി ജീവിച്ചുകൊണ്ട് വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ മാതൃക പിന്തുടർന്ന് കേരളത്തിൽ മൂന്നാം സഭയ്ക്ക് (SFO) തുടക്കമിട്ടു. മദ്യവർജനം, എളിയവരുടെ ഉന്നമനം, കാരുണ്യ പ്രവർത്തനങ്ങൾ എന്നിവയിലൂടെ സമൂഹത്തിനു വഴികാട്ടിയായ അദ്ദേഹത്തിന്റെ ജീവിതം ഇന്നത്തെ ലോകത്തിനു സുവിശേഷത്തിന്റെ ജീവിത പാഠങ്ങൾ പകർന്നുതരുന്നു. ഈ ചരമവാർഷികത്തോടനുബന്ധിച്ച് ഒക്ടോബർ 31നു രാവിലെ 11 മണിക്ക് എടത്വാ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ പരിശുദ്ധ കുർബാനയും കബറിടത്തിൽ പ്രത്യേക പ്രാർഥനയും നേർച്ചഭക്ഷണവും ഉണ്ടായിരിക്കും. അന്നേദിവസം അനുസ്മരണപ്രാർഥനകളിൽ പങ്കുചേരുവാൻ ഏവരെയും സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു.

മിശിഹായിൽ സ്നേഹപൂർവം,

**✠ തോമസ് തറയിൽ**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

---

**NB:** ***2026 ഒക്ടോബർ 04 ഞായറാഴ്ച*** പരിശുദ്ധ കുർബാന മധ്യേയുള്ള വചനപ്രഘോഷണത്തിനുശേഷം ഈ സർക്കുലർ വായിക്കേണ്ടതാണ്.

No.4325/K-5/KCBC/OL/DS 22.09.2026

## ആഗോളസഭയിൽ ആചരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഫ്രാൻസിസ്കൻ വർഷത്തിന്റെ പ്രാധാന്യവും പ്രസക്തിയും

ഈശോയിൽ ഏറെ സ്നേഹിക്കപ്പെടുന്ന വന്ദ്യവൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ, പ്രിയ കുഞ്ഞുമക്കളേ,

നമ്മുടെ കർത്താവായ ഈശോമ്ശിഹായുടെ കൃപയും കാരുണ്യവും സമാധാനവും നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

ആഗോളസഭ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ തിരുനാൾ വളരെ ഭക്തിപൂർവ്വം ആചരിക്കുന്ന ഈ പുണ്യദിനത്തിൽ, നിങ്ങളേവർക്കും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തിരുനാൾ മംഗളങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു. റോമിലെ പരിശുദ്ധ പിതാവ് ലിയോ പതിനാലാമന്റെ ആഹ്വാന പ്രകാരം നാം ആചരിച്ചുവരുന്ന 'ഫ്രാൻസിസ്കൻ വർഷം' നമ്മുടെ ആത്മീയ ജീവിതത്തെ നവീകരിക്കാനുള്ള അപൂർവ്വമായ ഒരവസരമാണ്. വിശുദ്ധ ഫ്രാൻസിസ് ഇഹലോകവാസം വെടിഞ്ഞ് സ്വർഗ്ഗീയ ഭവനത്തിലേക്ക് പ്രവേശിച്ചതിന്റെ എട്ടാം ശതാബ്ദി ആഘോഷിക്കുന്ന ഈ വേളയിൽ, അദ്ദേഹത്തിന്റെ ജീവിതവും സന്ദേശങ്ങളും ഇന്നത്തെ സമൂഹത്തിൽ എത്രത്തോളം പ്രസക്തമാണെന്ന് ധ്യാനിക്കാൻ തിരുസഭ നമ്മെ ക്ഷണിക്കുന്നു.

ഇന്ന് നാം ജീവിക്കുന്ന ലോകം വലിയ സാങ്കേതിക മുന്നേറ്റങ്ങൾക്കും ഭൗതിക വളർച്ചയ്ക്കും സാക്ഷ്യം വഹിക്കുന്നുണ്ടെങ്കിലും, മനുഷ്യഹൃദയങ്ങളിൽ സമാധാനവും സന്തോഷവും കൈമോശം വന്നുകൊണ്ടിരിക്കുകയാണ്. സ്വാർത്ഥതയും, ഉപഭോഗസംസ്കാരവും, അക്രമങ്ങളും, പ്രകൃതിക്ക് മേലുള്ള ചൂഷണങ്ങളും ജീവിതത്തിന്റെ ഭാഗമായി മാറിയ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. കൃത്യമായി പറഞ്ഞാൽ, എണ്ണൂറ് വർഷങ്ങൾക്ക് മുൻപ് വിശുദ്ധ ഫ്രാൻസിസ് ജീവിച്ചിരുന്ന ആ

കാലഘട്ടത്തിൽ, അദ്ദേഹത്തിന്റെ ഇടപെടലുകളുണ്ടായ അക്കാലത്തെ ധാർമ്മിക അപചയങ്ങൾക്കും അസ്വസ്ഥതകൾക്കും ഏറെക്കുറെ സമാന മായ ഒരവസ്ഥയിലൂടെയാണ് ഇന്നത്തെ ലോകവും കടന്നുപോകുന്നത്.

ഇത്തരം അന്ധകാരമയമായ സാഹചര്യങ്ങളിലാണ് ഫ്രാൻസിസ് അസ്സീസിയുടെ ജീവിതം നമുക്ക് വഴികാട്ടിയാകുന്നത്. സമ്പന്നനായ ഒരു വ്യാപാരിയുടെ മകനായി ജനിച്ച ഫ്രാൻസിസ്, ലോകത്തിന്റെ സുഖഭോ ഗങ്ങളെയും പദവികളെയും അതിന്റെ സാധ്യതകളെയും പൂർണ്ണമായി ഉപേക്ഷിച്ച് മ്ശിഹായുടെ ദാരിദ്ര്യവും ലാളിത്യവും സ്വന്തമാക്കാൻ തയ്യാ റായി. തനിക്ക് ലഭിക്കുമായിരുന്ന സകല ഐഹിക നേട്ടങ്ങളെക്കാളും വലിയ നിധിയായി അവൻ സുവിശേഷ മൂല്യങ്ങളെ കണ്ടു. മ്ശിഹായുടെ യഥാർത്ഥ മാതൃക ഭൂമിയിൽ ജീവിച്ചുകാണിച്ചതിലൂടെ രണ്ടാം ക്രിസ്തു എന്ന് വിശേഷിപ്പിക്കപ്പെട്ട ആ വിശുദ്ധൻ, ഇന്നത്തെ ഉപഭോഗ സംസ് കാരത്തിന് വലിയൊരു തിരുത്തലിനുള്ള മാതൃകകൂടിയാണ് നമുക്ക് നൽകുന്നത്.

പ്രിയമുള്ളവരേ, വിശുദ്ധ ഫ്രാൻസിസ് നമ്മെ പഠിപ്പിച്ച ഏറ്റവും വലിയ പാഠങ്ങളിലൊന്ന് 'ലാളിത്യമാർന്ന ജീവിതമാണ്'. ആവശ്യത്തിൽ കൂടു തൽ നേടിയെടുക്കാനും അത് പ്രദർശിപ്പിക്കാനും മത്സരിക്കുന്ന ഇന്നത്തെ ലോകത്തിൽ, 'കുറഞ്ഞത് കൊണ്ട് സംതൃപ്തനാവുക' എന്നതായിരുന്നു ഫ്രാൻസിസിന്റെ ജീവിതശൈലി. നമ്മുടെ വീടുകളിലും കുടുംബങ്ങ ളിലും അനാവശ്യമായ ആഡംബരങ്ങളും ധൂർത്തും ഒഴിവാക്കാൻ നാം തയ്യാറാകേണ്ടതുണ്ട്. ലാളിത്യമുള്ള ഒരു ജീവിതത്തിന് മാത്രമേ ദൈവ ത്തോടും സഹജീവികളോടും കൂടുതൽ അടുത്തബന്ധം പുലർത്താൻ സാധിക്കൂ എന്ന് നാം തിരിച്ചറിയണം.

വിശുദ്ധ ഫ്രാൻസിസിന്റെ കാരുണ്യപൂർണ്ണമായ ഹൃദയം മ്ശിഹാ യുടെ സ്നേഹത്തിന്റെ പ്രതിഫലനമായിരുന്നു. കുഷ്ഠരോഗികളെ കെട്ടിപ്പുണരാനും, തെരുവുകളിൽ ഉപേക്ഷിക്കപ്പെട്ടവരെ ചേർത്തുപിടി ക്കാനും അദ്ദേഹം മടിച്ചില്ല. ഇന്ന് നമ്മുടെ ഇടവകകളിലും സമൂഹത്തിലും പാർശ്വവത്കരിക്കപ്പെട്ടവരും ഏകാന്തത അനുഭവിക്കുന്നവരും രോഗി കളും പാവപ്പെട്ടവരുമായ ഒട്ടേറെപ്പേരുണ്ട്. അവരിൽ മ്ശിഹായുടെ മുഖം ദർശിക്കാനും, നമ്മുടെ കൈവശമുള്ളതിൽ നിന്ന് ഒരു പങ്ക് അവർക്കായി മാറ്റിവെക്കാനും നമുക്ക് സാധിക്കണം. ജീവിക്കുന്ന ദൈവത്തിന്റെ സ്നേ ഹവും കാരുണ്യവുമാണ് ഒരു ക്രിസ്ത്യാനിയുടെ യഥാർത്ഥ അടയാളം.

സഹജീവികളോടുള്ള സ്നേഹത്തിനൊപ്പം തന്നെ പ്രകൃതിയോടുള്ള ആഴമായ ബന്ധവും വിശുദ്ധന്റെ ജീവിതത്തിന്റെ പ്രത്യേകതയായിരുന്നു. സൂര്യനെയും ചന്ദ്രനെയും കാറ്റിനെയും നക്ഷത്രങ്ങളെയും 'സഹോദരൻ' എന്നും 'സഹോദരി' എന്നും വിളിച്ച വിശുദ്ധ ഫ്രാൻസിസ്, ദൈവത്തിന്റെ മുഴുവൻ സൃഷ്ടികളെയും ഒരുപോലെ സ്നേഹിച്ചു. 'സൃഷ്ടികളുടെ സങ്കീർത്തനം' (Canticle of the Creatures) വഴി അദ്ദേഹം പ്രകൃതിയുടെ സൗന്ദര്യത്തെയും അതുവഴി ദൈവമഹത്വത്തെയും വാഴ്ത്തിപ്പാടി.

ഇന്ന് നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്ന് പ്രകൃതിയുടെ നാശവും കാലാവസ്ഥാ വ്യതിയാനവുമാണ്. ഭൂമിയെന്ന നമ്മുടെ പൊതുഭവനത്തെ നാം ക്രൂരമായി ചൂഷണം ചെയ്യുമ്പോൾ, വിശുദ്ധ ഫ്രാൻസിസിന്റെ 'പരിസ്ഥിതി സ്നേഹം' വലിയൊരു ആഹ്വാനമായി നമ്മുടെ മുന്നിൽ നിൽക്കുന്നു. പ്രകൃതി ദൈവത്തിന്റെ ദാനമാണ്. അതിനെ സംരക്ഷിക്കാനും, വരുംതലമുറയ്ക്കായി നിലനിർത്താനും നാം ഓരോരുത്തർക്കും കടമയുണ്ട്. മരങ്ങൾ നട്ടുപിടിപ്പിച്ചും, പ്ലാസ്റ്റിക് മലിനീകരണം ലഘൂകരിച്ചും, പ്രകൃതിവിഭവങ്ങൾ വിവേകത്തോടെ ഉപയോഗിച്ചും ഫ്രാൻസിസ്കൻ ചൈതന്യം നമുക്ക് ജീവിതത്തിൽ പ്രാവർത്തികമാക്കാം. ഇക്കാര്യത്തിൽ, പുണ്യചരിതനായ ഫ്രാൻസിസ് പാപ്പയുടെ ആഹ്വാനങ്ങളെയും നമുക്ക് ഹൃദയത്തോട് ചേർക്കാം.

കുടുംബബന്ധങ്ങളിലും സമൂഹത്തിലും വിള്ളലുകൾ വീഴുകയും, സമാധാനം നഷ്ടപ്പെടുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ വി. ഫ്രാൻസിസിന്റെ പ്രസിദ്ധമായ സമാധാന പ്രാർത്ഥന നാം ഓർക്കേണ്ടതുണ്ട്: 'ദൈവമേ, എന്നെ അങ്ങയുടെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമേ'. വെറുപ്പുള്ളിടത്ത് സ്നേഹവും, വിദ്വേഷമുള്ളിടത്ത് ക്ഷമയും, സംശയമുള്ളിടത്ത് വിശ്വാസവും വിതയ്ക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. നിസ്സാര കാര്യങ്ങൾക്ക് വഴക്കിടുകയും, മാപ്പ് നൽകാൻ മടിക്കുകയും ചെയ്യുന്ന സംസ്കാരം മാറി, പരസ്പരം ക്ഷമിക്കാനും സ്നേഹിക്കാനുമുള്ള തുറവിയുള്ള ഹൃദയങ്ങൾ നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും വളർന്നുവരട്ടെ.

വിശുദ്ധ ഫ്രാൻസിസിനുണ്ടായ ദൈവിക ദർശനത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് പതിമൂന്നാം നൂറ്റാണ്ടിൽ ആരംഭിക്കപ്പെട്ട 'പോർസ്യുങ്കുള ദണ്ഡവിമോചനം' (Portiuncula Indulgence, Pardon of Assisi) അദ്ദേഹത്തിലൂടെ ചൊരിയപ്പെട്ട ദൈവകരുണയുടെ ഉദാഹരണമാണ്. എത്ര വലിയ പാപിയാണെങ്കിലും ദൈവത്തിന്റെ അനന്തമായ കരുണയിൽ

ആശ്രയിച്ചാൽ മാപ്പ് ലഭിക്കുമെന്ന പ്രത്യാശ വി. ഫ്രാൻസിസ് അസീസിയിലൂടെ സ്വർഗ്ഗം ലോകത്തിന് നൽകി. ഫ്രാൻസിസ്കൻ വർഷം അവസാന പാദത്തിലേയ്ക്ക് എത്തിയിരിക്കുന്ന വേളയിൽ, ജീവിത നവീകരണത്തിലൂടെയും ഫ്രാൻസിസ്കൻ ദേവാലയങ്ങളിലേക്കുള്ള തീർത്ഥാടനങ്ങളിലൂടെയും പാപമോചനവും കൃപാവരങ്ങളും സ്വീകരിക്കാൻ ഏവരെയും സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. വരും നാളുകളിൽ നമ്മുടെ ഇടവകകളിൽ നടക്കുന്ന തീർത്ഥാടനങ്ങളിലും, ഫ്രാൻസിസ്കൻ വർഷാചരണ പരിപാടികളിലും വിശുദ്ധ ഫ്രാൻസിസിന്റെ മാതൃക പിന്തുടർന്നുള്ള ജീവകാരുണ്യ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളും വിഭാവനം ചെയ്യുകയും എല്ലാവരും പങ്കാളികളാകുകയും വേണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ വിശുദ്ധ വർഷത്തിൽ സഭ വാഗ്ദാനം ചെയ്യുന്ന പൂർണ്ണ ദണ്ഡവിമോചനം പ്രാപിക്കാൻ തക്കവിധം അനുതാപമുള്ള ഹൃദയത്തോടെ നമ്മെത്തന്നെ ഒരുക്കാം.

സ്നേഹമുള്ള മാതാപിതാക്കളേ, നിങ്ങളുടെ മക്കളെ ഭൗതികമായ നേട്ടങ്ങൾക്ക് മാത്രം പിന്നാലെ പരക്കംപായുന്നവരായി വളർത്തരുത്. വിശുദ്ധ ഫ്രാൻസിസിനെപ്പോലെ ദൈവഭയമുള്ളവരും എളിമയും ദയയും ഉള്ളവരുമായി അവരെ വളർത്തുക. കഷ്ടപ്പെടുന്നവരെ കാണുമ്പോൾ മടികൂടാതെ സഹായിക്കാൻ അവരെ പഠിപ്പിക്കുക. പ്രകൃതിയെ സ്നേഹിക്കാനും സൂക്ഷിക്കാനുമുള്ള മനോഭാവം ചെറുപ്പത്തിലേ കുട്ടികളിൽ വളർത്തിയെടുക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്.

പ്രിയപ്പെട്ട യുവാക്കളേ, ലോകത്തിന്റെ താൽക്കാലികമായ ആഡംബരങ്ങൾക്കും നൈമിഷികമായ സുഖസന്തോഷങ്ങൾക്കും പിന്നാലെ പോകാതെ, അർത്ഥവത്തായ ഒരു ജീവിതം കെട്ടിപ്പടുക്കാൻ വിശുദ്ധ ഫ്രാൻസിസിന്റെ ജീവിതം നിങ്ങൾക്ക് പ്രചോദനമേകട്ടെ. ഈശോയ്ക്കായി ജീവിതം മാറ്റിവെക്കാൻ ഭയം കൂടാതെ മുന്നോട്ട് വരിക. നിങ്ങളുടെ സർഗ്ഗവാസനകളും ഊർജ്ജവും പാവപ്പെട്ടവരുടെ സേവനത്തിനായും, സമൂഹത്തിൽ നന്മയും സമാധാനവും വിതയ്ക്കുന്നതിനായും വിനിയോഗിക്കുക.

ഈ ഫ്രാൻസിസ്കൻ വർഷാചരണം വെറുമൊരു ചടങ്ങായി അവസാനിക്കരുത്. നമ്മുടെ ഇടവകകളിലും കുടുംബങ്ങളിലും മാറ്റത്തിന്റെ ഒരു പുതിയ തരംഗം ഇതിലൂടെ ആരംഭിക്കണം. ഓരോ കുടുംബവും ലാളിത്യത്തിന്റെ മാതൃകയാകട്ടെ. നമ്മുടെ ഇടവകതിരുനാൾ ആഘോഷങ്ങൾ, കുടുംബപരമായ ചടങ്ങുകൾ തുടങ്ങിയവയിൽ ആഡംബര

ങ്ങൾ ഒഴിവാക്കി, ആ തുക നിർദ്ധനരെ സഹായിക്കാൻ മാറ്റിവെക്കാൻ സാധിച്ചാൽ, അതാണ് വിശുദ്ധ ഫ്രാൻസിസിന് നാം നൽകുന്ന ഏറ്റവും വലിയ ആദരം.

പരിശുദ്ധ അമ്മയുടെയും, അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെയും, സകല വിശുദ്ധരുടെയും മാധ്യസ്ഥം എല്ലായ്പ്പോഴും നമുക്ക് തുണയായിരിക്കട്ടെ. നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും മ്ശിഹായുടെ സമാധാനവും സന്തോഷവും സദാ വസിക്കട്ടെ.

**ആർച്ചുബിഷപ് വർഗീസ് ചക്കാലക്കൽ**
*(പ്രസിഡന്റ്, കെ.സി.ബി.സി.)*

**ബിഷപ് സാമുവേൽ മാർ ഐറേനിയോസ്**
*(വൈസ് പ്രസിഡന്റ്, കെ.സി.ബി.സി.)*

**ആർച്ചുബിഷപ് തോമസ് തറയിൽ**
*(സെക്രട്ടറി ജനറൽ, കെ.സി.ബി.സി.)*

കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
പി.ഒ.സി. കൊച്ചി–682025

---

**NB:** ***2026 ഒക്ടോബർ 4 ഞായറാഴ്ച*** അസീസിയിലെ വി. ഫ്രാൻസിസിന്റെ തിരുനാൾദിനത്തിൽ ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കരകത്തോലിക്ക സഭകളിലെ എല്ലാ പള്ളികളിലും പരിശുദ്ധ കുർബാനയർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.




# കച്ചേരിക്കാര്യം

## I
## മിഷൻ ഞായർ

ഈ വർഷത്തെ ആഗോള മിഷൻ ഞായർ **ഒക്ടോബർ 18**നാണ് ആചരിക്കുന്നത്. ഇതു മിഷൻ ഞായറിന്റെ ശതാബ്ദിവർഷമാണ്. 1926ൽ പയസ് പതിനൊന്നാമൻ മാർപാപ്പായാണ് ആഗോളസഭയിൽ ഈ പ്രേഷിതദിനാചരണം ആരംഭിച്ചത്. *'മ്ശിഹായിൽ ഒന്ന്, മിഷണറി ഐക്യത്തിൽ ഒരുമിച്ച്'* എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം.

മിഷൻ ഞായറാഴ്ചയിലെ സ്തോത്രക്കാഴ്ച *2026 ഒക്ടോബർ 31നു* മുമ്പായി അതിരൂപതാസാമ്പത്തികകാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

## II
## പള്ളിയുടെ ബാങ്ക് ഇടപാടുകൾ കൈകാര്യം ചെയ്യുന്നതിനും ചെക്കുകളിൽ ഒപ്പ് രേഖപ്പെടുത്തുന്നതിനുമുള്ള ചുമതല സംബന്ധിച്ച്

പള്ളിയുടെ ബാങ്ക് അക്കൗണ്ടുകളുമായി ബന്ധപ്പെട്ട ദൈനംദിന ഇടപാടുകൾ ബഹു. വികാരിയുടെ മേൽനോട്ടത്തിലും ഉത്തരവാദിത്വത്തിലും നിലവിലുള്ള സഭാനിയമങ്ങൾക്കും സിവിൽ നിയമങ്ങൾക്കും സാമ്പത്തികനടപടിക്രമങ്ങൾക്കും അനുസൃതമായി നടത്തേണ്ടതാണ്.

പള്ളിയുടെ ബാങ്ക് ഇടപാടുകൾ കൈകാര്യം ചെയ്യുന്നതിനും പള്ളിയുടെ ചെക്കുകളിൽ ബഹു. വികാരിയോടൊപ്പം ഒപ്പ് രേഖപ്പെടുത്തുന്നതിനുമായി, ബന്ധപ്പെട്ട സാമ്പത്തികവർഷത്തിലെ കൈക്കാരന്മാരുമായി ആലോചിച്ച് അവരിൽ ഒരാളെ ബഹു. വികാരി ഒരു വർഷത്തേക്കു ചുമതലപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ചുമതലപ്പെടുത്തപ്പെടുന്ന കൈക്കാരൻ ബഹു. വികാരിയുമായി സഹകരിച്ച് പള്ളിയുടെ ബാങ്ക് ഇടപാടുകൾ നിർവഹിക്കുകയും, ബന്ധപ്പെട്ട രേഖകളും സാമ്പത്തികയിടപാടുകളും ഇടവകരേഖാലയത്തിൽ കൃത്യമായും സുരക്ഷിതമായും സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

## സീറോമലബാർസഭ മിഷൻമാസ പ്രാർഥന
## (ഒക്ടോബർ 2026)

സ്നേഹപിതാവായ ദൈവമേ, ലോകം മുഴുവനുമുള്ള സീറോമലബാർസഭാമക്കൾ ഈ മിഷൻമാസത്തിൽ ഏകമനസ്സോടെ പ്രാർഥിക്കുന്നു. മാമോദീസാ സ്വീകരിച്ച ഞങ്ങൾ ഓരോരുത്തരും പ്രേഷിതരായി അയയ്ക്കപ്പെട്ടവരാണെന്നുള്ള ബോധ്യം ഞങ്ങൾക്കു നൽകണമേ. സുവിശേഷത്തിന്റെ വ്യാപനത്തിനായി പ്രാർഥിക്കാനും, മ്ശിഹായുടെ സാക്ഷികളാകാനും, ധൈര്യപൂർവം മറ്റുള്ളവരോടു സുവിശേഷം പങ്കുവെക്കാനും അവിടുന്നു ഞങ്ങളെ പ്രാപ്തരാക്കണമേ. അങ്ങു മാത്രമാണു യഥാർഥപിതാവായ ദൈവമെന്നും അങ്ങയുടെ പ്രിയപുത്രനായ ഈശോമ്ശിഹായെ അങ്ങ് അയച്ചുവെന്നും ഞങ്ങളുടെ പ്രഘോഷണംവഴി ഭൂവാസികൾ എല്ലാവരും അറിയാനിടയാകട്ടെ. ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി പ്രേഷിതരംഗങ്ങളിൽ സേവനം ചെയ്യുന്ന മിഷനറിമാരുടെ പ്രവർത്തനങ്ങളെ ആശീർവദിക്കണമേ. മിഷൻമേഖലകളിൽ തീക്ഷ്ണതയോടെ പ്രവർത്തിക്കാൻ ധാരാളം വൈദികരെയും സന്യസ്തരെയും അല്മായരെയും അവിടുന്നു വിളിക്കണമേ. അവിടുന്നു ഞങ്ങളെ ഏല്പിച്ച ദൗത്യത്തിനായി യത്നിച്ചു നിത്യകിരീടത്തിന് അർഹരാകാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. ആമേൻ.

**ഞങ്ങളുടെ അമ്മയായ പരിശുദ്ധ മറിയമേ,**
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

**ഞങ്ങളുടെ പിതാവായ മാർതോമാ ശ്ലീഹായേ,**
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

**പ്രേഷിതപ്രവർത്തനങ്ങളുടെ മധ്യസ്ഥയായ വി. കൊച്ചുത്രേസ്യായേ,**
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

**ഞങ്ങളുടെ സഭയിലെ വിശുദ്ധരേ, വാഴ്ത്തപ്പെട്ടവരേ,**
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

## കാറോസൂസാ

സീറോമലബാർസഭ ഒക്ടോബർ മാസം മിഷൻമാസമായി ആചരിക്കുമ്പോൾ / എല്ലാ മിഷൻ പ്രദേശങ്ങളെയും / പ്രേഷിതപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ വൈദികരെയും സമർപ്പിതരെയും / അല്മായ മിഷനറിമാരെയും സമർപ്പിച്ചു പ്രാർഥിക്കുന്നു. ലോകമെങ്ങും പോയി / സുവിശേഷം പ്രഘോഷിക്കാൻ മാമോദീസായാൽ അയയ്ക്കപ്പെട്ടവരായ ഞങ്ങൾ / ഞങ്ങളുടെ ജീവിതങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും / മ്ശിഹായ്ക്കു സാക്ഷ്യം വഹിക്കാൻ ആവശ്യമായ ശക്തിയും ധൈര്യവും പ്രാപിക്കാനും, സുവിശേഷത്തിന്റെ വെളിച്ചം ഞങ്ങളുടെ ജീവിതത്തിലൂടെ മറ്റുള്ളവരുടെ ഹൃദയങ്ങളിൽ പ്രവേശിക്കാനും ഇടയാക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു...





ചങ്ങനാശ്ശേരി സെന്റ് മേരീസ്
മെത്രാപ്പോലീത്തൻ പള്ളിയങ്കണത്തിലെ
മാർത്ത് മറിയം കബറിടപ്പള്ളിയിൽ

# ദൈവദാസൻ
# മാർ മാത്യു കാവുകാട്ടിന്റെ
# 57-ാമതു ശ്രാദ്ധപ്പെരുന്നാൾ

**ഒക്ടോബർ 1 മുതൽ 9 വരെ**

- ◆ **മെഴുകുതിരിപ്രദക്ഷിണം: ഒക്ടോബർ 8, വൈകുന്നേരം 6.30**
- ◆ **പൊതിച്ചോർ നേർച്ച: ഒക്ടോബർ 9, ഉച്ചയ്ക്ക് 12.30**



മാർ തോമസ് തറയിൽ



മാർ ജോർജ് ആലഞ്ചേരി



മാർ ജോസഫ് പെരുന്തോട്ടം



മാർ ജോർജ് കോച്ചേരി

## ഒക്ടോബർ 9 — ശ്രാദ്ധപ്പെരുന്നാൾദിനം

(ഉച്ചവരെയുള്ള പരിശുദ്ധ കുർബാനയർപ്പണങ്ങൾ വലിയപള്ളിയിൽ
അനുസ്മരണശുശ്രൂഷകൾ കബറിടപ്പള്ളിയിൽ)

05:30 am : പരിശുദ്ധ കുർബാന, ഒപ്പീസ്
: **ഫാ. ജോസഫ് വാണിയപ്പുരക്കൽ** (വികാരി, സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളി)
**ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി** (വികാരി, സെന്റ് സേവ്യേഴ്സ് ഫൊറോനാപ്പള്ളി തൃക്കൊടിത്താനം)
**ഫാ. ജേക്കബ് ചീരംവേലിൽ** (വികാരി, മാർത്ത് മറിയം ഫൊറോനാപ്പള്ളി തുരുത്തി)

07:00 am : പരിശുദ്ധ കുർബാന, ഒപ്പീസ്
: **മാർ ജോസഫ് പെരുന്തോട്ടം**
സഹകാർമികർ: **നവവൈദികർ**

08:30 am : പരിശുദ്ധ കുർബാന, ഒപ്പീസ്
: **ഫാ. ജയിംസ് പാലക്കൽ** (വികാരി, സെന്റ് മേരീസ് ഫൊറോനാപ്പള്ളി ചമ്പക്കുളം)
**ഫാ. ജയിംസ് കുന്നിൽ** (വികാരി, സെന്റ് മേരീസ് ഫൊറോനാപ്പള്ളി പുളിങ്കുന്ന്)
**ഫാ. മാത്യു പടിഞ്ഞാറേക്കുറ്റ്** (വികാരി, സെന്റ് മേരീസ് ഫൊറോനാപ്പള്ളി അതിരമ്പുഴ)

9:45 am : പരിശുദ്ധ കുർബാന, ഒപ്പീസ്
: **കാവുകാട്ട്പിതാവ് പുരോഹിതപട്ടം നൽകിയ, സെമിനാരിയിലേക്കു സ്വീകരിച്ച വൈദികർ**

11:00 am : പരിശുദ്ധ കുർബാന, ഒപ്പീസ്
: **കർദിനാൾ മാർ ജോർജ് ആലഞ്ചേരി** (മേജർ ആർച്ചുബിഷപ് എമെരിത്തൂസ്)
സഹകാർമികർ: **നവവൈദികർ**

3:15 pm : പരിശുദ്ധ കുർബാന, ഒപ്പീസ്
: **അതിരൂപതാ കൂരിയാംഗങ്ങൾ**

5:00 pm : പരിശുദ്ധ കുർബാന, ഒപ്പീസ്
: **മാർ ജോർജ് കോച്ചേരി** (അപ്പസ്തോലിക് നുൺഷ്യോ)
സഹകാർമികർ: **ചെത്തിപ്പുഴ ആശുപത്രിയിൽ സേവനം ചെയ്യുന്ന വൈദികർ**

# സന്ദേശനിലയം

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

ഒന്നാം ടേം പരീക്ഷയ്ക്കായി എല്ലാവരും നന്നായി തയ്യാറെടുത്തു എന്നു വിചാരിക്കുന്നു. വേദപാഠം കേവലം പരീക്ഷയ്ക്ക് വേണ്ടിയുള്ളതല്ല; ജീവിതത്തിനു വേണ്ടിയുള്ളതാണ്. ഈശോ ആഗ്രഹിക്കുന്നതുപോലെ നമ്മൾ ജീവിക്കാൻ നമുക്ക് പരിശീലനം കിട്ടേണ്ട ഇടമാണ് വിശ്വാസപരിശീലനക്ലാസുകൾ. എല്ലാ സൺഡേസ്കൂളിലും മിഷൻഞായറിനോടനുബന്ധിച്ച് മിഷൻലേലം അതിന്റെ യഥാർത്ഥ ചൈതന്യത്തിൽ നടത്തുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ആന്റണി കിഴക്കേതെലയ്ക്കൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

**ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ഒക്ടോബർ**

01 വ്യാഴം : വി. കൊച്ചുത്രേസ്യാ

02 വെള്ളി : കാവൽമാലാഖമാർ,
ഫൊറോന ധ്യാനം / സെമിനാർ ചെങ്ങന്നൂർ ഫൊറോന രാവിലെ (9.30-4)
ബിസിറ്റി ക്ലാസ്സ് - 1, എടത്വാ ഫൊറോന (എടത്വായിൽ)
റ്റീച്ചേഴ്സ് ഈവ്: സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ, പനയമ്പാല (*വൈകുന്നേരം 6-9)*

03 ശനി : വി. ഫ്രാൻസിസ് അസ്സീസ്സി, സി.എൽ.റ്റി. ക്ലാസ്സ് - 7
ബിസിറ്റി ക്ലാസ്സ് - 2, എടത്വാ ഫൊറോന (എടത്വായിൽ)

04 ഞായർ : സ്ലീവാ ഒന്നാം ഞായർ ക്ലാസ്സ് - 18
**സൺഡേസ്കൂൾ ഒന്നാം ടേം എഴുത്ത് പരീക്ഷ**

05 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: ലൂർദ്ദ് സൺഡേ സ്കൂൾ, കോട്ടയം (*വൈകുന്നേരം 6-9)*

06 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: സെന്റ് ആന്റണീസ് സൺഡേ സ്കൂൾ, മുണ്ടത്താനം (*വൈകുന്നേരം 6-9)*

07 ബുധൻ : റ്റീച്ചേഴ്സ് ഈവ്: അസംപഷൻ സൺഡേ സ്കൂൾ, ഇരവിനെല്ലൂർ (*വൈകുന്നേരം 6-9)*

08 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: സെന്റ് ആന്റണീസ് സൺഡേ സ്കൂൾ, പുതുപ്പള്ളി (*വൈകുന്നേരം 6-9)*

09 വെള്ളി : ദൈവദാസൻ മാർ മാത്യു കാവുകാട്ട് ചരമവാർഷികം

10 ശനി : സി.എൽ.റ്റി. ക്ലാസ്സ് – 8
ബി.സി.റ്റി. ക്ലാസ്സ് – 3 എടത്വാ ഫൊറോന (എടത്വായിൽ)
റ്റീച്ചേഴ്സ് ഈവ്: സെന്റ് സേവ്യേഴ്സ് സൺഡേ സ്കൂൾ, വില്ലൂന്നി *(വൈകുന്നേരം 6-9)*

11 ഞായർ : മൂശേ ഒന്നാം ഞായർ, **ഒന്നാം ടേം വാചികപരീക്ഷ**, ക്ലാസ്സ് – 19
സ്പെരാൻസ – പുളിംകുന്ന് ഫൊറോന
റ്റീച്ചേഴ്സ് ഈവ്: സെന്റ് ഗ്രിഗോരിയോസ് സൺഡേ സ്കൂൾ, മണ്ണാർകുന്ന് *(വൈകുന്നേരം 6-9)*

12 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: ഹോളി ക്രോസ് സൺഡേ സ്കൂൾ, കൂരോപ്പട *(വൈകുന്നേരം 6-9)*

13 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: ലിറ്റിൽ ഫ്ളവർ സൺഡേ സ്കൂൾ, കടുവാക്കുളം *(വൈകുന്നേരം 6-9)*

14 ബുധൻ : റ്റീച്ചേഴ്സ് ഈവ്: സെന്റ് തോമസ് സൺഡേ സ്കൂൾ, താഴത്തങ്ങാടി *(വൈകുന്നേരം 6-9)*

15 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: സെന്റ് തോമസ് സൺഡേ സ്കൂൾ, *(വൈകുന്നേരം 6-9)*

16 വെള്ളി : വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ

17 ശനി : മാർ ലൂക്കാ സുവിശേഷകൻ, സി.എൽ.റ്റി. ക്ലാസ്സ് – 9
ഫൊറോന ധ്യാനം / സെമിനാർ ചങ്ങനാശ്ശേരി ഫൊറോന *(രാവിലെ 9.30-4)*

18 ഞായർ : മൂശേ രണ്ടാം ഞായർ, ക്ലാസ്സ് – 20, മിഷൻ ഞായർ
സ്പെരാൻസ – അമ്പൂരി ഫൊറോന
റ്റീച്ചേഴ്സ് ഈവ്: സെന്റ് ആന്റണീസ് സൺഡേ സ്കൂൾ, തടിയൂർ; സെന്റ് ജോസഫ് സൺഡേ സ്കൂൾ, എഴുമറ്റൂർ *(രാവിലെ 9.30 മുതൽ)*
എസ്.എം.സി.സി. പ്രതിഭാ അവാർഡ് ഫൊറോനതല സെലക്ഷൻ പ്ലസ്ടു വിദ്യാർത്ഥികൾക്ക് ബാച്ച് – 1

19 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: ദേവമാതാ സൺഡേ സ്കൂൾ, പാമ്പാടി *(വൈകുന്നേരം 6-9)*

20 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോസഫ് സൺഡേ സ്കൂൾ, അരുവിക്കുഴി *(വൈകുന്നേരം 6-9)*
ഫൊറോന ധ്യാനം / സെമിനാർ എടത്വാ ഫൊറോന *(രാവിലെ 9.30-4)*

21 ബുധൻ : റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോൺസ് സൺഡേ സ്കൂൾ, കുമരകം വടക്കുംകര *(രാവിലെ 9.30 മുതൽ)*
റ്റീച്ചേഴ്സ് ഈവ്: സെന്റ് സെബാസ്റ്റ്യൻസ് സൺഡേ സ്കൂൾ, അയർക്കുന്നം *(വൈകുന്നേരം 5.30-8.30)*

22 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: ലിറ്റിൽ ഫ്ളവർ സൺഡേ സ്കൂൾ, പുന്നവേലി *(വൈകുന്നേരം 6-9)*

24 ശനി : സി.എൽ.റ്റി. ക്ലാസ്സ് - 10
ഫൊറോന ധ്യാനം / സെമിനാർ ചമ്പക്കുളം ഫൊറോന *(രാവിലെ 9.30-4)*

25 ഞായർ : മൂശേ മൂന്നാം ഞായർ, ക്ലാസ്സ് - 21
എസ്.എം.സി.സി. പ്രതിഭാ അവാർഡ് ഫൊറോനതല സെലക്ഷൻ പ്ലസ്ടു വിദ്യാർത്ഥികൾക്ക് ബാച്ച് - 2
റ്റീച്ചേഴ്സ് ഈവ്: ലൂർദ്ദ് മാതാ സൺഡേ സ്കൂൾ, അയിരൂർ *(വൈകുന്നേരം 6-9)*

28 ബുധൻ : ശിമയോൻ, യൂദാ തദേവൂസ് ശ്ലീഹന്മാർ

31 ശനി : സി.എൽ.റ്റി. ക്ലാസ്സ് - 11 ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ
ഫൊറോന ധ്യാനം / സെമിനാർ മണിമല ഫൊറോന (രാവിലെ 9.30-4)

**പള്ളിക്കൂദാശാക്കാലം**

**നവംബർ**

01 ഞായർ : പള്ളിക്കൂദാശ ഒന്നാം ഞായർ ക്ലാസ്സ് - 22, സഭാസമർപ്പണ തിരുനാൾ
സ്പെരാൻസ - ചമ്പക്കുളം ഫൊറോന

02 തിങ്കൾ : ടീച്ചേഴ്സ് ഈവ് - മാർതോമാ സ്ലീഹാ സെന്റർ സൺഡേ സ്കൂൾ, നിരണം *(വൈകുന്നേരം 6-9)*

07 ശനി : സി.എൽ.റ്റി. ക്ലാസ്സ് - 12
എസ്.എം.സി.സി. പ്രതിഭാ അവാർഡ് അതിരൂപതാതല സെലക്ഷൻ പ്ലസ്ടു വിദ്യാർത്ഥികൾക്ക് ക്യാമ്പ് ആരംഭിക്കുന്നു.
ഫൊറോന ധ്യാനം, സെമിനാർ മതാധ്യാപകർക്ക് കുറുമ്പനാടം ഫൊറോനയിൽ

## സൺഡേ സ്കൂൾ ഒന്നാം ടേം പരീക്ഷ

സൺഡേ സ്കൂൾ ഒന്നാം ടേം പരീക്ഷ ഒക്ടോബർ 4 ഞായറാഴ്ച നടത്തപ്പെടുന്നു. 1 മുതൽ 7 ക്ലാസ്സുകൾക്ക് രാവിലെയും 8 മുതൽ 12 വരെ ക്ലാസ്സുകൾക്ക് ഉച്ചകഴിഞ്ഞുമായിരിക്കും പരീക്ഷ നടത്തപ്പെടുന്നത്. സന്ദേശനിലയത്തിൽ സമർപ്പിച്ച കുട്ടികളുടെ സ്റ്റാറ്റിസ്റ്റിക്സിൽ നൽകിയിരിക്കുന്ന വിവരങ്ങൾക്കനുസരിച്ച് മാത്രമായിരിക്കും ചോദ്യപേപ്പറുകൾ ലഭ്യമാകുക. പരീക്ഷാ നടത്തിപ്പിന് സന്ദേശനിലയം നിർദ്ദേശിച്ചിരിക്കുന്ന സമയക്രമീകരണം എല്ലാ സൺഡേ സ്കൂളുകളിലും പാലിക്കപ്പെടണം. ചോദ്യപേപ്പറുകൾ യാതൊരുതരത്തിലും ചോർന്നുപോകാത്തവിധം സുരക്ഷിതമായിരിക്കുവാൻ ചുമതലപ്പെട്ടവർ ജാഗ്രത പുലർത്തണം.

## സീറോമലബാർസഭാ പ്രതിഭാ അവാർഡ് ഫൊറോനാതല സെലക്ഷൻ

സീറോമലബാർ കാറ്റകെറ്റിക്കൽ കമ്മീഷൻ (SMCC) ഏർപ്പെടുത്തിയിരിക്കുന്ന സഭാപ്രതിഭാ അവാർഡിനുള്ള ഫൊറോനതല സെലക്ഷൻ ഒക്ടോബർ 18, ഒക്ടോബർ 25 തീയതികളിൽ രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ സന്ദേശനിലയത്തിൽ വച്ച് നടത്തപ്പെടുന്നു. **പരിശുദ്ധ കുർബാന ഉണ്ടായിരിക്കും. രജി. ഫീസ് 130 രൂപ.** വിശ്വാസജീവിതത്തിലും പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലും മികവ് പുലർത്തുന്നവരും, 75% ഹാജറുള്ളവരും സൺഡേ സ്കൂളിൽ 12-ാം ക്ലാസ്സിൽ പഠിക്കുന്നതുമായ ഒരു ആൺകുട്ടിയേയും, ഒരു പെൺകുട്ടിയേയുമാണ് ഇത്തവണ ഓരോ ഇടവകയിൽ നിന്നും ഇതിനായി അയയ്ക്കേണ്ടത്. സീറോമലബാർസഭാ പ്രതിഭാ അവാർഡ് ഇടവകതല പ്രവേശനഫോമുകൾ സന്ദേശനിലയം വെബ്സൈറ്റിൽ ലഭ്യമാണ്. ഫോമുകൾ സന്ദേശനിലയത്തിൽ ഏല്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 10 ചൊവ്വാഴ്ചയായിരിക്കും. മതബോധനകലണ്ടർ പേജ് 58 കാണുക. *(www.sandesanilayam.org, forms, ഇടവകതല പ്രവേശനഫോമുകൾ)*

ഒക്ടോബർ 18 ഞായർ - എടത്വാ, പുളിംകുന്ന്, ചമ്പക്കുളം, ചെങ്ങന്നൂർ, തുരുത്തി, കുറുമ്പനാടം, നെടുംകുന്നം, മണിമല ഫൊറോനകൾക്ക്

ഒക്ടോബർ 25 ഞായർ - ആലപ്പുഴ, ചങ്ങനാശ്ശേരി, മുഹമ്മ, തൃക്കൊടിത്താനം, കോട്ടയം, കുടമാളൂർ, അതിരമ്പുഴ ഫൊറോനകൾക്ക്

➤ തിരുവനന്തപുരം, അമ്പൂരി, കൊല്ലം - ആയൂർ ഫൊറോനകൾക്കായുള്ള തീയതികൾ അതാത് ഫൊറോനകേന്ദ്രങ്ങൾ അറിയിക്കുന്നതാണ്.

## SMCC പ്രതിഭാ അവാർഡ് അതിരൂപതാതല സെലക്ഷൻ ക്യാമ്പ്

അതിരൂപതാതല സെലക്ഷൻ ക്യാംപ് സന്ദേശനിലയത്തിൽ നവംബർ 7 ശനിയാഴ്ച രാവിലെ 9.00 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് 8-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന് അവസാനിക്കുന്നതാണ്. **രജി. ഫീസ്. 800 രൂപ.** ഫൊറോനതലത്തിൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിഭകൾ കൃത്യസമയത്ത് എത്തിച്ചേരുവാൻ വേണ്ട ക്രമീകരണങ്ങൾ ബന്ധപ്പെട്ടവർ സ്വീകരിക്കേണ്ടതാണ്.

## സി.ആർ.റ്റി. സന്ദർശനം

കാറ്റകെറ്റിക്കൽ റിസോഴ്സ് ടീമിന്റെ സൺഡേസ്കൂൾ സന്ദർശനം ഇപ്പോൾ പുരോഗമിക്കുകയാണ്. ഓരോ വിസിറ്റും പൂർത്തിയാക്കിയശേഷം 2 ആഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സന്ദേശനിലയത്തിൽ നല്കണം. നവംബർ അവസാനത്തോടെ സന്ദർശനങ്ങൾ പൂർത്തീകരിച്ചതിന്റെ റിപ്പോർട്ടുകളെല്ലാം സന്ദേശനിലയത്തിൽ ഏല്പിക്കണം. അതിന് മുമ്പായി സന്ദർശനങ്ങൾ തീർക്കണം. ഓരോ സൺഡേ സ്കൂളും വിസിറ്റിനോട് പൂർണ്ണമായും സഹകരിക്കുക. വിസിറ്റിനായി നിർദ്ദേശിച്ചിട്ടുള്ള രണ്ടു തീയതികളിൽ ഒന്ന് തിരഞ്ഞെടുത്ത്

വിസിറ്റിനായി തയ്യാറാകുക. തീയതികൾ നീട്ടി വയ്ക്കുന്നത് ഒഴിവാക്കുക. സത്യസന്ധതയോടും ആത്മാർത്ഥതയോടും കൂടി ഇതിന് വേദിയൊരുക്കുവാൻ സൺഡേ സ്കൂളുകൾ ശ്രദ്ധിക്കണം.

### ബി.സി.റ്റി. കോഴ്സ്

ബി.സി.റ്റി. കോഴ്സ് ഒക്ടോബർ 2, 3, 10 എന്നീ തീയതികളിൽ എടത്വാ ഫൊറോനയിൽ നടത്തപ്പെടുന്നു. സമയം 9.30 മുതൽ 4 മണി വരെ

### സൺഡേസ്കൂൾ സ്ഥിതിവിവരകണക്കുകൾ

നിരവധി ഓർമ്മപ്പെടുത്തലുകൾ നടത്തിയിട്ടും അധ്യാപകരുടെയും കുട്ടികളുടെയും സ്ഥിതി വിവരകണക്കുകൾ ഇനിയും സന്ദേനിലയത്തിൽ ഏല്പിക്കാത്ത ഏതാനും സൺഡേസ്കൂളുകൾ കൂടി ഉണ്ട്. ഇനിയും നൽകുവാനുള്ള സൺഡേസ്കൂളുകൾ ഇക്കാര്യത്തിൽ പുലർത്തുന്നത് തികഞ്ഞ അനാസ്ഥയാണ്. എത്രയുംവേഗം നല്കുക.

### മതാധ്യാപക ധ്യാനം / സെമിനാർ

മതാധ്യാപക ധ്യാനം / സെമിനാർ സമാപന ഘട്ടത്തിലാണ്. സ്വന്തം ഫൊറോനയിൽ പങ്കെടുക്കാത്തവർക്ക് നടക്കാനിരിക്കുന്ന ഏതെങ്കിലും ഫൊറോനയിൽ മുൻകൂട്ടി അറിയിച്ച് സംബന്ധിക്കാം. പങ്കെടുക്കുന്ന വിവരം ഫൊറോന സെക്രട്ടറിയെ അറിയിച്ചിരിക്കണം.

| | | |
|---|---|---|
| ഒക്ടോബർ 2 വെള്ളി | - | ചെങ്ങന്നൂർ ഫൊറോന |
| ഒക്ടോബർ 17 ശനി | - | ചങ്ങനാശ്ശേരി ഫൊറോന |
| ഒക്ടോബർ 20 ചൊവ്വ | - | എടത്വാ ഫൊറോന |
| ഒക്ടോബർ 24 ശനി | - | ചമ്പക്കുളം ഫൊറോന |
| ഒക്ടോബർ 31 ശനി | - | മണിമല ഫൊറോന |
| നവംബർ 7 ശനി | - | കുറുമ്പനാടം ഫൊറോന |

### സ്പെരാൻസ ഏകദിന സെമിനാർ

ഹയർകോഴ്സ് കുട്ടികൾക്കുള്ള ഏകദിന സെമിനാർ പകുതിയിലധികം ഫൊറോനകളിൽ വിജയകരമായി പൂർത്തീകരിച്ചു. മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുവാൻവേണ്ടി ഞായറാഴ്ചകളിൽ സൺഡേ സ്കൂൾ സമയത്താണ് ഇവ നടത്തപ്പെടുക. കരിയർ സാധ്യതകൾ ചൂണ്ടിക്കാട്ടുക, ഭാവിയെക്കുറിച്ചുള്ള ഉത്ക്കണ്ഠകൾ ലഘൂകരിക്കുക, ദിശാബോധം നല്കുക, കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടുന്നതിൽ ജാഗ്രത പുലർത്തുക എന്നിവയിലൂന്നിയുള്ളതും പ്രഗത്ഭരായവർ നയിക്കുന്നതുമായ ക്ലാസ്സുകളാണ് ക്രമീകരിച്ചിട്ടുള്ളത്.

### ആദരാഞ്ജലികൾ

സന്ദേശനിലയം റീജന്റ് ബ്രദർ സെബിൻ തട്ടുതറയുടെ പിതാവിന്റെയും പുന്നപ്ര സൺഡേ സ്കൂൾ അധ്യാപകനും സി.ആർ.റ്റി. അംഗവുമായിരുന്ന ആന്റണി ദേവസ്യാ തലച്ചെല്ലൂറിന്റെയും നിര്യാണത്തിൽ സന്ദേശനിലയം മിഷൻലീഗ് കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

# ചെറുപുഷ്പ മിഷൻ ലീഗ്
# (CML)

സ്നേഹം നിറഞ്ഞ കുഞ്ഞുമിഷനറിമാരെ,

ഒക്ടോബർ മാസം മിഷൻലീഗ് സംഘടനയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന മാസമാണ്. നമ്മുടെ സ്വർഗ്ഗീയ മധ്യസ്ഥയായ വി കൊച്ചുത്രേസ്യായുടെ തിരുനാളിലാണ് ഈ മാസം ആരംഭിക്കുന്നത്. മിഷൻലീഗ് ആരംഭിച്ചിട്ട് 80 വർഷങ്ങൾ തികയുന്നത് ഈ മാസം മൂന്നാം തിയതിയാണ്. ഒക്ടോബർ 27 സംഘടനയുടെ സ്ഥാപകപിതാവായ അഭി. കാളാശ്ശേരി പിതാവിന്റെ ചരമദിനവുമാണ്. എക്ലേസിയാ ക്വിസ് മത്സരത്തിലും മിഷൻ എലൈവിലും മിഷൻ ലേലത്തിലുമെല്ലാം എല്ലാ യൂണിറ്റുകളുടെയും സജീവ പങ്കാളിത്തം പ്രതീക്ഷിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ആന്റണി കിഴക്കേതലയ്ക്കൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

**ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

*ദൈവവചനം : നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോ. 16 : 15)*

*നിയോഗം : എല്ലാ വൈദികർക്കും സമർപ്പിതർക്കുംവേണ്ടി പ്രാർത്ഥിക്കുക.*

*സുകൃതജപം : എന്റെ ഈശോയെ, അങ്ങയുടെ വഴികളിലൂടെ എന്നെ നടത്തണമേ.*

**ഒക്ടോബർ**

01 വ്യാഴം : വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ, ഞായറാഴ്ച അംഗത്വ നവീകരണം നടത്തുക,

02 വെള്ളി : കാവൽമാലാഖമാർ

03 ശനി : 80-ാം സ്ഥാപക ദിനം, വി. ഫ്രാൻസിസ് അസീസ്സിയുടെ തിരുനാൾ (4 ഞായർ)

04 ഞായർ : ദൈവവിളി ദിനം, ദൈവവിളിക്കായി ജപമാല ചൊല്ലി പ്രാർത്ഥിക്കുക, ബേത്‌ലഹേം മീറ്റ്, പഠനഗ്രന്ഥ ചർച്ച

09 വെള്ളി : ദൈവദാസൻ മാർ മാത്യു കാവുകാട്ട് 57-ാം ചരമദിനം

10 ശനി : മിഷൻ എലൈവ്, എക്ലേസിയ ക്വിസ് അതിരൂപതാതല മത്സരം

16 വെള്ളി : വാഴ്ത്തപ്പെട്ട തേവർ പറമ്പിൽ കുഞ്ഞച്ചൻ

17 ശനി : മിഷൻ ഞായറിനു മുന്നോടിയായുള്ള ഭവന സന്ദർശനം, കുമ്പസാരക്രമീകരണം

18 ഞായർ : മിഷൻ ഞായർ, പ്രത്യേക സമ്മേളനം ശാഖകളിൽ, മിഷൻലേലം

22 വ്യാഴം : വി. ജോൺ പോൾ രണ്ടാമൻ

25 ഞായർ : അൾത്താര ബാലന്മാരുടെ മീറ്റിംഗ് (ശാഖകളിൽ)

27 ചൊവ്വ : ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക പിതാവ് **അഭിവന്ദ്യ മാർ ജയിംസ് കാളാശ്ശേരി പിതാവിന്റെ 77-ാം ചരമദിനം**, അതിരൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കുക.

31 ശനി : മാർ ജയിംസ് കാളാശ്ശേരി പിതാവിന്റെ അനുസ്മരണം ശാഖകളിൽ, ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ

**നവംബർ**

7 ശനി : കുമ്പസാരക്രമീകരണം

14 ശനി : ബേത്‌ലഹേം മീറ്റ്, പഠനഗ്രന്ഥചർച്ച

## ഒക്ടോബർ 1 – വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ

സൗകര്യമുള്ള ഒരു ദിവസം പുണ്യവതിയുടെ തിരുനാൾ ശാഖകളിൽ സമുചിതമായി ആചരിക്കുക. അതിനോടനുബന്ധിച്ച് അംഗത്വനവീകരണം നടത്തുക. കൊച്ചുത്രേസ്യാ നാമധാരികൾക്ക് ആശംസകൾ അർപ്പിക്കുക.

## സ്ഥാപക ദിനാചരണം

ഒക്ടോബർ 3 ശനി - 80-ാം സ്ഥാപകദിനം, പതാക ഉയർത്തി ഈ ദിനം ഉചിതമായി നടത്തുക.

## മിഷൻ വാരാചരണം

മാർഗ്ഗരേഖ പേജ് 30, 38, 50 കാണുക. പ്രവർത്തന നിരതരാകുക.

## എക്ലേസിയക്വിസ്, മിഷൻ എലൈവ് മത്സരങ്ങൾ

2026 ഒക്ടോബർ 10 ശനിയാഴ്ച നടത്തപ്പെടുന്ന എക്ലേസിയ ക്വിസിനായി മേഖലാതലത്തിൽ മത്സരം നടത്തി ഒന്നാംസ്ഥാനം നേടുന്ന ടീമിന്റെ പേരുവിവരങ്ങൾ സെപ്റ്റംബർ 28നു മുമ്പ് അതിരൂപതാ ഓഫീസിൽ നൽകേണ്ടതാണ്. (വിശദവിവരങ്ങൾ മാർഗരേഖ പേജ് 32, 33)

മിഷൻ എലൈവ് മത്സരത്തിനായി മിഷൻ ലീഗിന്റെ പഠനഗ്രന്ഥത്തെ അടിസ്ഥാനമാക്കി ചർച്ചാ ക്ലാസ് നടത്തി ഏഴുപേരടങ്ങുന്ന ഒരു ടീമിനെ തയ്യാറാക്കി അതിരൂപതാതല മത്സരത്തിനായി അയയ്ക്കേണ്ടതാണ്. വിഷയം : *'വിശ്വാസത്തിൽ നിന്ന് സേവനത്തിലേക്ക്: സമൂഹനന്മയിൽ ചങ്ങനാശ്ശേരി അതിരൂപതയുടെ പങ്ക്'* എന്നതാണ്. വിശദവിവരങ്ങൾ മാർഗരേഖ 34, 35 പേജുകളിൽ നൽകിയിട്ടുണ്ട്. പങ്കെടുക്കുന്നവരുടെ ലിസ്റ്റ് സെപ്റ്റംബർ 28നു മുമ്പ് നൽകേണ്ടതാണ്. രണ്ടു മത്സരങ്ങളും ഒരേ സമയത്തായതിനാൽ ഒരേ കുട്ടികളെ രണ്ടു മത്സരത്തിലും ഉൾപ്പെടുത്തരുതെന്ന് അറിയിക്കുന്നു. ഓരോ ഗ്രൂപ്പിനും രജി. ഫീസ് 150 രൂപയാണ്.

### മിഷൻ ഞായർ

ഒക്ടോബർ 18 – ആഗോള മിഷൻ ഞായർ ശാഖകളിൽ പ്രത്യേക സമ്മേളനം നടത്തുക. മിഷൻ ഞായറിനോടനുബന്ധിച്ച് ഭവനസന്ദർശനം നടത്തി സംഭാവനകളും ലേലത്തിനായുള്ള ഉല്പന്നങ്ങളും ശേഖരിച്ച് ലേലം വിളിക്കുകയും അങ്ങനെ ലഭിക്കുന്ന തുക ഓരോ ശാഖയും അതിരൂപതയിൽനിന്ന് നിശ്ചയിക്കപ്പെട്ടിട്ടുള്ള മിഷനെ സഹായിക്കുവാനായി അതിരൂപതാ മിഷൻലീഗ് ഓഫീസിൽ ഏല്പിക്കുകയും ചെയ്യേണ്ടതാണ്.

### മാർ ജയിംസ് കാളാശ്ശേരി അനുസ്മരണം

മിഷൻലീഗ് സ്ഥാപക പിതാവിന്റെ 77–ാം ചരമദിനം ഒക്ടോബർ 25 ഞായറാഴ്ചയോ, ഒക്ടോബർ 31 ശനിയാഴ്ചയോ ശാഖകളിൽ പ്രത്യേക സമ്മേളനത്തോടെ നടത്താൻ ശ്രദ്ധിക്കണം.

### ദൈവവിളിക്കായി എന്റെ സംഭാവന

മിഷൻലീഗിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നായ ദൈവവിളിയുടെ പ്രോത്സാഹനാർത്ഥം ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നതോടൊപ്പം ദൈവവിളി ദിനമായ ഒക്ടോബർ 4 ഞായറാഴ്ച മതബോധന ക്ലാസ്സുകളിലെ എല്ലാ കുട്ടികളിൽ നിന്നും 2 രൂപ വീതം ശേഖരിച്ച് ഒക്ടോബർ 30ന് മുൻപായി അതിരൂപതാ മിഷൻലീഗ് ഓഫീസിൽ ഏല്പിക്കുവാൻ ശ്രദ്ധിക്കുക. കൂടാതെ ഈ വർഷത്തെ അതിരൂപതാ വിഹിതവും (Rs. 150) അടയ്ക്കുവാൻ ശ്രദ്ധിക്കണമേ.

## 34–ാമതു ചങ്ങനാശ്ശേരി പുസ്തകമേള

**(2026 ഒക്ടോബർ 1 മുതൽ 15 വരെ)**

**സ്ഥലം: സെന്റ് ജോസഫ് ഓർഫനേജ് ബുക്ക്സ്റ്റാൾ ചങ്ങനാശ്ശേരി**

**ഏവർക്കും സ്വാഗതം**

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

നമ്മുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി നൂറുമേനി സീസൺ IV വളരെ ഭംഗിയായി ക്രമീകരിക്കാൻ കഴിഞ്ഞതിൽ ദൈവത്തിന് നന്ദി പറയുന്നു. അടുത്തവർഷം കൂടുതൽ പങ്കാളിത്തം നൂറുമേനിക്ക് ഉണ്ടാകുവാനായി നമുക്ക് ഒത്തൊരുമിച്ച് പരിശ്രമിക്കാം.

നമ്മുടെ സൺഡേ സ്കൂൾ കുട്ടികളിൽ 798 പേർ സങ്കീർത്തനം120 മുതൽ 134 വരെ മനപ്പാഠമാക്കി എന്നത് ഏറെ സന്തോഷകരമാണ്.

നൂറുമേനി മത്സരം ഇത്രയേറെ വിജയപ്രദമാകാനുള്ള കാരണം നമ്മുടെ ഇടവകകളിലെ ബഹു. അച്ചന്മാരുടെയും സിസ്റ്റേഴ്സിന്റെയും സൺഡേ സ്കൂൾ അധ്യാപകരുടെയും കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെയും ആനിമേറ്റേഴ്സിന്റെയും അതിരൂപതാ സെൻട്രൽ കമ്മറ്റി അംഗങ്ങളുടെയും സഹകരണം കൊണ്ട് മാത്രമാണ്. എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

കുടുംബക്കൂട്ടായ്മ ഫൊറോനാതല ഇലക്ഷൻ നടന്നു വരികയാണ്. ഇതിനോടകം കോട്ടയം, പുളിങ്കുന്ന്, അതിരമ്പുഴ, അമ്പൂരി, കൊല്ലം, തിരുവനന്തപുരം, മുഹമ്മ ഫൊറോനകളിൽ തെരഞ്ഞെടുപ്പ് നടന്നു കഴിഞ്ഞു. ഇനിയും തിരഞ്ഞെടുപ്പ് നടത്താനുള്ള ഫൊറോനകൾ ഒക്ടോബർ 30നകം പൂർത്തിയാക്കണമെന്ന് സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു.

ലോഗോസ് ക്വിസ് മത്സരം ഭംഗിയായി ക്രമീകരിക്കുവാനായി നേതൃത്വം വഹിച്ച എല്ലാവരെയും ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു. ഉത്തര പേപ്പറുകൾ ഇനിയും ഏതെങ്കിലും ഇടവകയിൽനിന്നും നൽകുവാൻ ഉണ്ടെങ്കിൽ ഉടൻതന്നെ എത്തിക്കേണ്ടതാണ്. ലോഗോസ് രജിസ്ട്രേഷൻ ഫീസിനത്തിൽ ഇനിയും രൂപ നൽകാനുള്ളവർ നൽകി സഹായിക്കണമേ. ഓഫീസിൽ നിന്നും രജിസ്ട്രേഷൻ ഫീസ് KCBC യിൽ അടച്ചതിനാലാണ് ചോദ്യപ്പേപ്പർ നമുക്കു ലഭിച്ചത്. സഹകരിക്കണമേ. തുടർന്നും എല്ലാ സഹായസഹകരണങ്ങളും പ്രതീക്ഷിച്ചുകൊണ്ട്

സ്നേഹത്തോടെ,

**ഫാ. കുര്യൻ മൂലയിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

### നൂറുമേനി സീസൺ ഫോർ സമാപനം

നൂറുമേനി വചനപഠനം അനേകായിരങ്ങൾക്ക് രക്ഷാകരമായ കൃപ ലഭിക്കുന്നതിനിടയാകുമെന്ന് അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ.

നൂറുമേനി സമാപനസമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. നൂറുമേനി വചനപഠനം അതിന്റെ പ്രായോഗിക തലത്തിലേക്കു പ്രവേശിക്കുന്ന പദ്ധതിയായ നല്ല ശമരിയൻ പദ്ധതിക്ക് അഭി. പിതാവ് തുടക്കം കുറിച്ചു. അതിരൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തക്കാട്ട് അധ്യക്ഷതവഹിച്ച സമ്മേളനത്തിൽ കെ.സി.ബി.സി. മതബോധന കമ്മീഷൻ സെക്രട്ടറി ഡോ. ജോജു കൊക്കാട്ട് മുഖ്യപ്രഭാഷണം നടത്തി. കൂടുതൽ ആളുകൾ ഈ വചന പഠനപദ്ധതിയിലേക്ക് കടന്നുവരണമെന്ന് ചെയർമാൻ സണ്ണി തോമസ് ഇടിമണ്ണിക്കൽ തന്റെ ആമുഖപ്രസംഗത്തിൽ ആഹ്വാനം ചെയ്തു. നല്ല ശമരിയാൻ പദ്ധതി ഉദ്ഘാടനം ചെയ്യപ്പെട്ട വേദിയിൽ ജീവിതത്തിൽ നല്ല ശമറായനായി ജീവിക്കുന്ന പി. യു. തോമസ് ആശംസകളറിയിച്ചു. പതിനേഴാമത്തെ വയസ്സിൽ ആരംഭിച്ച തന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾ ഇന്നും അനസ്യൂതം തുടരുവാൻ സാധിക്കുന്നത് ദൈവകൃപ ഒന്നുകൊണ്ടു മാത്രമാണെന്ന് അദ്ദേഹം പറഞ്ഞു. കേരള സ്റ്റേറ്റ് ചൈൽഡ് റൈറ്റ്സ് കമ്മീഷൻ ആക്ടിങ് ചെയർപേഴ്സൺ സിസിലി ജോസഫ്, മാക് ടിവി ഡയറക്ടർ ഡോ. ജോർജ് ഇലഞ്ഞിക്കൽ, ഹോളി ക്വീൻസ് വികർ പ്രൊവിൻഷ്യൽ സി. ജയ്സിലി സി.എം.സി,, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ജോച്ചൻ കൊഴുപ്പക്കളം എന്നിവരും ആശംസകൾ അർപ്പിച്ചു.

നൂറുമേനി ഗ്രാൻഡ്ഫിനാലെ വിജയികളെ നൂറുമേനി കോർ കമ്മിറ്റി അംഗവും ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗം പ്രസിഡന്റും നൂറുമേനി ക്വിസ് മാസ്റ്ററുമായ ഡോ. റൂബിൾ രാജ് പ്രഖ്യാപിച്ചു. നൂറുമേനി സീസൺ ഫൈവ് പുസ്തക പ്രകാശനം ഡോ. പി. സി. അനിയൻകുഞ്ഞ്, പ്രൊഫ. ജോസഫ് ടിറ്റോ, ഡോ. ജോബിൻ എസ്. കൊട്ടാരം, സി. സി. സ്കറിയ വടക്കേൽ എന്നിവർക്ക് നൽകിക്കൊണ്ട് അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ നിർവഹിച്ചു.

സമാപന സമ്മേളനത്തിന്റെ പ്രോഗ്രാം കോഡിനേറ്ററായി ഷിജി ജോൺസൺ, ബിനു വെളിയനാട് എന്നിവരും ഗ്രാൻഡ്ഫിനാലെയുടെ അവതാരികയായി അമല തൂമ്പുങ്കലും നൽകിയ സേവനത്തെ നന്ദിയോടെ ഓർക്കുന്നു.

സീസൺ IV സമാപന സമ്മേളനത്തിൽ വിവിധ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ കൺവീനേഴ്സ് ജോസഫ് റ്റിറ്റോ, ജോബിൻ എസ്. കൊട്ടാരം, മറിയം ജോർജ് പൊട്ടംകളം, ലാലി ഇളപ്പുങ്കൽ, ജോസുകുട്ടി കുട്ടംപേരൂർ, ആന്റണി മലയിൽ, സൈബി അക്കര, ഡോ. സോണി കണ്ടങ്കരിൽ, അഡ്വ. ഡെന്നിസ് ജോസഫ്, സിബിച്ചൻ മുക്കാടൻ, സാബു തെക്കേക്കര, സി. ചെറുപുഷ്പം എസ്.എ.ബിഎസ്, സി. സി. സ്കറിയ വടക്കേൽ, ജോസി കടന്തോട്, ജോയിച്ചൻ ഇളപ്പുങ്കൽ, ആന്റണി അമിക്കുളം, ജീക്കു ജോസഫ് ഇണ്ടിപ്പറമ്പിൽ, റ്റോമിച്ചൻ കൈതക്കളം എന്നിവരെ നന്ദിയോടെ ഓർക്കുന്നു.

നൂറുമേനി സീസൺ ഫോറിന്റെ വിജയത്തിനായി 102 വോളന്റിയേഴ്സ് തങ്ങളുടെ സേവനം വിവിധ മേഖലകളിൽ നൽകി. കൂടാതെ ഇതിനായി ആവശ്യ

മായ സാങ്കേതിക സഹായങ്ങൾ നൽകിയവർ ഏറെയാണ്. ഏവർക്കും നന്ദി. എസ്.ബി. കോളേജ് പ്രിൻസിപ്പാൾ ഡോ. റ്റെഡി അച്ചനേയും അച്ചനോടൊപ്പം പ്രവർത്തിക്കുന്ന എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു.

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് മത്സരം വളരെ കാര്യക്ഷമമായി നടത്താൻ സഹകരിച്ച എല്ലാ ബഹു. അച്ചന്മാരെയും അവരോടൊപ്പം ആത്മാർത്ഥമായി സഹകരിച്ച എല്ലാവർക്കും നന്ദി.

ഉത്തര പേപ്പറുകൾ ഏതെങ്കിലും ഇടവകയിൽനിന്നും ഇനിയും നൽകാൻ ഉണ്ടെങ്കിൽ ഒക്ടോബർ 5നകം അതിരൂപതാ ഓഫീസിൽ നൽകേണ്ടതാണ്.

**നൂറുമേനി സീസൺ ഫോർ വിന്നേഴ്സ്**

**ഒന്നാം സമ്മാനം: നെടുങ്കുന്നം റീജൻ** – ജിസാ ജോർജ് കൂരിക്കാട്ട്, ത്രേസ്യാമ്മ ജോർജ്, ജിനോ ജോർജ് - സെന്റ് ജോസഫ് ചർച്ച് ചമ്പക്കര.

**രണ്ടാം സമ്മാനം: തിരുവനന്തപുരം റീജൻ** – എൻ. എഫ്. ഫ്രാൻസിസ് നഞ്ഞിലത്ത്, ലിസി സെബാസ്റ്റ്യൻ, സ്നേഹ ജം മാത്യു - സെന്റ് അൽഫോൻസാ ചർച്ച് പൊങ്ങുമ്മൂട്.

**മൂന്നാം സമ്മാനം: കോട്ടയം റീജൻ** – വർഗീസ് കുരുവിള കുന്നുംപുറത്ത്, പ്രീണി തോമസ് - സെന്റ് മേരീസ് ആർക്കി എപ്പിസ്കോപ്പൽ ചർച്ച് കുടമാളൂർ.

**നാലാം സമ്മാനം: കുട്ടനാട് റീജൻ** – ലിസമ്മ ജോസഫ് നൂറ്റെട്ടിൽ, ജെസ്ലിൻ മേരി ജോസഫ്, ജെറിൻ കെ. ജോസഫ് - സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് നർബോനപുരം.

**അഞ്ചാം സമ്മാനം: ചങ്ങനാശ്ശേരി റീജൻ** – കാർമൽ ജോസ് മാറാട്ടുകളം, സെറാ ആൻ ജൂവൽ സെറീൻ ജൂലിയ ജൂവൽ - സെന്റ് മേരീസ് ചർച്ച് പാറേൽ.

## നിത്യതയിലേക്ക്



**സി. ലൂയിസ് മേരി പരുത്തിക്കൽ** CMC



**സി. മഡോണ സിഎംസി പോളയ്ക്കൽ** CMC

"ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു." *(2 തിമോ. 4:7)*

# ഫാമിലി അപ്പോസ്തലേറ്റ്

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായുടെ ആഹ്വാനപ്രകാരം ചങ്ങനാശേരി അതിരൂപത ഫാമിലി അപ്പോസ്തലേറ്റ് യുവദമ്പതികൾക്കായി നസ്രാണി കുടുംബസാഹോദര്യം (Nasrani Family Fraternity) എന്ന പേരിൽ ഒരു കൂട്ടായ്മ ആരംഭിച്ചിട്ടുണ്ട്. സഭയോട് ചേർന്നുനിൽക്കുന്ന, കൗദാശികജീവിതം നയിക്കുന്ന, ഇടവകയിൽ വിശ്വാസസാക്ഷ്യം നൽകുന്ന, കൂടുതൽ മക്കളെ ആഗ്രഹിക്കുന്ന സമർപ്പിത-മിഷണറി കുടുംബങ്ങളുടെ കൂട്ടായ്മയാണ് നസ്രാണി കുടുംബസാഹോദര്യം. മാതാപിതാക്കൾക്കും മക്കൾക്കും ഒരുമിച്ചുവരാനും, വിശ്വാസത്തിലും സഭാപഠനങ്ങളിലും ബോധ്യങ്ങളിലും ആഴപ്പെടാനും, പങ്കുവെയ്ക്കാനും പരസ്പരം താങ്ങും തണലുമാകാനും ഈ കൂട്ടായ്മ വേദിയൊരുക്കും. ഒരു ചെറിയ കൂട്ടായ്മയായി ആരംഭിച്ചിരിക്കുന്ന ഈ അൽമായ മുന്നേറ്റം നമ്മുടെ അതിരൂപതയിലെ എല്ലാ കുടുംബങ്ങളിലും എത്തിക്കാൻ മാതൃവേദി പിതൃവേദി അംഗങ്ങൾ പ്രതിജ്ഞാബദ്ധരാകണം. 45 വയസിൽ താഴെയുള്ള ദമ്പതികൾ ഈ കൂട്ടായ്മയിൽ അംഗങ്ങളാകാൻ പ്രോത്സാഹിപ്പിക്കണം.

ഒക്ടോബർ നാലാംതീയതി വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ നാം ആഘോഷിക്കുകയാണല്ലോ. വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ 800-ാമത് ചരമവാർഷികത്തോടനുബന്ധിച്ച് 2026 ജനുവരി 10 മുതൽ 2027 ജനുവരി 10 വരെയുള്ള കാലഘട്ടം കത്തോലിക്കാസഭ ഫ്രാൻസിസ്കൻ വർഷമായി ആചരിക്കുന്നു. വി. ഫ്രാൻസിസിന്റെ മാതൃക പിന്തുടർന്ന് സമാധാനത്തിന്റെയും വിശുദ്ധിയുടെയും പാതയിൽ സഞ്ചരിക്കാൻ നമുക്കു പരിശ്രമിക്കാം. പാവപ്പെട്ടവന്റെയും പ്രകൃതിയുടെയും സ്നേഹിതനായ വിശുദ്ധ ഫ്രാൻസിസിനെ അടുത്തറിയാനും അദ്ദേഹത്തിന്റെ ഗുണങ്ങൾ ജീവിതത്തിൽ പകർത്താനും ഈ വർഷം നമ്മുടെ കുടുംബങ്ങൾക്ക് മികച്ച ഒരു അവസരമാണ് നൽകുന്നത്.

നമ്മുടെ മരണം, കർത്താവീശോ മിശിഹായുടെ ദ്വിതീയാഗമനം, അന്ത്യവിധി തുടങ്ങിയവ ധ്യാനിക്കുന്ന ഏലിയാ സ്ലീവാ മൂശെക്കാലങ്ങളിലാണല്ലോ നാം. നിതാന്ത ജാഗ്രതയോടെ വ്യാപരിക്കാനും ഏകാഗ്രത, വിശ്വസ്തത, വിവേകം, സമചിത്തത, ഉത്തമശുശ്രൂഷ, നിരന്തര പ്രാർത്ഥന എന്നിവയിലൂടെ വിവേകമതികളായ കന്യകമാരെപ്പോലെ നിത്യജീവൻ അവകാശപ്പെടുത്താനും ഈ കാലഘട്ടത്തിൽ തിരുസഭ നമ്മെ ക്ഷണിക്കുന്നു.

**ഫാ. ജോൺ തറക്കുന്നേൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പാറയ്ക്കൽ**
*(ഡയറക്ടർ)*

## റിപ്പോർട്ട്

### ജീവകാരുണ്യദിനവും അധ്യാപകദിനവും

മാതൃവേദിയുടെയും പിതൃവേദിയുടെയും ആഭിമുഖ്യത്തിൽ മദർ തെരേസയുടെ തിരുനാളും ജീവകാരുണ്യ ദിനവും അധ്യാപകദിനവും സംയുക്തമായി സെപ്റ്റംബർ 5നു യൂണിറ്റുതലത്തിൽ ആചരിച്ചു. മദർ തെരേസയുടെ മാതൃക

യനുകരിച്ച് ഇടവകകളിൽ ദുരിതമനുഭവിക്കുന്നവരെ കണ്ടെത്താനും സഹായമെത്തിക്കാനും യൂണിറ്റംഗങ്ങൾ പരിശ്രമിച്ചു. അതോടൊപ്പം ഇടവക തലത്തിൽ അധ്യാപകരെയും ജീവകാരുണ്യ പ്രവർത്തകരെയും ആദരിച്ചു.

### ഫൊറോന ഡയറക്ടറുമാരുടെ സമ്മേളനം

സെപ്റ്റംബർ 15നു ഫൊറോനാ ഡയറക്ടറുമാരുടെ സമ്മേളനം അതിരൂപതാകേന്ദ്രത്തിൽ സംഘടിപ്പിച്ചു. 14 ഫൊറോനകളുടെ ഡയറക്ടറച്ചന്മാർ മീറ്റിങ്ങിൽ പങ്കെടുത്തു.

### ജനനി 2026

മാതൃവേദി ജന്മദിനത്തിന്റെ അതിരൂപതാതല ആഘോഷങ്ങൾ 'ജനനി 2026' എന്ന പേരിൽ സെപ്റ്റംബർ 20നു തെള്ളകം-പുഷ്പഗിരി സെന്റ് ജോസഫ്സ് പള്ളിയിൽ സംഘടിപ്പിച്ചു. മേജർ അർച്ചുബിഷപ് എമരിത്തൂസ് അഭി. കർദിനാൾ മാർ ജോർജ് ആലഞ്ചേരി സമ്മേളനം ഉദ്ഘാടനം ചെയ്തു. മാതൃവേദി അതിരൂപത പ്രസിഡന്റ് പ്രൊഫ. ഡോ. റോസമ്മ സോണി അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക് കോളേജ് മുൻ പ്രിൻസിപ്പൽ പ്രൊഫ. ഡോ. ആൻസി ജോസഫ് മുഖ്യപ്രഭാഷണം നടത്തി. അതിരൂപത ഡയറക്ടർ ഫാ. ജോസഫ് പാറയ്ക്കൽ, അസി. ഡയറക്ടർ ഫാ. ജോൺ തറക്കുന്നേൽ, അതിരമ്പുഴ ഫൊറോനാ ഡയറക്ടർ ഫാ. അബ്രാഹം കരിപ്പിങ്ങാംപുറം, പുഷ്പഗിരി സെന്റ് ജോസഫ്സ് പള്ളി വികാരി ഫാ. ജോസഫ് ആലുങ്കൽ, മാതൃവേദി അതിരമ്പുഴ ഫൊറോനാ പ്രസിഡന്റ് ഷീന സിബി വേങ്ങത്തടത്തിൽ, പിതൃവേദി അതിരൂപത പ്രസിഡന്റ് റോയി കപ്പാങ്കൽ, മാതൃവേദി ഖജാൻജി സാലി ജോജി വെട്ടുപറമ്പിൽ, മാതൃവേദി ജോയിന്റ് സെക്രട്ടറി അനു ഷിജോ കാടുവെട്ടിയിൽ എന്നിവർ പ്രസംഗിച്ചു.

### നസ്രാണി ഫാമിലി ഫ്രട്ടേണിറ്റി അതിരൂപതാതല കൺവെൻഷൻ

നസ്രാണി ഫാമിലി ഫ്രട്ടേണിറ്റിയുടെ അതിരൂപതാതലസമ്മേളനം സെപ്റ്റംബർ 21നു കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിൽ സംഘടിപ്പിച്ചു. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ മുഖ്യസന്ദേശം നൽകിയ കൺവെൻഷൻ ഇരിങ്ങാലക്കുട അതിരൂപതയിലെ കാത്തലിക്ക് കപ്പിൾസ് മൂവ്മെന്റ് പ്രസിഡന്റുമാരായ ഡോ. റെജുവും ഡോ. സോണിയയും നയിച്ചു. നൂറിലധികം ദമ്പതികളും ഇരുന്നൂറ്റിയമ്പതിലധികം കുട്ടികളും കൺവെൻഷനിൽ പങ്കെടുത്തു.

### ഫൊറോനാ വിസിറ്റുകൾ

അതിരൂപതാ ആനിമേഷൻ ടീമിന്റെ സന്ദർശനവും വിലയിരുത്തലും അതിരമ്പുഴ, കുറുമ്പനാടം, തൃക്കൊടിത്താനം, കോട്ടയം, ചമ്പക്കുളം ഫൊറോനകളിൽ സെപ്റ്റംബർ മാസത്തിൽ സംഘടിപ്പിച്ചു.

## ഓർമ്മിക്കാൻ

### മാതൃവേദി–പിതൃവേദി തെരഞ്ഞെടുപ്പ്

മാതൃവേദിയുടെയും പിതൃവേദിയുടെയും ഇപ്പോഴത്തെ ഭരണസമിതിയുടെ കാലാവധി 2026 ഡിസംബർ 31നു അവസാനിക്കുകയാണ്. പുതിയ ഭരണസമിതിയുടെ തെരഞ്ഞെടുപ്പ് ഡിസംബറിനു മുമ്പെ പൂർത്തീകരിക്കണം. കുടുംബകൂട്ടായ്മകളിൽ നിന്നുമുള്ള യൂണിറ്റു കൗൺസിലംഗങ്ങളുടെ തെരഞ്ഞെടുപ്പ് സെപ്റ്റംബർ 1 മുതൽ ഒക്ടോബർ 18 വരെയുള്ള കാലയളവിൽ പൂർത്തിയാക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. യൂണിറ്റുതല ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഒക്ടോബർ 25–നവംബർ 8നും ഇടയിലും ഫൊറോനാതല തെരഞ്ഞെടുപ്പ് നവംബർ 15–നവംബർ 29നും ഇടയിലും നടത്തണം. അതിരൂപതാതല തെരഞ്ഞടുപ്പ് ഡിസംബർ 13 ഞായറാഴ്ച സംഘടിപ്പിക്കും. വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന തെരഞ്ഞെടുപ്പു വിജ്ഞാപനം എല്ലാ യൂണിറ്റിലും എത്തിച്ചിട്ടുണ്ട്. യൂണിറ്റു കൗൺസിലർമാരായി ത്രിതല പഞ്ചായത്ത് പ്രതിനിധികളെ തിരഞ്ഞെടുക്കരുതെന്ന് ഓർമിപ്പിക്കുന്നു.

### വാർഷിക റിപ്പോർട്ട്

2026 പ്രവർത്തനവർഷത്തെ റിപ്പോർട്ട് ഫൊറോനകൾ നവംബർ 25നു മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്. യൂണിറ്റുകൾ തങ്ങളുടെ റിപ്പോർട്ടുകൾ നവംബർ 20നു മുമ്പ് ഫൊറോനാസമിതിയെ ഏൽപ്പിക്കേണ്ടതാണ്. അതിരൂപതാകേന്ദ്രത്തിൽനിന്നും നൽകിയിരിക്കുന്ന ഫോർമാറ്റനുസരിച്ചാണ് റിപ്പോർട്ട് തയ്യാറാക്കേണ്ടത്. 2025-ലെ പ്രവർത്തനവർഷ റിപ്പോർട്ടുകൂടി പരിഗണിച്ചായിരിക്കും ബെസ്റ്റ്/ സെക്കന്റ് ബെസ്റ്റ്/ മോഡൽ യൂണിറ്റുകളെ തെരഞ്ഞെടുക്കുന്നത്.

## വിവാഹഒരുക്ക സെമിനാർ

| മാസം | തീയതി | സ്ഥലം |
|---|---|---|
| ഒക്ടോബർ | 02, 03, 04 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 17, 18, 19 | |
| | 26, 27, 28 | |
| നവംബർ | 02, 03, 04 | |
| | 14, 15, 16 | |

**വിവാഹഒരുക്ക സെമിനാർ വിവരങ്ങൾക്ക്: 0481 2424476, 9447016240 (ഫാമിലി അപ്പോസ്തലേറ്റ്)**
**വിളിക്കേണ്ട സമയം: രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**

# യുവദീപ്തി– എസ്.എം.വൈ.എം.

## പ്രകൃതി പഠനക്യാംപ്: അമ്പൂരി

യുവദീപ്തി–എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 28, 29, 30 തീയതികളിൽ അമ്പൂരി ഫൊറോനയിലെ വിവിധ സ്ഥലങ്ങളിൽ പ്രകൃതി പഠനം നടത്തി. ഓഗസ്റ്റ് 28നു പ്രകൃതി പഠനക്യാംപ് തിരുവനന്തപുരം ലൂർദ് മാതാ എൻജിനീയറിങ് കോളേജ് പ്രിൻസിപ്പാൾ ഫാ. വർഗീസ് അറയ്ക്കൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് അലക്സ് മഞ്ഞുമ്മേൽ അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. സാവിയോ മാനാട്ട് ആമുഖപ്രസംഗം നടത്തി. ഫൊറോനാ ഡയറക്ടർ ഫാ. ആന്റണി തറക്കുന്നേൽ, ഫൊറോനാപ്രസിഡന്റ് അനീഷ് പി. എന്നിവർ പ്രസംഗിച്ചു. ഫോറസ്റ്റ് ഓഫീസർ അജീഷ് പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ക്ലാസ്സ് നയിച്ചു. പരിസ്ഥിതിയെ കൂടുതൽ അടുത്തറിയുവാൻ വേണ്ടി യാത്രകൾ നടത്തി. രണ്ടാം ദിവസം വൈകുന്നേരം മുൻകാലനേതാക്കന്മാർ അനുഭവങ്ങൾ പങ്കുവച്ചു. അമ്പൂരി ഫൊറോനാ വികാരി ഫാ. ഫ്രാൻസിസ് കരുവേലി, സുരേഷ് മണലിവിളാകം, പഞ്ചായത്ത് പ്രസിഡന്റ് തോമസ് ചാക്കോ, ജസ്റ്റിൻ പായിപ്പാട്ട് എന്നിവർ അനുഭവങ്ങൾ പങ്കുവച്ചു. ആരാധനയും പരിശുദ്ധ കുർബാനയും പഠനവും ചർച്ചകളും യാത്രകളും കൂടി ചേർന്ന് 3 ദിവസത്തെ പ്രകൃതി പഠന സഹവാസ ക്യാംപ് വളരെ മനോഹരമായി പര്യവസാനിച്ചു.

## യുവോത്സവ് –2026

അതിരൂപതാ യുവദീപ്തി–എസ്.എം.വൈ.എം.ന്റെ കലോത്സവത്തിന്റെ ഭാഗമായുള്ള കായികമത്സരങ്ങൾ സെപ്റ്റംബർ 4, 5, 12 തീയതികളിൽ എസ്.ബി. കോളേജിലും അസംപ്ഷൻ കോളേജിലുമായി നടത്തി. ഡയറക്ടർ ഫാ. സാവിയോ മാനാട്ട് മത്സരങ്ങൾ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് അലക്സ് മഞ്ഞുമ്മേൽ, ലൂസി ഫിലിപ്പോസ്, അജയ് വർഗീസ്, പോൾ എം. പി. എന്നിവർ പ്രസംഗിച്ചു. അതിരൂപതയിലെ പതിനെട്ടു ഫൊറോനകളും ഫുട്ബോൾ, ക്രിക്കറ്റ്, ഷട്ടിൽ ബാഡ്മിന്റൺ അത്‌ലറ്റിക്സ് തുടങ്ങി എല്ലാ മത്സരങ്ങളിലും പങ്കെടുത്തു.

**മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റുകൾ നേടിയ ഫൊറോനകൾ**

1st - തൃക്കൊടിത്താനം, 2nd - നെടുങ്കുന്നം, 3rd - ചമ്പക്കുളം

മത്സരത്തിൽ സഹകരിച്ച എല്ലാവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ

**ഒക്ടോബർമാസത്തെ പരിപാടികൾ**

02 – ചങ്ങനാശ്ശേരി അതിരൂപതാ ഫ്രാൻസിസ്കൻ വർഷാചരണം
10 – വി. കാർലോ ഫെസ്റ്റും യുവനസ്രാണി സംഗമവും
20 – യുവജന ഫ്രാൻസിസ്കൻ ദിനാചരണം
25 – ലഹരി വിരുദ്ധ സെമിനാറും മെറിറ്റ് ഡേയും

**അലക്സ് സെബാസ്റ്റ്യൻ മഞ്ഞുമ്മേൽ**
*(പ്രസിഡന്റ്)*

**ഫാ. സാവിയോ മാനാട്ട്**
*(ഡയറക്ടർ)*

# ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ

# അഖിലകേരള ക്വിസ് മത്സരം



**2026 ഒക്ടോബർ 25 ഞായർ ഉച്ചകഴിഞ്ഞ് 2**
**എടത്വാ സെന്റ് ജോർജ് സൺഡേ സ്കൂളിൽ**

| | | |
|---|---|---|
| **ഒന്നാം സമ്മാനം** | - | **5000 രൂപ, ട്രോഫി** |
| **രണ്ടാം സമ്മാനം** | - | **4000 രൂപ, ട്രോഫി** |
| **മൂന്നാം സമ്മാനം** | - | **3000 രൂപ, ട്രോഫി** |
| **നാലാം സമ്മാനം** | - | **2000 രൂപ** |
| **അഞ്ചാം സമ്മാനം** | - | **1000 രൂപ** |

**6 മുതൽ 10 വരെ സമ്മാനം ലഭിക്കുന്നവർക്ക്**
**750 രൂപ പ്രോത്സാഹനസമ്മാനം ലഭിക്കുന്നതാണ്.**

## വിഷയങ്ങൾ

1. റൂത്ത് 1 - 4 അധ്യായങ്ങൾ – 15%
2. സഭാപ്രസംഗകൻ 1 -6 അധ്യായങ്ങൾ – 15%
3. യോഹന്നാൻ 1 - 12 അധ്യായങ്ങൾ – 15%
4. "സുവിശേഷ ഭാഗ്യങ്ങളുടെ മനുഷ്യൻ" (പ്രൊഫ. ജയിംസ് സെബാസ്റ്റ്യൻ രചിച്ച പുസ്തകം) – 40%
5. മിഷൻ ലീഗ് പഠന ഗ്രന്ഥം ' ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും ' 4-7 പാഠങ്ങൾ – 15%

## നിബന്ധനകൾ

1. വിശ്വാസപരിശീലനം നടത്തുന്ന അധ്യാപകരും 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർഥികളുമാണ് ഇതിൽ പങ്കെടുക്കേണ്ടത്.
2. ഒരു അധ്യാപകനും 2 വിദ്യാർഥികളുമാണ് ഒരു ടീമിൽ വേണ്ടത്.
3. മത്സരസമയത്തു സാക്ഷ്യപത്രവും (ഇടവകവികാരി/ഹെഡ്മാസ്റ്റർ) രജിസ്ട്രേഷൻ ഫീസും (ടീം ഒന്നിന് 100 രൂപ) കൊണ്ടുവരേണ്ടതാണ്.
4. ഒരു ഇടവകയിൽനിന്നും ഒന്നിൽ കൂടുതൽ ടീമുകൾക്കു പങ്കെടുക്കാവുന്നതാണ്.
5. ക്വിസ് മാസ്റ്ററുടെ തീരുമാനം അന്തിമമാണ്.

**ഫാ. ജോസഫ് ആലഞ്ചേരി**
**(പോസ്റ്റുലേറ്റർ)**
**ഫാ. തോമസ് ആര്യൻകാല**
**(വൈസ് പോസ്റ്റുലേറ്റർ 8921017878)**
**സി. ആൻസി കരോട്ടു പുതിയത്ത് എസ്.എ.ബി.എസ്. (8590 15 8122)**
**കുഞ്ഞൂഞ്ഞമ്മ അഗസ്റ്റി (9961286182)**
**(കൺവീനേഴ്സ്)**

**ഫാ. ജോസഫ് കളരിക്കൽ**
**(വികാരി)**
**ഫാ. സെബാസ്റ്റ്യൻ കളത്തിപ്പറമ്പിൽ**
**(ഡയറക്ടർ 6238598256**
**ജോച്ചൻ ജോസഫ്**
**കൊഴുപ്പക്കളം**
**(ഹെഡ്മാസ്റ്റർ 9447596975)**

# ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി (CHASS)

**ചാസിൽ നിന്നും ആശംസകൾ!!!**

പ്രിയ ബഹുമാനപ്പെട്ട അച്ചാ/സുഹൃത്തേ,

ചാസ്, സാമൂഹിക സേവന ക്ഷേമ പ്രവർത്തനവീഥിയിൽ 60 വർഷങ്ങൾ പൂർത്തിയാക്കിയിരിക്കുന്നു. ഈ അവസരത്തിൽ ചാസിന്റെ സ്ഥാപകനായ മാർ മാത്യു കാവുകാട്ട് പിതാവിനെയും ചാസിനെ നയിച്ച പിതാക്കന്മാരെയും ബഹു. പ്രസിഡന്റ് അച്ചന്മാരെയും എല്ലാ ഡയറക്ടേഴ്സിനെയും യൂണിറ്റ് ഡയറക്ടേഴ്സിനേയും നിസ്വാർത്ഥ സേവനം ചെയ്ത എല്ലാ എക്സിക്യൂട്ടിവ് അംഗങ്ങളെയും ചാസിനോട് കണ്ണിചേർന്നു പ്രവർത്തിക്കുന്ന കുടുംബാംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

വരും നാളുകളിലും നാനാജാതി മതസ്ഥരിലേയ്ക്ക് നമ്മുടെ സേവനം സംലഭ്യമാക്കുന്നതിന് യൂണിറ്റ് എക്സിക്യൂട്ടിവ് സമിതി കൂടുതൽ സജീവമായി പ്രവർത്തിക്കേണ്ടതുണ്ട്. യൂണിറ്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനും യുവജനങ്ങളുടെ സ്വാശ്രയസംഘങ്ങൾ രൂപീകരിക്കുന്നതും മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിൽ അവരുടെ അംഗത്വം ഉറപ്പാക്കുന്നതും എക്സിക്യൂട്ടീവ് സമിതിയിൽ അവരെ ഉൾപ്പെടുത്തുന്നതും ഉചിതമായിരിക്കും.

നമ്മെ സംബന്ധിച്ചിടത്തോളം 2026–27 സാമ്പത്തികവർഷത്തിന്റെ പകുതി പൂർത്തിയായിരിക്കുകയാണ്. 2025–26 സാമ്പത്തികവർഷത്തെ മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിന്റെ ഓഡിറ്റിങ് ഇനിയും പൂർത്തീകരിക്കാനുള്ള യൂണിറ്റുകൾ താമസംവിനാ ഓഡിറ്റിങ് നടത്തേണ്ടതാണ്. 12AB ലഭ്യമായിട്ടുള്ള യൂണിറ്റുകളുടെ ഓഡിറ്റിങ് പൂർത്തീകരിച്ച് റിട്ടേൺ നൽകേണ്ട സമയമാണ്.

യൂണിറ്റ് എക്സിക്യൂട്ടിവ് സമിതി എല്ലാമാസവും കൃത്യമായി കൂടി പ്രവർത്തനങ്ങൾ വിലയിരുത്തുകയും പ്രത്യേകമായി ഓഡിറ്റ് പൂർത്തിയാക്കിയ യൂണിറ്റുകൾ വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ച്, നൽകിയ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ വേണ്ട നടപടിക്രമങ്ങൾ സ്വീകരിക്കുകയും എടുത്ത തീരുമാനങ്ങളുടെ കോപ്പി കേന്ദ്ര ഓഫീസിൽ നൽകുകയും വേണം. മേഖലാ എക്സിക്യൂട്ടിവ് മീറ്റിംഗുകളിൽ നമ്മൾ ചർച്ചചെയ്ത കാര്യങ്ങൾ എല്ലാം തന്നെ ചർച്ചകൾക്ക് വിധേയമാക്കി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ കൂട്ടായി പരിശ്രമിക്കണം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
**ഫാ. ജോർജ് തൈച്ചേരിൽ**
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

## കേന്ദ്രവാർത്തകൾ

**മേഖലാ പി.എം.ഇ.:** മേഖല-യൂണിറ്റ് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും തുടർ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച നടത്തുന്നതിനും ചാസിന്റെ എല്ലാ മേഖലകളിലും പി.എം.ഇ. മീറ്റിങ്ങുകൾ നടത്തിവരുന്നു. ഡയറക്ടർ ഫാ. ജോർജ് പനക്കേഴം, അസി. ഡയറക്ടർമാരായ ഫാ. ജോസഫ് ചോരേട്ട് ചാമക്കാല, ഫാ. ജോർജ് തൈച്ചേരിൽ, പ്രോഗ്രാം ഓഫീസർ സി. ലിൻസി എ.എ.എസ്.സി. എന്നിവരുടെ നേതൃത്വത്തിൽ നടത്തിവരുന്ന മീറ്റിങ്ങുകളിൽ യൂണിറ്റു സെക്രട്ടറിമാർ കഴിഞ്ഞ വർഷത്തെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യൂണിറ്റ് ഡയറക്ടേഴ്സ്, മേഖല-യൂണിറ്റ് ഭാരവാഹികൾ, കോഡിനേറ്റേഴ്സ് എന്നിവർ പി.എം.ഇ. ൽ പങ്കെടുത്തുവരുന്നു.

| *തീയതി* | *മേഖല* | *സ്ഥലം* |
|---|---|---|
| 23.08.2026 | ആലപ്പുഴ | പഴവങ്ങാടി |
| 04.09.2026 | ചമ്പക്കുളം | നർബോനപുരം |
| 05.09.2026 | തുരുത്തി | കുറിച്ചി |
| 18.09.2026 | കുറുമ്പനാടം | മാടപ്പള്ളി |

**കെ.എസ്.എസ്.എഫ്. ജനറൽബോഡി മീറ്റിങ്:** കേരള സോഷ്യൽ സർവ്വീസ് ഫോറം സെപ്റ്റംബർ 15നു സംഘടിപ്പിച്ച ജനറൽബോഡി മീറ്റിങ്ങിൽ ചാസിനെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം പങ്കെടുത്തു.

**ദുരിതാശ്വാസസഹായം:** 2026 ആഗസ്റ്റുമാസം ഉണ്ടായ പ്രളയദുരിത ബാധിതരിൽനിന്നും അർഹരായവർക്ക് കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ ചാസിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 7നു ഭക്ഷ്യധാന്യകിറ്റും ഹൈജീൻ കിറ്റും വിതരണം ചെയ്തു.

**ഓണാഘോഷം:** ചാസ് കുടുംബത്തിന്റെ ഓണാഘോഷപരിപാടികൾ ഓഗസ്റ്റ് 25നു കേന്ദ്ര ഓഫീസിൽ സംഘടിപ്പിച്ചു.

**ജനറൽ ബോഡി മീറ്റിങ്:** 2025-26 പ്രവർത്തനവർഷത്തെ ചാസ് കേന്ദ്ര മേഖല-യൂണിറ്റ് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വരുംകാലപ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സെപ്റ്റംബർ 17നു ചാസ് കേന്ദ്ര ഓഫീസിൽ അതിരൂപതാ സിഞ്ചെല്ലൂസും ചാസ് പ്രസിഡന്റുമായ വെരി റവ. ഫാ. മാത്യു ചങ്ങങ്കരിയുടെ അദ്ധ്യക്ഷതയിൽ ജനറൽ ബോഡി മീറ്റിങ് നടത്തി.

## സാമൂഹ്യസുരക്ഷാസഹായപദ്ധതി

**1) എസ്.എച്ച്.ജി. മരണാനന്തര സഹായം:** ഒരു കുടുംബത്തിന് 20,000 രൂപ വീതം 6 കുടുംബങ്ങൾക്ക് 1,20,000 (ഒരുലക്ഷത്തി ഇരുപതിനായിരം) രൂപ മരണാനന്തരസഹായം അനുവദിച്ചു.

| | *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|---|
| 761. | തോമസ് സി ജോസഫ് | സ്മാർട്ട് | മുട്ടാർ ഓൾഡ് | എടത്വാ |
| 762. | അമ്മിണി ശ്രീധരൻ | ലിറ്റിൽ ഫ്ളവർ | പുതുക്കരി | എടത്വാ |

| | | | | |
|---|---|---|---|---|
| 763. | മേരിക്കുട്ടി ദേവസ്യാ | ബട്ടർഫളൈ | മണ്ണഞ്ചേരി | ആലപ്പുഴ |
| 764. | ഗോപാലകൃഷ്ണപണിക്കർ | മംഗൾപാണ്ടേ | പുളിങ്കുന്ന് | പുളിങ്കുന്ന് |
| 765. | ത്രേസ്യാമ്മ സെബാസ്റ്റ്യൻ | ദീപ്തി | കിടങ്ങറ | ചങ്ങനാശ്ശേരി |
| 766. | ജോർജ് ഗ്രിഗറി | ക്രിസ്തുരാജ് | തത്തംപള്ളി | ആലപ്പുഴ |

**2) മ്യൂചൽ ബെനഫിറ്റ് സ്കീം (എം.ബി.എസ്.)** 16 കുടുംബങ്ങൾക്ക് 1,60,000 (ഒരുലക്ഷത്തി അറുപതിനായിരം) രൂപ അനുവദിച്ചു.

| | *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 1428. | സെലിനാമ്മ വർഗ്ഗീസ്, വണ്ടകത്തിൽഏഴര | വടക്കേഅമിച്ചകരി | ചമ്പക്കുളം |
| 1429. | തങ്കച്ചൻ, അട്ടിയിൽ | കൊടുപ്പുന്ന | എടത്വാ |
| 1430. | അന്നമ്മ ദേവസ്യാ, കുറ്റികോട്ടയിൽ | മുട്ടാർ ഓൾഡ് | എടത്വാ |
| 1431. | പി.വി. തോമസ്, പുളിക്കൽ | വള്ളംചിറ | മണിമല |
| 1432. | രാജപ്പൻ സി.കെ., ചിറയിൽ | പായിപ്പാട് | തൃക്കൊടിത്താനം |
| 1433. | മറിയമ്മ തോമസ്, ചിറയക്ക്ൽ | പഴവങ്ങാടി | ആലപ്പുഴ |
| 1434. | ലീലാമ്മ ജോസഫ്, തയ്യിൽ | കുമരകംവടക്കുംകര | കുടമാളൂർ |
| 1435. | മോനി റോയി | കുമരകംവടക്കുംകര | കുടമാളൂർ |
| 1436. | ശോശാമ്മ കുട്ടപ്പൻ, ആലുംപറമ്പ് | ളായിക്കാട് | ചങ്ങനാശ്ശേരി |
| 1437. | ഏലിയാമ്മ മാത്യു, കല്ലടയിൽ | ചമ്പക്കര | നെടുംകുന്നം |
| 1438. | കൊച്ചുത്രേസ്യാ ദേവസ്യാ, പാലാത്തറ | മുഹമ്മ | ആലപ്പുഴ |
| 1439. | ബിവി കുഞ്ഞ്, ദിനാർ ഹൗസ് | ഫിൽഗിരി | കൊല്ലം |
| 1440. | ത്രേസ്യാമ്മ തോമസ്, കൊച്ചുവീട് | രാമങ്കരി | പുളിങ്കുന്ന് |
| 1441. | ലില്ലിക്കുട്ടി പറമ്പത്ത് | മുട്ടാർ ന്യൂ | എടത്വാ |
| 1442. | ത്രേസ്യാമ്മ സെബാസ്റ്റ്യൻ, മുണ്ടക്കൽ | കിടങ്ങറ | ചങ്ങനാശ്ശേരി |
| 1443. | ജോസഫ് തോമസ്, എള്ളുകാലായിൽ | വെട്ടിമുകൾ | അതിരമ്പുഴ |

**3) ബാങ്ക് ലോൺ**

ചാസിന്റെ വിവിധ യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന ജെ.എൽ.ജി. കളിലെ അംഗങ്ങൾക്ക് സ്വയംതൊഴിൽ സംരംഭം ഏറ്റെടുത്ത് നടത്തുന്നതിനും കാർഷിക ആവശ്യങ്ങൾക്കും ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും 6 ലക്ഷം രൂപ ലോൺ ലഭ്യമാക്കി.

| *തീയതി* | *എസ്.എച്ച്.ജി.* | *ജെ.എൽ.ജി.* | *യൂണിറ്റ്* |
|---|---|---|---|
| 19.08.2026 | ഫിനിക്സ് | തേജസ് | ചങ്ങനാശ്ശേരി |
| 09.09.2026 | ജ്യോതിസ് | നവജ്യോതി | കുറിച്ചി |

## മേഖലാവാർത്തകൾ

### സ്വാശ്രയസംഘ രൂപീകരണം

| *തീയതി* | *സംഘം* | *യൂണിറ്റ്* | *അംഗങ്ങൾ* |
|---|---|---|---|
| 01.09.2026 | ഗ്ലോറിയ | കുട്ടമംഗലം | 11 |
| 01.09.2026 | ആവേ മരിയ | കുട്ടമംഗലം | 11 |
| 01.09.2026 | സെന്റ് മേരീസ് | പുന്നമട | 10 |
| 03.09.2026 | സെന്റ് മേരീസ് | മണ്ണഞ്ചേരി | 15 |
| 03.09.2026 | സെന്റ് അൽഫോൻസ | മണ്ണഞ്ചേരി | 15 |
| 16.09.2026 | മാർത്തോമ | കടുവാകുളം | 20 |

### ഓണാഘോഷം നടത്തി

| *തീയിതി* | *സംഘടിപ്പിച്ചത്* |
|---|---|
| 20.08.2026 | വള്ളംചിറ-സ്നേഹ സ്വാശ്രയസംഘം |
| 21.08.2026 | കറിക്കാട്ടൂർ -ജ്യോതി സ്വാശ്രയസംഘം |
| 23.08.2026 | കുടമാളൂർ-സ്വരുമ സ്വാശ്രയസംഘം |
| 28.08.2026 | പച്ചചെക്കിടിക്കാട്-ചാസ് യൂണിറ്റ് |
| 29.08.2026 | ചാഞ്ഞോടി ചാസ് യൂണിറ്റ് |
| 28.08.2026 | വള്ളംചിറ ചാസ് യൂണിറ്റ് |
| 01.09.2026 | വെട്ടിമുകൾ-ചാസ് യൂണിറ്റ് |
| 10.09.2026 | കരിമ്പനക്കുളം-സ്വാശ്രയസംഘങ്ങൾ |

**യൂണിറ്റ് രൂപീകരണം:** പുന്നത്തുറ ഇടവകയിൽ ആഗസ്റ്റ് 18 നു ചാസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. എബ്രഹാം കരിപ്പിങ്ങാം പുറത്തിന്റെ അദ്ധ്യക്ഷതയിൽ എക്സിക്യൂട്ടീവ് സമിതിയെ തെരഞ്ഞെടുത്തു.

**സാമ്പത്തിക സാക്ഷരതാ സെമിനാർ:** വില്ലൂന്നി യൂണിറ്റിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 23നു പള്ളി പാരീഷ് ഹാളിൽ വച്ച് സാമ്പത്തിക സാക്ഷരതാ സെമിനാർ സംഘടിപ്പിച്ചു. ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് സാമ്പത്തിക സാക്ഷരതാ കൗൺസിലറും മുൻ കേരള ഗ്രാമീൺ ബാങ്ക് സീനിയർ മാനേജരുമായ ബാബു കെ. സെമിനാർ നയിച്ചു. യൂണിറ്റു ഭാരവാഹികൾ മേഖലാ കോഡിനേറ്റർ ലിന്റു ബിജു നൈനാൻ എന്നിവർ നേതൃത്വം നൽകി.

**ഓണക്കിറ്റ് വിതരണം:** നർബോനപുരം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 23നു മൈക്രോ ക്രെഡിറ്റ് പ്രോഗ്രാം അംഗങ്ങൾക്ക് സൗജന്യനിരക്കിൽ ഓണക്കിറ്റ് വിതരണം ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. ജോൺ മഠത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു. യൂണിറ്റുഭാരവാഹികൾ നേതൃത്വം നൽകി.

**ഓണച്ചന്ത:** പൊടിപ്പാറ യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്വാശ്രയസംഘങ്ങളുടെ നേതൃത്വത്തിൽ ഓണത്തോടനുബന്ധിച്ച് ആഗസ്റ്റ് 23നു ഓണച്ചന്ത സംഘടിപ്പിച്ചു.

**യൂണിറ്റു വാർഷികം:** പൊടിപ്പാറ ചാസ് യൂണിറ്റു വാർഷികം ഓഗസ്റ്റ് 28നു യൂണിറ്റു ഡയറക്ടർ ഫാ. എബ്രഹാം വെട്ടുവയലിലിന്റെ അദ്ധ്യക്ഷതിയിൽ കൂടി. ചാസ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം ഉദ്ഘാടനം നിർവ്വഹിച്ചു. സെക്രട്ടറി ജോബ് സേവ്യർ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. മേഖല കോഡിനേറ്റർമാരായ അൽഫോൻസ വർഗീസ്, ജോൺസ് കെ. ജോജി എന്നിവർ നേതൃത്വം നൽകി.

**യൂണിറ്റ് എക്സിക്യൂട്ടിവ് മീറ്റിങ്:** നർബോനപുരം യൂണിറ്റിന്റെ എക്സിക്യുട്ടിവ് മീറ്റിങ് സെപ്റ്റംബർ 6നു പ്രസിഡന്റ് ഷീനാ ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. യൂണിറ്റ് ഡയറക്ടർ ഫാ. ജോൺ മഠത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു. സെക്രട്ടറി സിജിമോൻ റിപ്പോർട്ടും കൺവീനർ തോമസ് ഓണംപള്ളിൽ കണക്കും അവതരിപ്പിച്ചു. മേഖലാ കോഡിനേറ്റർ ബിനു ജോസഫ് തയ്യൽ പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. ആനിമ്മ ഗ്രിഗറി ആശംസയർപ്പിച്ചു.

**സാന്ത്വനം കാൻസർ പദ്ധതി:** തകഴി ഗ്രാമപഞ്ചായത്തിന്റെയും പച്ചചെക്കിടിക്കാട് യൂണിറ്റിന്റെയും നേതൃത്വത്തിൽ സെപ്റ്റംബർ 11നു കാൻസർ ബോധവത്ക്കരണവും രോഗനിർണ്ണയ ക്യാംപും പള്ളി പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. തകഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗീതാഞ്ജലി ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് ചൂളപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. ജോർജ് തൈച്ചരിൽ, എടത്വാ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിനു ഫിലിപ്പ്, തകഴി പഞ്ചായത്ത് മെമ്പർ മെർളിൻ ജോജി എന്നിവർ പ്രസംഗിച്ചു. യൂണിറ്റു ഭാരവാഹികളും മേഖല കോഡിനേറ്ററും നേതൃത്വം നൽകി. 67 പേർ ക്യാംപിൽ പങ്കെടുത്തു.

**സ്വാശ്രയസംഘ വാർഷികം:** ചാസ് പുതുക്കരി യൂണിറ്റിൽ പ്രവർത്തിക്കുന്ന 'ഹൃദയപക്ഷം' സ്വാശ്രയസംഘത്തിന്റെ വാർഷികം സെപ്റ്റംബർ 13നു സംഘാംഗം ബിജു പുത്തൻപറമ്പിലിന്റെ വസതിയിൽ സംഘടിപ്പിച്ചു. യൂണിറ്റു ഡയറക്ടർ ഫാ. ആന്റോ മുട്ടത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു. സംഘം സെക്രട്ടറി ജിജി സി. ഡൊമിനിക്ക് റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

**യൂണിറ്റ് വാർഷികവും അവാർഡ് ദാനവും:** തൃക്കൊടിത്താനം യൂണിറ്റ് വാർഷികവും +1, +2, ഡിഗ്രി പരീക്ഷകളിൽ ഉന്നതവിജയം നേടിയ 25 വിദ്യാർത്ഥികൾക്ക് കാഷ് അവാർഡും നൽകി. സെപ്റ്റംബർ 20നു പാരീഷ് ഹാളിൽ യൂണിറ്റ് പ്രസിഡന്റ് പി. ജെ. ജോസഫ് പടുപുരയ്ക്കൽ അദ്ധ്യക്ഷതവഹിച്ച പരിപാടി ചാസ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി അനുഗ്രഹപ്രഭാഷണം നടത്തി. സെക്രട്ടറി പി. ജെ. ജെയിംസ് വേഷ്ണാൽ പ്രവർത്തനറിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ഫാ. കുര്യൻ തെക്കേടം, മേഖല കോഡിനേറ്റർ

സജി ഷാജി, ജോസഫ് തോമസ് വാണിയപ്പുരയ്ക്കൽ, കെ. ജെ. വർഗീസ് എന്നിവർ പ്രസംഗിച്ചു.

### ചാസ് – ഖാദി

**ഓണം ഖാദി ഫെസ്റ്റ് സംഘടിപ്പിച്ചു:** ഓണത്തോടനുബന്ധിച്ച് ചാസ് ഖാദി ഷോറൂമുകളിൽ ഖാദി ഉല്പ്പന്നങ്ങൾക്ക് 30% സെപ്ഷ്യൽ റിബേറ്റോട് കൂടി ജൂലൈ 23 മുതൽ ആഗസ്റ്റ് 25 വരെ ഖാദി ഫെസ്റ്റ് സംഘടിപ്പിച്ചു.

## പരിശീലന പരിപാടികൾ

**ഹാൻഡ് എംബ്രോയ്ഡറി:** മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിന്റെ ആഭിമുഖ്യത്തിൽ ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ സെപ്റ്റംബർ 7 മുതൽ ഒരുമാസം നീണ്ടു നിൽക്കുന്ന ഹാൻഡ് എംബ്രോയ്ഡറി പരിശീലനം ആരംഭിച്ചു. 56 വിദ്യാർത്ഥികൾ പരിശീലനത്തിൽ പങ്കെടുത്തുവരുന്നു.

**ബേക്കറി:** മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിന്റെ നേതൃത്വത്തിൽ കോഴഞ്ചേരി സെന്റ് തോമസ് കോളേജ് വിദ്യാർത്ഥികൾക്ക് സെപ്റ്റംബർ 7 നു ബേക്കറി പരിശീലനം നടത്തി 10 വിദ്യാർത്ഥികൾ പങ്കെടുത്തു.

**കാർപ്പന്ററി:** മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിന്റെ നേതൃത്വത്തിൽ മാമ്മൂട് ചാസ് ഫർണീച്ചർ യൂണിറ്റിൽ സെപ്റ്റംബർ 14 നു കാർപ്പന്ററി പരിശീലനം ആരംഭിച്ചു. 10 പേർ പരിശീലനത്തിൽ പങ്കെടുത്തുവരുന്നു.



# പന്ത്രണ്ടാമത് അഖില കേരള
# നവമാലിക മിഷൻ ക്വിസ് 2026
## 2026 ഡിസംബർ20
### മല്ലപ്പള്ളി ആനിക്കാട് ഏദൻ ഗാർഡൻ കൺവെൻഷൻ സെന്റർ

മിഷൻ മധ്യസ്ഥയും വേദപാരംഗതയുമായ വിശുദ്ധ കൊച്ചു ത്രേസ്യയുടെ ആത്മകഥയായ നവമാലികയെ ആസ്പദമാക്കിയുള്ള പന്ത്രണ്ടാമത് അഖില കേരള നവമാലിക മിഷൻ ക്വിസ് **2026 ഡിസംബർ ഇരുപതാം തീയതി മല്ലപ്പള്ളി ആനിക്കാട് ഏദൻ ഗാർഡൻ കൺവെൻഷൻ സെന്റ റിൽ** ഉച്ചകഴിഞ്ഞു 2മണിക്ക് നടത്തപ്പെടുന്നു. നാല് കാറ്റഗ റികളിൽ ആയിട്ടാണ് മത്സരം ക്രമീകരിച്ചിരിക്കുന്നത്.

**കാറ്റഗറി 1 : സൺഡേസ്കൂൾ കുട്ടികൾ**
**കാറ്റഗറി 2 : യുവജനങ്ങൾ**
**കാറ്റഗറി 3 : മാതൃ- പിതൃവേദി**
**കാറ്റഗറി 4 : സമർപ്പിതർ**

എല്ലാ കാറ്റഗറിയിലും 1,2,3 സ്ഥാനങ്ങൾ നേടുന്നവർക്ക് പ്രത്യേക സമ്മാനങ്ങൾ ഉണ്ടായിരിക്കും.

നാല് കാറ്റഗറിയിൽ നിന്നും തെര ഞ്ഞെടുക്കപ്പെടുന്ന വിജയികൾ പങ്കെടുക്കുന്ന ഗ്രാന്റ് ഫിനാലെയിൽ

### സമ്മാനങ്ങൾ

**ഒന്നാം സമ്മാനം :**
10000 രൂപ, പ്രശസ്തിപത്രം, ട്രോഫി
**രണ്ടാം സമ്മാനം :**
5000 രൂപ, പ്രശസ്തിപത്രം, ട്രോഫി
**മൂന്നാം സമ്മാനം :**
3000 രൂപ, പ്രശസ്തിപത്രം, ട്രോഫി
**നാലാം സമ്മാനം :**
പ്രശസ്തിപത്രം, ട്രോഫി
***മറ്റനേകം സമ്മാനങ്ങൾ***

- കൊച്ചുത്രേസ്യായുടെ ആത്മകഥയായ നവമാലിക (വിവർത്തനം: ഫാ. ഹെർമൻ ഒ.സി.ഡി. പുസ്തകത്തെ ആസ്പദമാക്കിയാണ് ചോദ്യങ്ങൾ
- നവംബർ 14 ന് മുൻപ് രജിസ്ട്രേഷൻ നടത്തേണ്ടതാണ്.
- സീറോ മലബാർ, ലത്തീൻ, മലങ്കര റീത്തുകളിൽ പെട്ട മത്സരാർത്ഥികൾക്ക് പങ്കെടു ക്കാം
- വികാരിയച്ചന്മാരുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്
- രജിസ്ട്രേഷൻ ഫീസ് 200 രൂപ
- വ്യക്തിഗത മത്സരമാണ് .
- ഒരു പള്ളിയിൽ നിന്നും ഒരു കാറ്റഗറിയിലേക്കു പരാമാവധി 10 പേർക്ക് പങ്കെടുക്കാം
- സമർപ്പിത സമൂഹത്തിൽ നിന്നുള്ളവർ സുപ്പീരിയരുടെ സാക്ഷ്യപത്രം ഹാജരാക്കി യാൽ മതി
- ക്വിസ് മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും
- സ്കൂൾ, കോളേജ് ഇതര സ്ഥാപനങ്ങളിൽ നിന്നും അധികാരികളുടെ സാക്ഷ്യപത്ര ത്തോടെ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

**ഫാ. ജോൺസൺ ചാലയ്ക്കൽ** (ഡയറക്ടർ, 8893437695)

# തിരുവനന്തപുരം അമ്പൂരി ആയൂർ സോഷ്യൽ ഡെവലപ്മെന്റ് & ചാരിറ്റി (TAASC)

## തേനീച്ച കൃഷി

തേനീച്ച കൃഷി പ്രൊജക്ടിന്റെ ഭാഗമായി കഴിഞ്ഞ 4 വർഷമായി മെച്ചപ്പെട്ട രീതിയിൽ തേനുല്പാദനം നടന്നുവരുന്നു. നൂറോളം കർഷകർക്ക് ഈ സംരംഭം ഒരു അധികവരുമാനമാർഗമായി തുടരുന്നു. ട്രെയിനിങ് നൽകിയതിനുശേഷം 900ത്തോളം വരുന്ന തേനീച്ച പെട്ടികൾ കർഷകർക്ക് വിതരണം ചെയ്തു. നല്ല ഗുണമേന്മയുള്ള തേൻ ഉത്പാദിപ്പിക്കാനും വിൽപ്പനയ്ക്ക് സഹായിക്കാനും അതുവഴി കർഷകർക്ക് ഒരു അധികവരുമാനം കണ്ടെത്താനും ഉപകരിക്കുന്നു. അമേരിക്കയിലേക്കും മിഡിൽ ഈസ്റ്റിലേക്കും തേൻ കയറ്റുമതി ചെയ്യാനുള്ള തയ്യാറെടുപ്പിലാണ്. ഈ വർഷത്തെ രണ്ടാംഘട്ട തേനീച്ച പരിപാലനം ആരംഭിച്ചു.

## തേനീച്ച കർഷകരുടെ സംഗമം

മായം, അമ്പൂരി മേഖലകളിലെ തേനീച്ച കർഷകരുടെ സംഗമം മായം പള്ളിയിലും ടാസ്ക് ഓഫീസിലും നടത്തി. ഈ വർഷത്തെ തേനീച്ച പരിപാലനത്തിന്റെ ക്രമീകരണങ്ങളെക്കുറിച്ചും കർഷകർ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചും വിശദമായ ചർച്ച നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

സ്നേഹപൂർവം,

**ഫാ. ആന്റണി തറക്കുന്നേൽ**

*(സെക്രട്ടറി)*

# ജീവകാരുണ്യനിധി ട്രസ്റ്റ്

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസപദ്ധതി

'കളർ എ ഡ്രീം' പദ്ധതിയിലേക്ക് **2026 ജൂലൈ 23** മുതൽ **സെപ്റ്റംബർ 18** വരെ വിവിധ ഇടവക/സംഘടനകളിൽ നിന്നും ലഭിച്ച സംഭാവനകൾ

| | ഇടവക / സംഘടന | തുക |
|---|---|---|
| 1. | സെന്റ് മാത്യൂസ് കോട്ടയ്ക്കപുറം | 216000 |
| 2. | ലൂർദ് മാതാ പച്ച - ചെക്കിടിക്കാട് | 200000 |
| 3. | ഫാ. തോമസ് പ്ലാപറമ്പിൽ | 100000 |
| 4. | ലൂർദ് മാതാ മാമ്പുഴക്കരി | 75000 |
| 5. | എസ്. എച്ച്. രാജമറ്റം | 50000 |
| 6. | സെന്റ് ഗ്രിഗോറിയോസ് മണ്ണാർകുന്ന് | 20000 |
| 7. | ലൂർദ് മാതാ മാമ്മൂട് | 10000 |

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

STH

### കെയർ ഹോം ഫെലോഷിപ്പ് ചങ്ങനാശ്ശേരി അതിരൂപത (CFCA) സംഗമം

ഹോസ്പിറ്റലിൽ സെപ്റ്റംബർ 11നു 'കെയർ ഹോം ഫെലോഷിപ്പ് ചങ്ങനാശ്ശേരി അതിരൂപത' (CFCA) സംഗമം സംഘടിപ്പിച്ചു. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ (പേട്രൺ & മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്), എസ്. എച്ച്. പഞ്ചാപകേശൻ (റിട്ട. ഡിസ്ട്രിക്റ്റ് ജഡ്ജ് & കേരള സർക്കാർ മുൻ ഭിന്നശേഷി കമ്മീഷണർ), ഫാ. ജയിംസ് പി. കുന്നത്ത് (സ്റ്റീഹാം (STIHAME) എക്സിക്യുട്ടിവ് ഡയറക്ടർ) എന്നിവർ പ്രസംഗിച്ചു. പ്രസ്തുത സംഗമം കാരുണ്യത്തിനും സഹകരണത്തിനും സമൂഹനന്മയ്ക്കായുള്ള കരുതൽ ശക്തമാക്കുന്നതിനുമായി സമർപ്പിച്ചവരുടെ ഒത്തുചേരലായിരുന്നു.

### കാരുണ്യത്തിന്റെ കരങ്ങൾ, ആശ്വാസത്തിന്റെ കൈത്താങ്ങ്!

പാവപ്പെട്ടവർക്കും അർഹരായ രോഗികൾക്കും കരുതലോടെ ചികിത്സ ലഭ്യമാക്കുന്നതിനായി സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ, ചങ്ങനാശ്ശേരി സെൻട്രൽ കൗൺസിലിന്റെ ശുപാർശയോടെ ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് ഇൻപേഷ്യന്റ് ബില്ലിൽ 10% ഇളവ് ലഭിക്കും. രോഗികളുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കുറച്ച്, മികച്ച ചികിത്സ കൂടുതൽ പ്രാപ്യമാക്കുക എന്നതാണ് ഈ സേവനത്തിന്റെ ലക്ഷ്യം. പരിപാടിയുടെ ഉദ്ഘാടനം സെപ്റ്റംബർ 9നു സംഘടിപ്പിച്ചു.

### പോഷകാഹാര വാരാചരണം 2026

സന്തുലിത പോഷകാഹാരം, ശ്രദ്ധയോടെയുള്ള ഭക്ഷണക്രമം, ആരോഗ്യകരമായ ജീവിതശൈലി എന്നിവയുടെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിനായി സെപ്റ്റംബർ 1 മുതൽ 7 വരെ പോഷകാഹാര വാരാചരണം ഫാ. ജോസഫ് മാളിയേക്കൽ ഉദ്ഘാടനം ചെയ്തു.

### സൗജന്യ പീഡിയാട്രിക് മെഡിക്കൽ ക്യാംപ്

കുട്ടികളുടെ ആരോഗ്യപരിപാലനത്തിനായി ഓഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 5 വരെ സൗജന്യ പീഡിയാട്രിക് ക്യാംപ് സംഘടിപ്പിച്ചു. പരിചയസമ്പന്നരായ പീഡിയാട്രീഷന്മാരുടെ വിദഗ്ധ സേവനം, കുട്ടികളുടെ വിവിധ ആരോഗ്യപ്രശ്നങ്ങൾക്ക് വിദഗ്ധ കൺസൾട്ടേഷൻ, നവജാത ശിശുക്കൾക്കും കുട്ടികൾക്കും പ്രത്യേക പരിചരണം, ആദ്യ 30 പേർക്ക് സൗജന്യ കൺസൾട്ടേഷൻ, 20% ഇളവിൽ ലാബ് & റേഡിയോളജി സേവനങ്ങൾ എന്നിവ ക്യാംപിന്റെ പ്രത്യേകത ആയിരുന്നു.

### നെഫ്രോളജി വിഭാഗം നവീകരിച്ചു

അത്യാധുനിക ബാക്സ്റ്റർ (VANTIVE) CRRT മെഷീൻ Prismax V3 ആഗസ്റ്റ് 27നു ഹോസ്പിറ്റലിൽ സ്ഥാപിക്കുകയും സർഗ്ഗക്ഷേത്ര കൾച്ചറൽ & ചാരിറ്റബിൾ

സെന്റർ ഡയറക്ടർ ഫാ. അലക്സ് പ്രായിക്കളം സി.എം.ഐ. ആശീർവദിക്കുകയും ചെയ്തു. ക്രിട്ടിക്കൽ കെയർ, നെഫ്രോളജി സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിലേക്കുള്ള സുപ്രധാനമായ മറ്റൊരു നാഴികക്കല്ലാണിത്.

അടിയന്തര വൃക്കസ്തംഭനം (Acute Kidney Injury), സെപ്സിസ് (Sepsis), ശരീരത്തിൽ അമിതമായി ദ്രാവകം കെട്ടിക്കിടക്കൽ, ഒന്നിലധികം അവയവങ്ങളുടെ പ്രവർത്തനം തകരാറിലാവൽ തുടങ്ങിയ ഗുരുതരാവസ്ഥയിലുള്ള രോഗികൾക്ക് 'കണ്ടിന്യൂവസ് റീനൽ റീപ്ലേസ്മെന്റ് തെറാപ്പി' (CRRT) നൽകുന്നതിനായിട്ടാണ് ഈ അത്യാധുനിക സംവിധാനം രൂപകൽപ്പന ചെയ്തിരിക്കുന്നത്. സാധാരണ ഡയാലിസിസ് താങ്ങാൻ കഴിയാത്ത അവസ്ഥയിലുള്ള രോഗികൾക്ക് കൃത്യതയാർന്ന നിരന്തര വൃക്കസംരക്ഷണം നൽകാൻ ഇതുവഴി സാധിക്കുന്നു.

മെച്ചപ്പെട്ട ഫ്ളൂയിഡ് മാനേജ്മെന്റ്, അത്യാധുനിക സുരക്ഷാ സംവിധാനങ്ങൾ, തടസ്സമില്ലാതെ ചികിത്സ നൽകാനുള്ള ശേഷി എന്നിവയോടുകൂടിയ ഈ പുതിയ C-R-RT മെഷീൻ, വേഗമേറിയതും അത്യാധുനികവും കാരുണ്യപൂർവ്വവുമായ ക്രിട്ടിക്കൽ കെയർ സേവനങ്ങൾ ഉറപ്പ് വരുത്തുന്നതുമാണ്.

### ദക്ഷിണേന്ത്യൻ ശില്പശാല

ആശുപത്രിയിലെ ഡിപ്പാർട്ടുമെന്റ് ഓഫ് സൈക്യാട്രിയുടെ നേതൃത്വത്തിൽ ആർട്ടിഫിഷ്യൽ ഇന്റെലിജൻസ് ഉപകരണങ്ങൾ മാനസികാരോഗ്യരംഗത്ത് എങ്ങനെ ഫലപ്രദമായും നൈനികമായും ഉപയോഗിക്കാം എന്നതിനെ സംബന്ധിച്ച് ഹോസ്പിറ്റൽ കോൺഫറൻസ് ഹാളിൽ സെപ്റ്റംബർ 20നു ഏകദിന ശില്പശാല സംഘടിപ്പിച്ചു. ഹോസ്പിറ്റൽ എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് അധ്യക്ഷതവഹിച്ച യോഗത്തിൽ ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റി കേരള ഘടകം പ്രസിഡന്റ് ഡോ. സാഗർ ടി., സെന്റ് തോമസ് ഹോസ്പിറ്റൽ സെക്യാട്രിക് വിഭാഗം ഡോ. പി. സി. ഷാഹുൽ അമീൻ എന്നിവർ വിവിധ സെഷനുകളിൽ ക്ലാസ്സ് നയിച്ചു. പരിപാടികൾക്ക് ഹോസ്പിറ്റൽ അസോ. ഡയറക്ടറുമാരായ ഫാ. മാർട്ടിൻ മുപ്പത്തിൽചിറ, ഫാ. ജേക്കബ് അത്തിക്കളം, ഫാ. മാർട്ടിൻ തൈപ്പറമ്പിൽ, പോൾ മാത്യു എന്നിവർ നേതൃത്വം നൽകി. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ പ്രമുഖരായ 60 ചികിത്സകർ ശില്പശാലയിൽ പങ്കെടുത്തു.

### ബോധവത്ക്കരണ പരിപാടി

ലോക ഹെപ്പറ്റൈറ്റിസ് ദിനാചരണത്തോടനുബന്ധിച്ച് ചെത്തിപ്പുഴ സെന്റ് തോമസ് കോളേജ് ഓഫ് നഴ്സിങ്ങിലെ വിദ്യാർഥികൾ കുറിച്ചി സാമൂഹികാരോഗ്യകേന്ദ്രത്തിൽ ആഗസ്റ്റ് 29നു ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു.

## ഇൻഫന്റ് ജീസസ് ഹോസ്പിറ്റൽ മണിമല

### CSSD യൂണിറ്റ് പ്രവർത്തനസജ്ജമായി

രോഗീസുരക്ഷയ്ക്കും അണുബാധ നിയന്ത്രണത്തിനും മുൻഗണന നൽകിക്കൊണ്ട് മണിമല ഇൻഫന്റ് ജീസസ് ഹോസ്പിറ്റലിൽ പുതിയ CSSD യൂണിറ്റ്

പ്രവർത്തനസജ്ജമായി. ഫാ. ജോസ് പുത്തൻചിറ (അസോസിയേറ്റ് ഡയറക്ടർ ഓഫ് അഡ്മിനിസ്ട്രേഷൻ) സെപ്റ്റംബർ 3നു വെഞ്ചരിപ്പുകർമങ്ങൾ നിർവ്വഹിച്ചു. ആതുരസേവനരംഗത്ത് അന്താരാഷ്ട്രനിലവാരത്തിലുള്ള രോഗിസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് പുതിയ വിഭാഗം സജ്ജമാക്കിയിരിക്കുന്നത്.

### സൗജന്യ മെഡിക്കൽ ക്യാംപ്

ഇൻഫന്റ് ജീസസ് ഹോസ്പിറ്റൽ മണിമലയും ഗണേശോത്സവ ആഘോഷ സമിതി താഴത്തുവടകരയും സംയുക്തമായി സെപ്റ്റംബർ 12നു സംഘടിപ്പിച്ച സൗജന്യ മെഡിക്കൽ ക്യാംപ് മികച്ച ജനപങ്കാളിത്തത്തോടെ വിജയകരമായി നടന്നു. ക്യാംപിന്റെ ഉദ്ഘാടനം ഹോസ്പിറ്റൽ അസോസിയേറ്റ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) ഫാ. ജോസ് പുത്തൻചിറ നിർവഹിച്ചു. ക്യാംപിൽ കൺസൾട്ടന്റ് ENT സർജൻ ഡോ. ആര്യ ജയൻ, കൺസൾട്ടന്റ് പൾമണോളജിസ്റ്റ് ഡോ. കൃഷ്ണ പ്രസാദ് എം., മെഡിക്കൽ ഓഫീസർ ഡോ. ജോയൽ ജെ. ജയിംസ് എന്നിവർ രോഗികളെ പരിശോധിക്കുകയും ആവശ്യമായ ആരോഗ്യ നിർദേശങ്ങൾ നൽകുകയും ചെയ്തു.

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. ജോസ് പുത്തൻചിറ**
*(അസ്സോസിയേറ്റ് ഡയറക്ടർമാർ)*

**ഫാ. ജയിംസ് കുന്നത്ത്**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

## സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

ESTD 1967
SAH

### ഫാ. ആന്റണി പെരുമ്പള്ളിത്തറ CHAI കേരള റീജിയൻ ജോയിന്റ് സെക്രട്ടറി

ഓഗസ്റ്റ് 19നു കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യ (CHAI) കേരള റീജിയന്റെ ജോയിന്റ് സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട ഫാ. ആന്റണി പെരുമ്പള്ളിത്തറയെ പ്രത്യേക അംഗീകാരവും പുരസ്കാരവും നൽകി ആദരിച്ചു. കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യ (CHAI) ഇന്ത്യയിലെ ആരോഗ്യ-സാമൂഹ്യ സേവന മേഖലകളിൽ പ്രവർത്തിക്കുന്ന പ്രമുഖ ദേശീയ ശൃംഖലയാണ്. രാജ്യത്തുടനീളം 3,572 ആരോഗ്യ-സാമൂഹ്യ സേവന സ്ഥാപനങ്ങൾ CHAIയുടെ ശൃംഖലയിൽ ഉൾപ്പെടുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി ഈ ശൃംഖല 11 പ്രാദേശിക ഘടകങ്ങളായി പ്രവർത്തിക്കുന്നു. പ്രതിവർഷം ഏകദേശം 2.1 കോടി ആളുകൾക്ക് ആരോഗ്യപരിചരണവും അനുബന്ധസേവനങ്ങളും ഈ സ്ഥാപനങ്ങളുടെ ശൃംഖലയിലൂടെ ലഭ്യമാകുന്നു.

### അണുബാധനിയന്ത്രണവും പ്രതിരോധവും

അണുബാധനിയന്ത്രണവും പ്രതിരോധവും സംബന്ധിച്ച പ്രത്യേക പരിശീലന പരിപാടി ഓഗസ്റ്റ് 20ന് ആശുപത്രിയിൽ സംഘടിപ്പിച്ചു. ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ നേതൃത്വത്തിൽ ആശുപത്രി കോൺഫറൻസ് ഹാളിൽ എല്ലാ വിഭാഗങ്ങളിലെയും ജീവനക്കാരെ ഉൾപ്പെടുത്തിയാണ് പരിപാടി സംഘടിപ്പിച്ചത്. ആശുപത്രി പരിസരത്ത് അണുബാധ പകരുന്നത് തടയുന്ന

തിനും രോഗികൾക്കും ജീവനക്കാർക്കും സുരക്ഷിതമായ ആരോഗ്യപരിചരണ അന്തരീക്ഷം ഉറപ്പാക്കുന്നതിനും ഇത്തരം പരിശീലനങ്ങൾ പ്രധാനമാണ്. അണുബാധനിയന്ത്രണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ജീവനക്കാർ ദൈനംദിന പ്രവർത്തനങ്ങളിൽ കൃത്യമായി പാലിക്കേണ്ടതിന്റെ ആവശ്യകത പരിശീലനത്തിലൂടെ വ്യക്തമാക്കി.

**ഓണാഘോഷം**

ഓഗസ്റ്റ് 23നു വിപുലമായ ഓണാഘോഷപരിപാടികൾ സംഘടിപ്പിച്ചു. രാവിലെ 8.30ന് നടന്ന ഉദ്ഘാടന ചടങ്ങോടെയാണ് ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചത്. കേരളത്തിന്റെ പാരമ്പര്യവും സംസ്കാരവും ആഘോഷത്തിന്റെ വിവിധ പരിപാടികളിലൂടെ മനോഹരമായി അവതരിപ്പിച്ചു. ജീവനക്കാരുടെ കൂട്ടായ്മയും സജീവമായ പങ്കാളിത്തവും ആഘോഷത്തിന്റെ പ്രധാന സവിശേഷതകളായി. ഓണാഘോഷത്തിന്റെ ഭാഗമായി ജീവനക്കാർക്കായി വിവിധ വിനോദ മത്സരങ്ങളും ഗെയിമുകളും സംഘടിപ്പിച്ചു. ആവേശകരമായ വടംവലി മത്സരം ജീവനക്കാരുടെ കൂട്ടായ്മയും കായികമനോഭാവവും പ്രകടമാക്കുന്ന പ്രധാന പരിപാടിയായി. ആഘോഷത്തിന്റെ ഭാഗമായി ഒരുക്കിയ ഓണസദ്യ എല്ലാവർക്കും ഒരുമിച്ച് പങ്കുചേരാനും ഓണത്തിന്റെ സന്തോഷം പങ്കുവെക്കാനും അവസരമൊരുക്കി.

**ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് പരിശീലന പരിപാടി**

ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട പ്രത്യേക പരിശീലന പരിപാടി ഓഗസ്റ്റ് 31നു ആശുപത്രിയിൽ സംഘടിപ്പിച്ചു. ബയോമെഡിക്കൽ വിഭാഗവും ക്വാളിറ്റി കൺട്രോൾ വിഭാഗവും സംയുക്തമായാണ് പരിശീലന സെഷൻ നടത്തിയത്. ആശുപത്രിയിൽ ഉണ്ടാകുന്ന വിവിധ തരത്തിലുള്ള ബയോമെഡിക്കൽ മാലിന്യങ്ങൾ ശരിയായ രീതിയിൽ വേർതിരിച്ച് ശേഖരിക്കേണ്ടതിന്റെ പ്രാധാന്യം പരിശീലനത്തിൽ വിശദീകരിച്ചു. ആശുപത്രിയിലെ ക്ലിനിക്കൽ, നോൺ-ക്ലിനിക്കൽ വിഭാഗങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തിയാണ് പരിശീലനം നടത്തിയത്. മാലിന്യസംസ്കരണത്തിലെ പിഴവുകൾ രോഗികൾക്കും ജീവനക്കാർക്കും പരിസ്ഥിതിക്കും ഉണ്ടാക്കാവുന്ന അപകടസാധ്യതകളെക്കുറിച്ചും പരിശീലനത്തിലൂടെ അവബോധം നൽകി.

**NABH 6th Edition Accreditation**

സെപ്റ്റംബർ 8ന് ആശുപത്രിക്ക് NABH 6th Edition Accreditation ലഭിച്ചു. ആലപ്പുഴ ജില്ലയിൽ NABH 6th Edition Accreditation നേടുന്ന ആദ്യ ആശുപത്രി എന്ന അഭിമാനകരമായ നേട്ടവും സഹൃദയ ആശുപത്രി സ്വന്തമാക്കി. ആശുപത്രിയുടെ പ്രവർത്തന മികവിനും ഗുണമേന്മയുള്ള ആരോഗ്യപരിചരണ സേവനങ്ങൾക്കുമുള്ള പ്രധാന അംഗീകാരമായിരുന്നു ഇത്. രോഗികളുടെ സുരക്ഷ, ഗുണമേന്മയുള്ള പരിചരണം, സുരക്ഷിതമായ ആശുപത്രി അന്തരീക്ഷം എന്നിവ ഉറപ്പാക്കുന്നതിനായി ആശുപത്രി നടത്തിയ തുടർച്ചയായ പ്രവർത്തനങ്ങളുടെ പ്രധാന ഫലമായാണ് ഈ അംഗീകാരം ലഭിച്ചത്. NABH മാനദണ്ഡങ്ങൾ പാലി

ക്കുന്നതിനായി ആശുപത്രിയിലെ വിവിധ വിഭാഗങ്ങൾ ഏകോപനത്തോടെ പ്രവർത്തിച്ചു.

### രക്തദാന ക്യാംപ്

സെപ്റ്റംബർ 9ന് ആശുപത്രിയുടെ നേതൃത്വത്തിൽ രക്തദാന ക്യാംപ് സംഘടിപ്പിച്ചു. ആലപ്പുഴയിലെ ഗവ. ജനറൽ ഹോസ്പിറ്റൽ ബ്ലഡ് സെന്ററിലാണ് രക്തദാന പരിപാടി നടന്നത്. രാവിലെ 9.00 മുതൽ ഉച്ചയ്ക്ക് 1.00 വരെയാണ് രക്തം സ്വീകരിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയത്. ആവശ്യക്കാരായ രോഗികൾക്ക് സമയബന്ധിതമായി രക്തം ലഭ്യമാക്കുന്നതിന്റെ പ്രാധാന്യം മുൻനിർത്തിയാണ് പരിപാടി സംഘടിപ്പിച്ചത്. രക്തദാനം ഒരു സാമൂഹിക ഉത്തരവാദിത്വവും ജീവൻ രക്ഷിക്കുന്ന മഹത്തായ സേവനവുമാണെന്ന സന്ദേശം പരിപാടിയിലൂടെ പങ്കുവെച്ചു.

### വിനോദ ബോട്ടിംഗ് യാത്ര

ആശുപത്രിയിലെ ജീവനക്കാർക്കായി പ്രത്യേക വിനോദ ബോട്ടിംഗ് യാത്ര സെപ്റ്റംബർ 14നു സംഘടിപ്പിച്ചു. ജീവനക്കാരുടെ മാനസിക ഉല്ലാസത്തിനും കൂട്ടായ്മയ്ക്കും വിശ്രമത്തിനും അവസരമൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. വിവിധ വിഭാഗങ്ങളിൽ നിന്നുള്ള ജീവനക്കാർ ഒരുമിച്ച് യാത്ര ചെയ്തതിലൂടെ പരസ്പര സൗഹൃദവും സഹകരണ മനോഭാവവും കൂടുതൽ ശക്തിപ്പെടുത്താൻ അവസരം ലഭിച്ചു. മനോഹരമായ വേമ്പനാട് കായലിന്റെ പശ്ചാത്തലത്തിൽ നടന്ന യാത്ര ജീവനക്കാർക്ക് സന്തോഷകരവും ഓർമ്മിക്കപ്പെടുന്നതുമായ അനുഭവമായി മാറി.

### ഡോ. റോജി ബോബൻ സഹൃദയ ആശുപത്രിയിൽ സേവനം ആരംഭിച്ചു

സെപ്റ്റംബർ 9 മുതൽ പ്രമുഖ ഓർത്തോപീഡിക് സർജൻ ഡോ. റോജി ബോബൻ ആശുപത്രിയിൽ സേവനം ആരംഭിച്ചു. ഒമ്പത് വർഷത്തിലധികം പരിചയസമ്പത്തുള്ള ഡോ. റോജി ബോബൻ ഓർത്തോപീഡിക് ചികിത്സാരംഗത്ത് ശ്രദ്ധേയമായ സേവന പരിചയമുള്ള വിദഗ്ധനാണ്. MBBS, MS യോഗ്യതകൾ നേടിയ അദ്ദേഹം Arthroscopy & Arthroplasty മേഖലയിൽ Fellowship പരിശീലനവും നേടിയിട്ടുണ്ട്. സഹൃദയ ആശുപത്രിയിലെ Department of Orthopaedics & Sports Medicine വിഭാഗത്തിലാണ് അദ്ദേഹം സേവനം അനുഷ്ഠിക്കുന്നത്. അസ്ഥി, സന്ധി, മസ്കുലോസ്കെലെറ്റൽ സംബന്ധമായ വിവിധ ആരോഗ്യ പ്രശ്നങ്ങൾക്ക് വിദഗ്ധ കൺസൾട്ടേഷൻ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ സേവനം ആരംഭിച്ചത്.

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

**ഫാ. ആന്റണി പെരുമ്പള്ളിത്തറ**
**ഫാ. ചാക്കോ ഇടമുറിയിൽ**
*(അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് ഡയറക്ടർമാർ)*

# പ്രവാസി അപ്പോസ്തലേറ്റ്

ഈശോയിൽ സ്നേഹം നിറഞ്ഞ പ്രവാസി സഹോദരങ്ങളേ,

പ്രവാസി അപ്പോസ്തലേറ്റിൽനിന്നും പ്രാർത്ഥനാശംസകൾ

കുടുംബത്തിൽനിന്നും നാടിന്റെ സ്നേഹത്തിൽനിന്നും അകന്ന് പ്രവാസജീവിതത്തിന്റെ ഏകാന്തതകളിലൂടെ യാത്രചെയ്യുന്ന സഹോദരങ്ങൾക്കായി സമുദായശക്തീകരണവർഷമായ 2026ൽ പ്രവാസി അപ്പോസ്തലേറ്റ് ഒരുക്കുന്ന പ്രത്യേക ഓൺലൈൻ സംഗമമായ 'എൽറോയ്' ഒക്ടോബർ 17നു നടത്തപ്പെടുന്നു. ഈ ഓൺലൈൻ സംഗമത്തിൽ ഡയറക്ടറച്ചന്മാർ പ്രവാസികളോട് സംസാരിക്കുന്നതാണ്. പ്രോഗ്രാമിന്റെ മുന്നൊരുക്കങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനും വിവിധ കമ്മിറ്റികൾ രൂപീകരിക്കുന്നതിനുമായി ഓഗസ്റ്റ് 31, സെപ്റ്റംബർ 15 എന്നീ തീയതികളിൽ രാത്രി 10 മണിക്ക് സൂം പ്ലാറ്റ്ഫോമിൽ മീറ്റിങ് നടത്തുകയുണ്ടായി. ഈ മീറ്റിങ്ങിൽ ഗ്ലോബൽ, ജിസിസി കോഡിനേറ്റേഴ്സ്, എക്സിക്യൂട്ടിവ് അംഗങ്ങൾ, വിവിധ ചാപ്റ്ററുകളുടെ കോർഡിനേറ്റേഴ്സ്, സബ് കമ്മിറ്റി കോർഡിനേറ്റേഴ്സ് വിവിധ കമ്മിറ്റി അംഗങ്ങൾ എന്നിവരും പങ്കെടുത്തു.

അതിരൂപതാ മീഡിയ കോർഡിനേറ്റേഴ്സിന്റെ പ്രഥമ മീറ്റിങ് സെപ്റ്റംബർ 16ന് ഉച്ചകഴിഞ്ഞു 3 മണിക്ക് സന്ദേശനിലയത്തിൽ നടത്തി. പ്രവാസി അപ്പോസ്തലേറ്റ് മീഡിയ കോർഡിനേറ്ററും ഇതിൽ പങ്കെടുത്തു.

**ഫാ. മാത്യു മാറാട്ടുകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽകളം**
*(ഡയറക്ടർ)*

**ഓഫീസ് സമയം – രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**
**വിളിക്കേണ്ട നമ്പർ – 9207470117/ 8089920614 (നോർക്ക ഹെൽപ്പ് ഡെസ്ക്)**

# കത്തോലിക്കാ കോൺഗ്രസ് (AKCC)

## സമുദായത്തിന്റെ വളർച്ചയിൽ കത്തോലിക്കാ കോൺഗ്രസിന്റെ പങ്കാളിത്തം വിസ്മരിക്കപ്പെടാനാവത്തത്

സമുദായത്തിന്റെ വളർച്ചയിൽ കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകരുടെ പങ്കാളിത്തം ശ്ലാഘനീയമാണെന്നും ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നിരവധി സാമൂഹിക മാറ്റങ്ങൾക്ക് കത്തോലിക്കാ കോൺഗ്രസ് നേതാക്കന്മാരുടെ പങ്കാളിത്തം വിസ്മരിക്കപ്പെടാനാവാത്തത് ആണെന്നും സാമുദായിക ശാക്തീകരണവർഷത്തിൽ സഭയെയും സമുദായത്തെ ഉണർത്തുവാൻ കത്തോലിക്കാ കോൺഗ്രസ് പ്രസ്ഥാനത്തിന് കഴിയണമെന്നും അതിരൂപത ആർച്ചുബിഷപ് എമിരറ്റസ് മാർ ജോസഫ് പെരുന്തോട്ടം.

കത്തോലിക്കാ കോൺഗ്രസ് അതിരൂപതാസമിതിയുടെ നേതൃത്വത്തിൽ ചങ്ങനാശ്ശേരി ഫൊറോനയിൽ സെപ്റ്റംബർ 20നു ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയുടെ നവമി ഹാളിൽ സംഘടിപ്പിച്ച ഫൊറോനാ കൺവൻഷൻ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

2027 ഏപ്രിൽ 9, 10 തീയതികളിൽ ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന 109-ാമത് ജന്മവാർഷിക സമ്മേളനത്തിന് ചങ്ങനാശ്ശേരി അതിരൂപത ആതിഥേയത്വമരുളുമ്പോൾ സമുദായാംഗങ്ങളുടെ പങ്കാളിത്തംകൊണ്ടും കൂട്ടായ്മകൊണ്ടും സഹകരണംകൊണ്ടും ഈ മഹാസംഗമം ശ്രദ്ധിക്കപ്പെടുന്നതായി മാറ്റുവാൻ നേതൃത്വം ശ്രദ്ധിക്കണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

ഫൊറോനാ പ്രസിഡന്റ് കുഞ്ഞുമോൻ തൂമ്പുങ്കൽ സമ്മേളനത്തിൽ അധ്യക്ഷതവഹിച്ചു. ഫൊറോനാ ഡയറക്ടർ ഫാ. ആന്റണി തുണ്ടുകളം ആമുഖസന്ദേശവും അതിരൂപതാ ജനറൽ സെക്രട്ടറി ബിനു ഡൊമിനിക്ക് നടുവിലേഴം മുഖ്യപ്രഭാഷണവും ഗ്ലോബൽ വൈസ് പ്രസിഡന്റ് രാജേഷ് ജോൺ നന്തികാട്ട് വിഷയാനുബന്ധ സന്ദേശവും നൽകി. ഗ്ലോബൽ സെക്രട്ടറി ടോമിച്ചൻ അയ്യരുകുളങ്ങര, അതിരൂപത സെക്രട്ടറിമാരായ സൈബി അക്കര, കെ. എസ്. ആന്റണി കരിമറ്റം, ഫൊറോനാ ഭാരവാഹികളായ ഔസേപ്പച്ചൻ ചെറുകാട്, കെ. പി. മാത്യു കടന്തോട് എന്നിവർ പ്രസംഗിച്ചു. കൺവൻഷന്റെ ഭാഗമായി ഫൊറോനയിൽനിന്ന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ജനപ്രതിനിധിയായവരെയും വ്യാപാരമേഖലയിൽ നിറസാന്നിധ്യമായി നിൽക്കുന്ന സമുദായാംഗങ്ങളെയും യോഗം ആദരിച്ചു.

## കർമ്മധീരരായ പ്രവർത്തകരാണ് സമുദായത്തിന്റെ ഉൾക്കരുത്ത്

കർമ്മധീരരായ പ്രവർത്തകരാണ് സമുദായത്തിന് ഉൾക്കരുത്ത് പകരുന്നതെന്നും സാമൂഹികമായി സംഭവിച്ചിട്ടുള്ള പല മാറ്റങ്ങൾക്കും കാരണം സമുദായ സംഘടനയുടെ അൽമായ നേതാക്കന്മാരാണെന്നും ചരിത്രത്തിൽ അത്

രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും അതുകൊണ്ടുതന്നെ അവരുടെ പ്രവർത്തനങ്ങൾ എന്നും വിലമതിക്കുന്നതാണെന്നും ചങ്ങനാശ്ശേരി അതിരൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ആന്റണി എത്തയ്ക്കാട്ട്.

സഭയും സമുദായവും നേരിടുന്ന പ്രശ്നങ്ങളെ പരിഹരിക്കുവാനും അവയുടെ കെട്ടുറപ്പ് നിലനിർത്തുവാനും കഴിയുന്നത് സമുദായാംഗങ്ങളുടെ കൂട്ടായ്മയും അവരുടെ സമുദായ സ്നേഹവും ആണ്.

കത്തോലിക്ക കോൺഗ്രസ് ചങ്ങനാശ്ശേരി അതിരൂപത സമിതി 2026 സെപ്റ്റംബർ 4 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2:30 ന് സന്ദേശനിലയം ഹാളിൽ സംഘടിപ്പിച്ച വിശാല നേതൃസംഗമം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സമീപ കാലങ്ങളിൽ കത്തോലിക്ക കോൺഗ്രസ് നടത്തിയിട്ടുള്ള സാമൂഹിക ഇടപെടലുകളും ശ്രദ്ധാർഹമായ സമരങ്ങളും സമൂഹത്തിൽ നിരവധി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. സമുദായത്തിനുവേണ്ടി നിലനില്ക്കുവാനും ഒപ്പം ചിന്തിക്കുവാനും കഴിയുന്ന തരത്തിൽ പുതിയ തലമുറയെ രൂപപ്പെടുത്തുവാൻ കത്തോലിക്ക കോൺഗ്രസിന് കഴിയണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അതിരൂപത പ്രസിഡന്റ് ബിജു സെബാസ്റ്റ്യന്റെ അധ്യക്ഷതയിൽ ചേർന്ന വിശാല നേതൃ സമ്മേളനം കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതി 2027 ഏപ്രിൽ മാസത്തിൽ സംഘടിപ്പിക്കുന്ന 109-ാം ജന്മവാർഷിക സമ്മേളനത്തിന് ആതിഥേയത്വമരുളുവാനും പ്രസ്തുത പരിപാടിയിൽ അതിരൂപതയിൽ നിന്ന് ഒരു ലക്ഷം ആളുകളെ പങ്കെടുപ്പിക്കുവാനും തീരുമാനിച്ചു. അതിനു മുന്നോടിയായി ഉള്ള പ്രവർത്തന പരിപാടികൾക്ക് സമ്മേളനം രൂപം നൽകുകയും ചെയ്തു.സമ്മേളനത്തിൽ അതിരൂപത ഡയറക്ടർ ഫാ. സാവിയോ മാനാട്ട് ആമുഖ സന്ദേശവും കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ജനറൽ സെക്രട്ടറി ഡോ. ജോസുകുട്ടി ജെ. ഒഴുകയിൽ മുഖ്യപ്രഭാഷണവും നടത്തി.അതിരൂപത ജനറൽ സെക്രട്ടറി ബിനു ഡൊമിനിക്, ഓഫീസ് ചാർജ് സെക്രട്ടറി പി. സി. കുഞ്ഞപ്പൻ, വൈസ് പ്രസിഡന്റുമാരായ സി.ടി. തോമസ്,ജോർജുകുട്ടി മുക്കത്ത്, ഗ്ലോബൽ ഭാരവാഹികളായ രാജേഷ് ജോൺ, ടോമിച്ചൻ അയ്യരുകുളങ്ങര, അഡ്വ. മനു ജെ. വരാപ്പള്ളി, സെക്രട്ടറിമാരായ കുഞ്ഞ് കളപ്പുര,സെബാസ്റ്റ്യൻ വർഗീസ്, കെ. എസ്. ആന്റണി, ചാക്കപ്പൻ ആന്റണി, സെബാസ്റ്റ്യൻ പുല്ലാട്ടുകാലാ, സേവ്യർ തോമസ് കൊണ്ടോടി, എൻ. എ. ഔസേപ്പ്, സൈബി അക്കര, സിസി അമ്പാട്ട്, ജെസി ആന്റണി, ബാബു വള്ളപ്പുര, ലിസി ജോസ്, ജോസി ഡൊമിനിക്ക്, സിനി പ്രിൻസ് എന്നിവർ പ്രസംഗിച്ചു.

## കുറുമ്പനാടം ഫൊറോന കൺവൻഷൻ

കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ സമിതി ഫൊറോനാ തലത്തിൽ സംഘടിപ്പിച്ച വരുന്ന ഫൊറോന കൺവെൻഷനുകളുടെ ഭാഗമായി സംഘടപ്പിച്ച കുറുമ്പനാടം ഫൊറോന കൺവൻഷൻ ഓഗസ്റ്റ് 23 ഞാറാഴ്ച വൈകുന്നേരം 4.30ന് കുറുമ്പനാടം സെൻറ് ആന്റണീസ് ഫൊറോന പള്ളിയിൽ വച്ച്

നടത്തപ്പെട്ടു. ഫൊറോനാ പ്രസിഡന്റ് കെ. ഡി. ചാക്കോയുടെ അധ്യക്ഷതയിൽ ചേർന്ന കൺവൻഷൻ ഫൊറോന വികാരി ഫാ. ജോബി കറുകപറമ്പിൽ ഉദ്ഘാടനം ചെയ്തു. ഫൊറോന ഡയറക്ടർ ഫാ. ജോൺ പരുവപ്പറമ്പിൽ ആമുഖപ്രഭാഷണവും അതിരൂപത പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണവും അതിരൂപത ജനറൽ സെക്രട്ടറി ബിനു ഡൊമിനിക്ക് വിഷയാവതരണ പ്രസംഗവും നടത്തി. അതിരൂപത വൈസ് പ്രസിഡന്റ് ജോർജുകുട്ടി മുക്കത്ത് ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

### എടത്വാ ഫൊറോനാ കൺവെൻഷൻ

കത്തോലിക്ക കോൺഗ്രസ് അതിരൂപതാ സമിതി ഫൊറോനാ തലത്തിൽ സംഘടിപ്പിച്ച വരുന്ന ഫൊറോന കൺവെൻഷനുകളുടെ ഭാഗമായി സംഘടപ്പിച്ച എടത്വാ ഫൊറോന കൺവൻഷൻ സെപ്റ്റംബർ 20 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് എടത്വാ ഫൊറോന പള്ളിയിലെ പിൽഗ്രിം ഹാളിൽ വച്ച് നടത്തപ്പെട്ടു.

ഫൊറോന പ്രസിഡന്റ് തോമസ് ഫ്രാൻസിസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന കൺവൻഷൻ അതിരൂപത പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിൽ ഉദ്ഘാടനം ചെയ്തു. ഫൊറോനാ വികാരി ഫാ. ജോസഫ് കളരിക്കൽ അനുഗ്രഹപ്രഭാഷണവും ഫൊറോന ഡയറക്ടർ ഫാ. ജോസഫ് ചൂളപറമ്പിൽ ആമുഖപ്രഭാഷണം നടത്തി. അതിരൂപത സെക്രട്ടറി കുഞ്ഞു കളപ്പുര വിഷയാനുബന്ധസന്ദേശം നൽകി. ഫൊറോന ജനറൽ സെക്രട്ടറി വർഗീസ് മാത്യു, ട്രഷറർ മാർട്ടിൻ കുളങ്ങര എന്നിവർ പ്രസംഗിച്ചു.

### AWAKE 26: യൂണിറ്റ് രൂപീകരണം

#### പറാൽ ഇടവക

ചങ്ങനാശ്ശേരി ഫൊറോനയിലെ പറാൽ ഇടവകയിൽ സെപ്റ്റംബർ 13 ഞായറാഴ്ച ആദ്യത്തെ കുർബാനയ്ക്കുശേഷം പുതിയ യൂണിറ്റ് രൂപീകരിച്ചു. വികാരി ഫാ. ജിജോ ഇലഞ്ഞിക്കൽ, അതിരൂപത സെക്രട്ടറി കെ. എസ്. ആന്റണി ഫൊറോനാ പ്രസിഡന്റ് കുഞ്ഞുമോൻ തൂമ്പുങ്കൽ, ട്രഷറർ കെ. പി. മാത്യു കടംതോട് എന്നിവർ യൂണിറ്റ് രൂപീകരണ പരിപാടികൾക്ക് നേതൃത്വം നൽകി.

#### വായ്പൂർ ഓൾഡ് ഇടവക

നെടുംങ്കുന്നം ഫൊറോനയിലെ വായ്പൂർ സെന്റ് മേരീസ് ഓൾഡ് പള്ളിയിൽ കത്തോലിക്ക കോൺഗ്രസിന്റെ പുതിയ യൂണിറ്റ് രൂപീകരണം 2026 സെപ്റ്റംബർ 13 ഞായറാഴ്ച രാവിലത്തെ വിശുദ്ധ കുർബാനയ്ക്കുശേഷം നടന്നു. അതിരൂപത പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ രൂപീകരണ പരിപാടികൾക്ക് നേതൃത്വം നൽകി.

#### വെട്ടിക്കൽപുരയിടം ഇടവക

നെടുംകുന്നം ഫൊറോനയിലെ സെന്റ് സെബാസ്റ്റ്യൻസ് വെട്ടിക്കൽ പുര

യിടം ഇടവകയിൽ കത്തോലിക്ക കോൺഗ്രസിന്റെ പുതിയ യൂണിറ്റ് 2026 സെപ്റ്റംബർ 13 ഞായറാഴ്ച രാവിലത്തെ കുർബാനയോടുകൂടി ആരംഭിച്ചു. വിശുദ്ധ കുർബാനയ്ക്കും യൂണിറ്റ് രൂപീകരണത്തിനും ഡയറക്ടർ ഫാ. ഡോ. സാവിയോ മാനാട്ട് നേതൃത്വം നൽകി

**പനയമ്പാല സെന്റ് സെബാസ്റ്റ്യൻസ് ഇടവക**

നെടുംകുന്നം ഫൊറോനയിലെ പനയമ്പാല ഇടവകയിൽ സെപ്റ്റംബർ 20 ഞായറാഴ്ച ആദ്യത്തെ കുർബാനയ്ക്കുശേഷം രാവിലെ 8.15 ന് യൂണിറ്റ് രൂപീകരണ പരിപാടികൾ നടന്നു. വികാരി ഫാ. ടോബി പുളിക്കാശ്ശേരി,അതിരൂപത ജനറൽ സെക്രട്ടറി ബിനു ഡൊമിനിക്ക് നടുവിലേഴം എന്നിവർ രൂപീകരണ പരിപാടികൾക്ക് നേതൃത്വം നൽകി.

**AWAKE 26: യൂണിറ്റ് ശാക്തീകരണം**

**മാമ്മൂട് ലൂർദ് മാതാ**

മാമൂട് ലൂർദ് മാതാ ഇടവകയിൽ യൂണിറ്റ് ശാക്തികരണ പരിപാടിയുമായി ബന്ധപ്പെട്ട് സെപ്റ്റംബർ 20 ഞായറാഴ്ച രാവിലത്തെ കുർബാനയിൽ അതിരൂപത ഡയറക്ടർ ഫാ. ഡോ. സാവിയോ മാനാട്ട് പങ്കെടുക്കുകയും സംഘടനയെ കുറിച്ച് സംസാരിക്കുകയും ചെയ്തു.

**നെടുങ്ങാടപ്പള്ളി സെന്റ് അത്തനേഷ്യസ്**

നെടുങ്ങാടപ്പള്ളി സെന്റ അത്തനേഷ്യസ് ഇടവക പള്ളിയിൽ സെപ്റ്റംബർ 20 ഞായറാഴ്ച ആദ്യത്തെ കുർബാനയ്ക്കുശേഷം യൂണിറ്റ് ശാക്തീകരണ സംഗമം നടത്തപ്പെട്ടു. അതിരൂപത വൈസ് പ്രസിഡന്റ് ഷിജി ജോൺസൺ പരിപാടികൾക്ക് നേതൃത്വം നൽകി.

**INBC ഇന്റർ നാഷണൽ ബിസിനസ് കോൺക്ലേവ്**

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 13 ഞായറാഴ്ച രാവിലെ 10 മണി മുതൽ കൊച്ചി മൺസൂൺ എംബ്രസ് ഹോട്ടലിൽ വച്ച് നടന്ന ഇന്റർനാഷണൽ ബിസിനസ് കോൺക്ലേവിൽ ചങ്ങനാശ്ശേരി അതിരുപതാഗങ്ങളായ 18 പ്രതിനിധികൾ പങ്കെടുത്തു.പ്രസ്തുത പരിപാടിയുടെ ജനറൽ കോ- ഓർഡിനേറ്റർ ആയി ഗ്ലോബൽ വൈസ് പ്രസിഡന്റും അതിരൂപതാംഗവുമായ രാജേഷ് ജോണും ജനറൽ കൺവീനറായി അതിരൂപത സെക്രട്ടറി സെബാസ്റ്റ്യൻ വർഗീസും പ്രവർത്തന പരിപാടികൾക്ക് നേതൃത്വം നൽകി. സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ ബിസിനസ് കോൺക്ലേവ് ഉദ്ഘാടനം ചെയ്തു.

**ഫാ. സാവിയോ മാനാട്ട്**
*(ഡയറക്ടർ)*

**ബിജു സെബാസ്റ്റ്യൻ**
*(പ്രസിഡന്റ്)*

**ബിനു ഡൊമിനിക്**
*(ജനറൽ സെക്രട്ടറി)*

# കേരള ലേബർ മൂവുമെന്റ്
# (KLM)

## പുതിയ സംഘം

അതിരമ്പുഴ കോട്ടയ്ക്കുപുറം യൂണിറ്റിൽ ഓഗസ്റ്റ് 30 ന് സെന്റ് ജോസഫ് എസ്.എച്ച്.ജി. രൂപീകരിച്ചു. വികാരി ഫാ. തോമസ് പ്ലാപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനം അതിരൂപത ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം ചെയ്തു. അസി. വികാരി ഫാ. ജോസഫ് പള്ളിക്കൽ, അതിരമ്പുഴ ഫൊറോനാ കോർഡിനേറ്റർ ജോൺ സെബാസ്റ്റ്യൻ, ഫൊറോനാ സെക്രട്ടറി സാജു ജോർജ്, യൂണിറ്റ് കോർഡിനേറ്റർ കുര്യൻ വി. ഡി. എന്നിവർ പങ്കെടുത്തു.

## കെ.എൽ.എം. യൂണിറ്റ് വാർഷികങ്ങൾ

കെ.എൽ.എം. അതിരമ്പുഴ കോട്ടയ്ക്കുപുറം യൂണിറ്റിന്റെ വാർഷികം ഓഗസ്റ്റ് 30നു നടത്തപ്പെട്ടു. വികാരി ഫാ. തോമസ് പ്ലാപ്പറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എൽ.എം. ചങ്ങനാശ്ശേരി അതിരൂപത ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം നിർവഹിച്ചു. അസി. വികാരി ഫാ. ജോസഫ് പള്ളിക്കൽ, അതിരമ്പുഴ ഫൊറോനാ കോർഡിനേറ്റർ ജോൺ സെബാസ്റ്റ്യൻ, ഫൊറോനാ സെക്രട്ടറി സാജു ജോർജ്, യൂണിറ്റ് കോർഡിനേറ്റർ കുര്യൻ വി. ഡി. എന്നിവർ പങ്കെടുത്തു.

കെ.എൽ.എം. കോട്ടയം അരുവിക്കുഴി യൂണിറ്റിന്റെ വാർഷികം സെപ്റ്റംബർ 13നു നടത്തപ്പെട്ടു. വികാരി ഫാ. സെബാസ്റ്റ്യൻ ശൗര്യാമാക്കൽ അദ്ധ്യക്ഷത വഹിച്ചു. കെ.എൽ.എം. ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ ഉദ്ഘാടനം നിർവഹിച്ചു. അതിരൂപത ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പി. ജെ., ജോയിന്റ് സെക്രട്ടറി ഷാജി കോര, കോട്ടയം ഫൊറോനാ കോർഡിനേറ്റർ ടോമി തോമസ്, ഫൊറോനാ സെക്രട്ടറി വിന്നി ബെന്നി, യൂണിറ്റ് കോർഡിനേറ്റർ ജോണിക്കുട്ടി ജോസഫ് എന്നിവർ പങ്കെടുത്തു.

## അഭിനന്ദനങ്ങൾ

കെ.എൽ.എം. കോട്ടയം സോണൽ ഡയറക്ടറായി നിയമിതനായ അതിരൂപത ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിലിന് കെ.എൽ.എം. അതിരൂപതാ സമിതിയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

## ആദരാഞ്ജലികൾ

പനയമ്പാല സെന്റ് ആന്റണീസ് സംഘാംഗം ചാക്കോ ആന്റണി വടക്കേപറമ്പിൽ, ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻ സംഘാംഗം ദേവസ്യ തോമസ് പുതുപ്പറമ്പിൽ, നെടുമണ്ണി ഇമ്മാനുവേൽ സംഘാംഗം ദേവസ്യ ജോസഫ് വേട്ടർത്തോട്ടം എന്നിവരുടെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബത്തിന്റെ അനുശോചനവും പ്രാർത്ഥനയും നേരുന്നു.

## മരണാനന്തര സഹായ നിധി

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരരുടെ നോമിനികൾക്കു മരണാനന്തര സഹായമായ 1,30,000 രൂപ സെപ്റ്റംബർ 3 നു കൈമാറി.

| | പേര് | സംഘം |
|---|---|---|
| 211 | വർഗ്ഗീസ് തോമസ് | നാലുകോടി മദർ തെരേസ സംഘം |
| 212 | കുഞ്ചെറിയ കെ. | തുരുത്തി സെന്റ് അൽഫോൻസ സംഘം |

**സെബാസ്റ്റ്യൻ പി. ജെ.**
*(ജനറൽ സെക്രട്ടറി)*

**ഫാ. ജോസഫ് ചമ്പക്കുളത്തിൽ**
*(ഡയറക്ടർ)*

# ദളിത് കത്തോലിക്കാ മഹാജനസഭ (DCMS)

## വിദ്യാഭ്യാസ സെമിനാർ

അഭി. മാർ ജോസഫ് പവ്വത്തിൽ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ എസ്.ബി. കോളേജ് കാവുകാട്ടുഹാളിൽ ഓഗസ്റ്റ് അഞ്ചിന് നടത്തപ്പെട്ട വിദ്യാഭ്യാസ സെമിനാറിൽ ഡി.സി.എം.എസ്., ഡി.സി.വി.എസ്., യുവജനങ്ങൾ, അദ്ധ്യാപകർ ഉൾപ്പെടെ 20 പ്രതിനിധികൾ പങ്കെടുത്തു.

## ഡി.സി.എം.എസ്. സംസ്ഥാന കൗൺസിൽ

ഡി.സി.എം.എസ്.സംസ്ഥാന കമ്മറ്റിയുടെ നേതൃത്വത്തിൽ പ്രഥമ കൗൺസിൽ മീറ്റിങ്ങ് ചങ്ങനാശ്ശേരി അതിരൂപത പാസ്റ്ററൽ സെന്ററിൽ ഓഗസ്റ്റ് 12നു നടത്തപ്പെട്ടു. ഡി.സി.എം.എസ്. ചങ്ങനാശ്ശേരി അതിരൂപത ആതിഥേയത്വം വഹിച്ച കൗൺസിൽ മീറ്റിങ്ങ് കെ.സി.ബി.സി./എസ്.സി./ബി.സി. കമ്മീഷൻ ചെയർമാൻ അഭി. ഗീവർഗീസ് മാർ അപ്രേം പിതാവ് ഉദ്ഘാടനം ചെയ്തു. കെ.സി.ബി.സി./എസ്.സി. എസ്.റ്റി./ബി.സി. കമ്മീഷൻ സെക്രട്ടറിയും ഡി.സി. എം.എസ്. സംസ്ഥാന ഡയറക്ടറുമായ ഫാ. ജോസുകുട്ടി ഇടത്തിനകം, സംസ്ഥാനപ്രസിഡന്റ് ഷിബു ജോസഫ്, സംസ്ഥാന കമ്മറ്റി ഭാരവാഹികൾ, വിവിധ രൂപതകളിൽ നിന്നുള്ള ഡി.സി.എം.എസ്. സംസ്ഥാന കൗൺസിൽ അംഗങ്ങൾ പങ്കെടുത്തു. 4 മണിയോടെ മീറ്റിങ് അവസാനിച്ചു.

## ഡി.സി.എം.എസ്., ഡി.സി.വി.എസ്. സംയുക്ത കൗൺസിൽ

സംയുക്ത കൗൺസിൽ മീറ്റിങ്ങ് ഓഗസ്റ്റ് 20നു പാസ്റ്ററൽ സെന്റർ ഹാളിൽ നടന്നു. ഡി.സി.എം.എസ്. അതിരൂപതാ പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ച മീറ്റിങ്ങിൽ ഡി.സി.എം.എസ്. ഡയറക്ടർ ഫാ. ജോസഫ് കുഴിയടിയിൽ ആമുഖസന്ദേശം നൽകി. തുടർന്ന് നടന്ന ചർച്ചയിൽ യൂണിറ്റ്, ഫൊറോന ശക്തീകരണ പരിപാടികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചു. 33 യൂണിറ്റുകളിൽനിന്നും 70 പ്രതിനിധികൾ പങ്കെടുത്തു. 4 മണിക്ക് മീറ്റിങ് അവസാനിച്ചു.

ഈശോയിൽ സ്നേഹപൂർവം,

**ഡോ. സിജോ ജേക്കബ്**
*(പ്രസിഡന്റ്)*

**ഫാ. ജോസഫ് കുഴിയടിയിൽ**
*(ഡയറക്ടർ)*

**മാത്യു ജോസഫ്**
*(സെക്രട്ടറി)*

"സമാധാനം-സൗഭാഗ്യം"

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

പ്രിയ സഹോദരങ്ങളെ,

## ഭ്രാതൃത്വ ഭാരവാഹികളുടെ സംഗമം

### കുറുമ്പനാടം റീജൻ

കുറുമ്പനാടം റീജൻ ഭാരവാഹികളുടെയും റീജയണിലുള്ള എല്ലാ ഭ്രാതൃത്വങ്ങളിലെ ഭാരവാഹികളുടെയും സംയുക്ത സമ്മേളനം ആഗസ്റ്റ് 28നു സെന്റ് സെബാസ്റ്റ്യൻ പള്ളിയുടെ ഹാളിൽ റീജൻ മിനിസ്റ്റർ ബ്രദർ അലക്സ് വലിയപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ഒത്തുചേർന്നു. അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്തായുടെ പ്രത്യേക താൽപര്യത്താൽ, ഒക്ടോബർ 2ന് പൂന്തോപ്പ് ഇടവകയിൽ നടത്തപ്പെടുന്ന ചങ്ങനാശ്ശേരി അതിരൂപത ഫ്രാൻസിസ്കൻ സംഗമത്തിൽ ഓരോ ഭ്രാതൃത്വത്തിൽനിന്നും 7 അംഗങ്ങൾ പങ്കെടുക്കുമെന്ന് ഉറപ്പുവരുത്തി.

വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ സ്വർഗ്ഗപ്രാപ്തിയുടെ 800-ാം ജൂബിലി വർഷത്തിന്റെ കാലയളവിൽ തിരുനാളിന് ഒരുക്കമായ നൊവേനയും തിരുനാൾ ആഘോഷങ്ങളും ആത്മീയ ഒരുക്കത്തിൽ നടത്തുവാനും ജൂബിലി വർഷം പ്രമണിച്ച് എസ്.എഫ്.ഒ. പ്രവർത്തിക്കുന്ന ഇടവകകളിൽ ബഹു. വികാരിയച്ചന്മാരോട് ആലോചിച്ച് കുട്ടികൾക്കും മുതിർന്നവർക്കും വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ ജീവിതത്തെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുവാനും ജൂബിലി വർഷത്തെ മറ്റു പ്രവർത്തനങ്ങളുടെ ഭാഗമായി ഭ്രാതൃത്വ ഇടവകകളിലെ രോഗീസന്ദർശനം ഊർജിതമാക്കുവാനും അടുക്കളത്തോട്ടങ്ങൾക്കായി പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുവാനും സമ്മേളനത്തിൽ തീരുമാനിച്ചു.

### എടത്വാ റീജൻ

എടത്വ റീജൻ ഭാരവാഹികളുടെയും റീജയണിലുള്ള എല്ലാ ഭാതൃത്വങ്ങളിലെ ഭാരവാഹികളുടെ സംയുക്ത സമ്മേളനം ആഗസ്റ്റ് 29നു സെന്റ് ജോർജ് ഫൊറോനാപ്പള്ളിയുടെ ഹാളിൽ റീജൻ മിനിസ്റ്റർ ബ്രദർ സാബു കരിക്കംപള്ളിയുടെ അദ്ധ്യക്ഷതയിൽ ഒരുമിച്ചുകൂടി. ഒക്ടോബർ 2നു പൂന്തോപ്പ് ഇടവകയിൽ നടത്തപ്പെടുന്ന ചങ്ങനാശ്ശേരി അതിരൂപതാ ഫ്രാൻസിസ്കൻ സംഗമത്തിൽ ഓരോ ഭാതൃത്വത്തിൽനിന്നും 7 അംഗങ്ങൾ പങ്കെടുക്കുമെന്ന് ഉറപ്പുവരുത്തി. ജൂബിലി കാലയളവിൽ തിരുനാളിന് ഒരുക്കമായ നൊവേനയും തിരുനാൾ ആഘോഷങ്ങളും ആത്മീയ ഒരുക്കത്തിൽ നടത്തുവാൻ ഓർമ്മിപ്പിച്ചു. ജൂബിലി വർഷത്തെ പ്രവർത്തനങ്ങളുടെ ഭാഗമായി ക്വിസ് മത്സരങ്ങൾ ഭ്രാതൃത്വ ഇടവകകളിലെ രോഗീസന്ദർശനം ഊർജിതമാക്കുവാനും അടുക്കള തോട്ടങ്ങൾക്കായി പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുവാനും തീരുമാനിച്ചു. ഇടവക വികാരി

ഫാ. ജോസഫ് കളരിക്കലിന്റെ സാന്നിദ്ധ്യവും സന്ദേശവും അംഗങ്ങൾക്ക് പ്രചോദനം നൽകി.

ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ഓർമ്മ ആചരണത്തെക്കുറിച്ച് ബഹു. വികാരിയച്ചൻ ആലോചന നടത്തി. അസി. വികാരി ഫാ. ആന്റണി നമ്പിയത്ത് യോഗത്തിൽ സന്നിഹിതനായിരുന്നു.

**വാഴപ്പള്ളി റീജൻ**

റീജൻ ഭാരവാഹികളുടേയും ഭ്രാതൃത്വ ഭാരവാഹികളുടേയും സംയുക്ത സമ്മേളനം ആഗസ്റ്റ് 30നു വാഴപ്പള്ളി ഗത്സമനി ആശ്രമത്തിൽ റീജൻ മിനിസ്റ്റർ ബ്രദർ പ്രമോദ് പി. ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടി. ചങ്ങനാശ്ശേരി അതിരൂപത ഫ്രാൻസിസ്ക്കൻ സംഗമത്തിലെ പ്രാതിനിധ്യം, ഒക്ടോബർ 4ലെ തിരുനാളിന് ഒരുക്കമായുള്ള നൊവേനയും തിരുനാൾ ആഘോഷങ്ങൾ, ക്വിസ്സ് മത്സരം രോഗീസന്ദർശനം, അടുക്കളത്തോട്ടത്തിന് ആവശ്യമായ പച്ചക്കറി വിത്ത് വിതരണം തുടങ്ങിയവ ചെയ്യുവാനും സമ്മേളനത്തിൽ തീരുമാനിച്ചു. .

**കുട്ടനാട് റീജൻ**

കുട്ടനാട് റീജൻ ഭാരവാഹികളുടേയും ഭാതൃത്വ ഭാരവാഹികളുടെയും സംയുക്ത സമ്മേളനം ഓഗസ്റ്റ് 31നു തായങ്കരി സെന്റ് ആന്റണീസ് പള്ളിയിൽ റീജൻ മിനിസ്റ്റർ ബ്രദർ ആന്റപ്പൻ ആട്ടോക്കാരന്റെ അദ്ധ്യക്ഷതയിൽ യോഗം കൂടി. അതിരൂപതയുടെ ഫ്രാൻസിസ്കൻ സംഗമം തിരുനാൾ ഒരുക്കങ്ങൾ, ജൂബിലി വർഷത്തിലെ പ്രവർത്തനങ്ങൾ എന്നിവ ചർച്ച ചെയ്തു.

**നിര്യാതരായി**

എൻ. എസ്. തോമസ് നക്കര (കുറുമ്പനാടം റീജൻ നെടുങ്കുന്നം ഭ്രാതൃത്വാംഗം), ജോസ് ജോസഫ് കൊഴുപ്പക്കളം (എടത്വ റീജൻ സെന്റ് ജോർജ് ഭ്രാതൃത്വാംഗം), ത്രേസ്യാമ്മ ദേവസ്യ കല്ലുപറമ്പിൽ (എടത്വാ റീജൻ സെന്റ് ജോർജ് ഭ്രാതൃത്വാംഗം), വത്സമ്മ തോമസ് നെല്ലിക്കുന്നത്ത് പുത്തൻപുരക്കൽ (എടത്വാ സെന്റ് ജോർജ് ഭ്രാതൃത്വാംഗം).

**എത്സമ്മ സെബാസ്റ്റ്യൻ**
**മരങ്ങാട്ട്**
*(സെക്രട്ടറി)*

**ഫാ. അലക്സ് വാച്ചാപറമ്പിൽ**
**ഒ.എഫ്.എം. കപ്പൂച്ചിൻ**
*(സ്പിരിചൽ അസ്സിസ്റ്റന്റ്)*

# വിൻസെൻഷ്യൻ വേദി
# (SSVP)

*''അതിനാൽ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവരും വാത്സല്യ ഭാജനങ്ങളും, പരിശുദ്ധരുമെന്ന നിലയിൽ നിങ്ങൾ കാരുണ്യം, ദയ, വിനയം, സൗമ്യത, ക്ഷമ എന്നിവ ധരിക്കുവിൻ''* (കൊളോസോസ് 3:1-2)

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളെ,

ഒട്ടേറെ പ്രചോദനാത്മകമായ ചിന്തകൾ നമുക്കു ലഭിച്ച അവസരമാണല്ലോ നമ്മുടെ തിരുനാളാഘോഷം. ഒരു വിൻസെൻഷ്യൻ ആവുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ലെന്ന് നമുക്കൊക്കെ അറിവുള്ളതാണല്ലോ. 'വിൻസെഷ്യൻ വിളി' ലഭിച്ചവരായാണ് വി. പോൾ ആറാമൻ പാപ്പ സൊസൈറ്റി അംഗങ്ങളെ വിശേഷിപ്പിച്ചിരുന്നത്. ദൈവവുമായുള്ള ഗാഢമായ ബന്ധം വിൻസെൻഷ്യൻ പ്രവർത്തകരുടെ പ്രധാന സവിശേഷതയാവണം. ഈ ബന്ധത്തിൽ നിന്നാവണം സഹോദരസ്നേഹത്തിന്റെ പ്രവൃത്തികൾ ഉടലെടുക്കേണ്ടത്. അമേരിക്കൻ റിഫോംഡ് ബാപ്റ്റിസ്റ്റ് ദൈവശാസ്ത്രജ്ഞനായ ജോൺ പൈപ്പർ ഇപ്രകാരം പറയുന്നുണ്ട്: 'നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ ആവശ്യം എന്നത് കൂടുതൽ സാധനങ്ങളോ, കൂടുതൽ സമയമോ, കൂടുതൽ പണമോ അല്ല, അത് ദൈവത്തെ അറിയുക എന്നതാണ്.' ദൈവത്തെ അറിയാൻ നമ്മെത്തന്നെ എളിമപ്പെടുത്തുക ആവശ്യമാണ്. ''ഞാനെന്ന ഭാവമതു തോന്നായ്ക വേണമിഹ'' എന്ന എഴുത്തച്ഛന്റെ വരികളിൽ എളിമപ്പെടാനുള്ള ഒരാഹ്വാനം നമുക്കു നൽകുന്നുണ്ട്. ഞാനെന്ന ഭാവം, എന്റെ ഇഷ്ടങ്ങൾ, എന്റെ താല്പര്യങ്ങൾ ഒക്കെ മാറ്റി വച്ച് ദൈവത്തിനും മനുഷ്യർക്കുംവേണ്ടി ജീവിക്കുന്നവരാകുക എന്നതാണ് നമ്മുടെ വിളി നൽകുന്ന ആഹ്വാനം. ചുറ്റുമുള്ള ദുർവിശേഷങ്ങൾ നമ്മെ ചുറ്റിവരിയുന്ന ഈ കാലത്ത് സുവിശേഷാനുസൃത ജീവിതം നയിക്കുക വളരെ ബുദ്ധിമുട്ടാണ്.

വിൻസെൻഷ്യൻ പ്രവർത്തനം എന്നാൽ പ്രധാനമായും സ്നേഹം അഭ്യസിക്കുക എന്നതാണ്. നമ്മുടെ സഹായം ആവശ്യമുള്ളിടത്തു നാം അയൽക്കാരാവണം. ഈ മാതൃകയാണ് നമ്മുടെ സ്ഥാപകരും, സ്വർഗീയ മദ്ധ്യസ്ഥനുമൊക്കെ നമുക്കു കാണിച്ചുതരുന്നത്. മനുഷ്യൻ സൃഷ്ടിക്കുന്ന മതിലുകൾ അതിനു തടസ്സമാവരുത്. മറ്റുള്ളവരെ സഹായിക്കാൻ സമ്പത്തല്ല, സമ്പന്നമായ ഒരു മനസ്സ് ഉണ്ടാവുക എന്നതാണ് പ്രധാനം. ഉള്ളിന്റെയുള്ളിൽ ഒന്നാണെന്ന തിരിച്ചറിവാണ് ആത്മീയത. നമ്മളോടു സഹായം ചോദിക്കുന്നവരെ മറ്റുള്ളവർ സഹായിച്ചോളും എന്ന ചിന്തയിൽ നാം ഒഴിവാക്കാറുണ്ടോ എന്നു ചിന്തിക്കുന്നതും ഉചിതമായിരിക്കും. എല്ലാ ഒഴിവുകഴിവുകൾക്കും നമുക്കുള്ള പ്രധാന മറുപടി 'സമയം തികയുന്നില്ല' എന്നതാണല്ലോ. തെരക്കൊഴിഞ്ഞിട്ടു ദൈവത്തെ സ്നേഹിക്കാനും, സഹോദരനെ പരിഗണിക്കാനും സാധിക്കുന്നില്ല എന്നതാണ് നമ്മുടെ പ്രശ്നം. വി. ലൂക്കാ എഴുതിയ സുവിശേഷത്തിൽ 14-ാം അധ്യാ

യത്തിലെ വിവാഹ വിരുന്നിനു ക്ഷണിക്കപ്പെട്ടവരെപ്പോലെയാണ് പലപ്പോഴും നമ്മുടെ അവസ്ഥ. വയൽ വാങ്ങി, കാളകളെ വാങ്ങി, വിവാഹം കഴിഞ്ഞതേയുള്ളൂ തുടങ്ങിയ ഒഴിവുകഴിവുകൾ നിരത്തുന്നവരെ നമുക്കവിടെ കാണാൻ കഴിയും. ഇവയൊന്നും തന്നെ കുറ്റമായി കർത്താവു പറയുന്നില്ല. ഇവയെല്ലാം നൽകിയവന്റെ വിലപ്പെട്ട ക്ഷണത്തേക്കാൾ ഇവക്കൊക്കെ പ്രാധാന്യം നല്കി എന്നതാണ് യജമാനനെ പ്രകോപിപ്പിച്ചത്. അനുദിനവ്യാപാരങ്ങളുടെ തിരക്കിൽ പിന്നീടാകട്ടെ, ഇപ്പോൾ സമയമില്ല തുടങ്ങിയ പതിവു മറുപടികൾക്കപ്പുറം നല്ല ഭാഗം തെരഞ്ഞെടുക്കാൻ നമുക്കാവണം. തന്നെ അറിയാനും, സ്നേഹിക്കാനും അനുഗമിക്കാനും ജീവിത സാക്ഷ്യം നൽകാനുമുള്ള ക്ഷണമാണ് ഈശോ നമുക്ക് നൽകുന്നത്. ഈ ക്ഷണത്തോടുള്ള അനുകൂലമായ പ്രതികരണമാവട്ടെ നമ്മുടെ വിൻസെഷ്യൻ പ്രവർത്തനങ്ങൾ എന്ന് ആശംസിക്കുന്നു.

പുളിങ്കുന്ന് ഏരിയാ കൗൺസിലിന്റെ പ്രസിഡന്റ് സ്ഥാനം ഉൾപ്പെടെ വിവിധ ഉത്തരവാദിത്തങ്ങൾ വഹിച്ചിരുന്ന ബ്രദർ തോമസ് പത്തിൽ (കുഞ്ഞോമാച്ചൻ), വൈശ്യംഭാഗം കോൺഫറൻസ് അംഗം ബ്രദർ സിബി തട്ടൂതറ, ചീരംഞ്ചിറ കോൺഫറൻസ് അംഗം ബ്രദർ ബോബിച്ചൻ മണത്തറ, മണ്ണാർകുന്ന് കോൺഫറൻസ് അംഗം ബ്രദർ തോമസ് അത്തിമറ്റത്തിൽ എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. എല്ലാവരുടെയും സേവനങ്ങളെ നന്ദിപൂർവം അനുസ്മരിക്കുകയും, ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പുതിയ സൊസൈറ്റിയുടെ ആദ്യവാർഷിക പൊതുയോഗം ഒക്ടോബർ 25 ഞായറാഴ്ച പാസ്റ്ററൽ സെന്ററിൽ ഉച്ചകഴിഞ്ഞ് 2.30 മുതൽ നടക്കുന്നതാണ്. കോൺഫറൻസ് പ്രസിഡന്റുമാർക്കും ഏരിയാ കൗൺസിൽ പ്രസിഡന്റുമാർക്കും ഇതു സംബന്ധിച്ച കത്തുകൾ അയച്ചിട്ടുണ്ട്. എന്തെങ്കിലും പ്രത്യേക വിഷയം ഉന്നയിക്കാനുണ്ടെങ്കിൽ അവ രേഖാമൂലം ഒക്ടോബർ 12നു മുമ്പായി സെക്രട്ടറിയെ ഏൽപിക്കേണ്ടതാണ്. കൂടുതൽ നിർദ്ദേശങ്ങൾക്കായി ഏരിയാ കൗൺസിൽ പ്രസിഡന്റുമായി ബന്ധപ്പെടുക.

നമ്മുടെ പുതിയ സെൻട്രൽ കൗൺസിൽ പ്രസിഡന്റ് തെരഞ്ഞെടുപ്പു സംബന്ധിച്ച വിവരങ്ങൾ വാട്സാപ്പിലൂടെ ലഭിക്കുന്നതാണ്. പുതിയ ബോർഡ് നവംബർ ആദ്യവാരം സ്ഥാനമേല്ക്കുന്നതാണ്. എല്ലാവരുടെയും സഹകരണങ്ങളും പ്രാർത്ഥനകളും പ്രതീക്ഷിച്ചുകൊണ്ട്

ഈശോയിൽ സ്നേഹപൂർവം,

**തോമസ് റ്റി. മൂലയിൽ**
*സെൻട്രൽ കൗൺസിൽ പ്രസിഡന്റ്*

# കരിസ്മാറ്റിക് നവീകരണം

''അങ്ങയുടെ വചനങ്ങൾ കണ്ടെത്തിയപ്പോൾ ഞാൻ അവ ഭക്ഷിച്ചു. അവ എനിക്ക് ആനന്ദാമൃതമായി. എന്റെ ഹൃദയത്തിന് സന്തോഷവും'' (ജറമിയ 15:16).

## കൃപാഭിഷേക കൺവൻഷൻ

ചങ്ങനാശ്ശേരി കരിസ്മാറ്റിക് സോണൽ സർവീസ് ടീമിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 2 മുതൽ 24 വരെ എസ്.ബി. കോളേജ് ഫുട്ബോൾ ഗ്രൗണ്ടിൽ ബഹു. ഡൊമനിക് വാളമ്മനാൽ അച്ചന്റെ നേതൃത്വത്തിൽ നടന്ന കൃപാഭിഷേക കൺവൻഷൻ വലിയ ദൈവാനുഗ്രഹത്തിന്റെ ദിവസങ്ങളായിരുന്നു. സർവീസ് ടീം ഡയറക്ടർ ബഹു. മാത്യു താന്നിയത്ത് അച്ചൻ നേതൃത്വം നൽകിയ കൺവൻഷന് ജനറൽ കൺവീനറായി മഞ്ജു മാത്തൂർ, വിവിധ കമ്മറ്റികളുടെ കൺവീനർമാരായി സി. ചെറുപുഷ്പം എസ്.എ.ബി.എസ്, ബേബിച്ചൻ ലാഹപറമ്പിൽ, മോൻ ചെത്തിമറ്റം, സിബിച്ചൻ ഉപ്പുകുന്നേൽ, ഡൊമനിക് ആന്റണി മറ്റപറമ്പിൽ, ജോസി കൊണ്ടോടി, സോണിയ ജോർജ് എന്നിവർ നേതൃത്വം നൽകി. കൺവൻഷൻ ദിവസങ്ങളിൽ അഭി. കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി, അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ, ബിഷപ്പ് എമിരിറ്റസ് മാർ ജോസഫ് പെരുന്തോട്ടം എന്നിവർ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി. മാവേലിക്കര രൂപതാദ്ധ്യക്ഷൻ അഭി. ഐറേനിയസ് പിതാവ് സാന്നിദ്ധ്യം നൽകി. കെ.സി.എസ്.ബി. കോർഡിനേറ്റർ ബഹു. ജോൺസൺ തുണ്ടിയിൽ സന്ദേശം നൽകി.

## സോണൽ സർവ്വീസ് ടീം തെരഞ്ഞെടുപ്പ്

2026-28 കാലഘട്ടത്തിലേക്കുള്ള പുതിയ സോണൽ സർവ്വീസ് ടീം തെരഞ്ഞെടുക്കപ്പെട്ടു. മോൻ ചെത്തിമറ്റം (കോർഡിനേറ്റർ), സിബിച്ചൻ ഉപ്പുകുന്നേൽ (സെക്രട്ടറി), ഡൊമനിക് ആന്റണി മറ്റപ്പറമ്പിൽ (ട്രഷറർ) എന്നിവർ നിയമിക്കപ്പെട്ടു. വിൻസന്റ് മുതിരപറമ്പിൽ, കുര്യാക്കോസ് എം., ജോസി കൊണ്ടോടി, സഹോദരിമാരായ സോണിയ ജോർജ്, സൂസൻ മേളത്തൂർ, സജിനി പറത്തോട്ട് എന്നിവർ ടീം അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടു. വിവിധ മിനിസ്ട്രികളുടെയും സബ്സോൺ സർവ്വീസ്, ടീമുകളുടെയും ഉത്തരവാദിത്വങ്ങൾ ഓരോരുത്തർക്കും നൽകപ്പെട്ടു. ജയിംസ് ആന്റണി, ലില്ലിക്കുട്ടി തോമസ് എന്നിവർ കെ.എ.സി. അംഗങ്ങളായി നിയമിക്കപ്പെട്ടു.

സബ്സോണുകളുടെയും, വിവിധ മിനിസ്ട്രികളുടെയും പുനസംഘടന പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. എല്ലാറ്റിനും പരമകാരുണ്യവാനായ ദൈവത്തിന് നന്ദി അർപ്പിക്കുന്നു.

സ്നേഹപൂർവം,

**മോൻ ചെത്തിമറ്റം**
*(കോഡിനേറ്റർ)*

**ഫാ. മാത്യു താന്നിയത്ത്**
*(ആനിമേറ്റർ)*

## മാർ തോമസ് തറയിൽ

**ഓഗസ്റ്റ്**

29 കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ സന്യസ്തർക്കായുള്ള 'എക്ലേസിയ' പരിശീലനപരിപാടിയിൽ ക്ലാസ് നയിച്ചു. പൊൻകുന്നം ഹോളി ഫാമിലി ദൈവാലയത്തിലും പാറേൽ സെന്റ് മേരീസ് ദൈവാലയത്തിലും വിവാഹകൂദാശയിൽ കാർമ്മികത്വം വഹിച്ചു. ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കാ ഇടവകാംഗം ചക്കാത്തറ ജോസഫ് തോമസിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു.

30 ചെറുവാണ്ടൂർ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ അജപാലന സന്ദർശനം നടത്തി. കുമാരനല്ലൂർ നിരയത്ത് ബഹു. ആന്റണി അച്ചന്റെ സഹോദരൻ ജോൺ കുര്യാക്കോസിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്കു കാർമികത്വം വഹിച്ചു. കോട്ടയം ലൂർദ് ഫൊറോനാപള്ളിയിൽ കോട്ടയം മേഖലയിലെ സർക്കാർ ഉദ്യോഗസ്ഥരുടെ സംഗമത്തിലും പുന്നക്കുന്നത്തുശ്ശേരി സെന്റ് ജോസഫ് പള്ളിയിൽ ഇടവകദിനാഘോഷത്തിലും സന്ദേശം നൽകി.

31 അതിരൂപതാകേന്ദ്രത്തിൽ ഇന്റർ ഡിപ്പാർട്ട്മെന്റ് യോഗത്തിൽ അധ്യക്ഷത വഹിച്ചു.

**സെപ്റ്റംബർ**

01 കുറ്റിച്ചൽ ലൂർദ് മാതാ കോളേജിൽ ബിരുദദാന സമ്മേളനത്തിൽ മുഖ്യ സന്ദേശം നൽകുകയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.

02 തിരുവനന്തപുരം ലൂർദ് ഫൊറോന പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ക്ലിഫ് ഹൗസിൽ കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി. ഡി സതീശനെ സന്ദർശിച്ചു. അതിരൂപതാകേന്ദ്രത്തിൽ സംയുക്ത മദ്യവർജന സമിതി യോഗത്തിൽ സന്ദേശം നൽകുകയും നിരണം മാർത്തോമാ ശ്ലീഹാ സെമിനാരിയിൽ ക്ലാസ് നയിക്കുകയും ചെയ്തു.

03 പുന്നപ്ര ദനഹാലയയിൽ ക്ലാസ് നയിക്കുകയും വൈശ്യംഭാഗം തട്ടുതറ റ്റി. ജെ. സിബിയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. സി.എം.എച്ച്എം. ഓൺലൈൻ കോഴ്സിൽ ക്ലാസ് നയിച്ചു.

04 അതിരൂപതാകേന്ദ്രത്തിൽ പരിശുദ്ധ കുർബാനയർപ്പിക്കുകയും എസ്.ബി. കോളേജിൽ അതിരൂപതാ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു. പൊടിപ്പാറ ഹോളി ഫാമിലി പള്ളിയിൽ നൈനാപറമ്പിൽ ബഹു. മാർട്ടിൻ അച്ചന്റെ മാതാവ് കുഞ്ഞമ്മ ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്കു

കാർമികത്വം വഹിക്കുകയും കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്ര ത്തിൽ സന്യസ്തർക്കായുള്ള 'എക്ലേസിയ'- പരിശീലന പരിപാടിയിൽ ക്ലാസ് നയിക്കുകയും ചെയ്തു.

05 മാങ്ങാനം സ്സ്പിരിച്ച്വാലിറ്റി സെന്റർ ചാപ്പലിൽ അപ്പസ്തോലിക് ഒബ്ലേറ്റ്സ് സന്യാസസമൂഹത്തിന്റെ നിത്യവ്രത വാഗ്ദാന കർമ്മത്തിനു കാർമ്മികത്വം വഹിച്ചു. എസ്.ബി. കോളേജിൽ ആർച്ചുബിഷപ്പ് പവ്വത്തിൽ ഫൗണ്ടേഷൻ സെമിനാറിന്റെ സമാപന ഘട്ടത്തിൽ സന്ദേശം നൽകുകയും ചങ്ങനാ ശ്ശേരി തോപ്പിൽ മേരി ഫിലിപ്പിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. കാവാലം സെന്റ് ജോസഫ്സ് പള്ളിയിൽ അജപാലനസന്ദർശന പരിപാടികൾ ആരംഭിച്ചു.

06 കാവാലം സെന്റ് ജോസഫ്സ് പള്ളിയിൽ അജപാലന സന്ദർശനം നടത്തി. കൈതവന വിമലഹൃദയ പള്ളിയിൽ ആലപ്പുഴ മേഖലയിലെ സർക്കാർ ഉദ്യോഗസ്ഥരുടെ സംഗമത്തിൽ സന്ദേശം നൽകി.

07 പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ തിരുനാളിനോടനുബ ന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ മാതൃ-പിതൃവേദിയുടെ യൂണിറ്റ് ആനിമേറ്റേഴ്സിന്റെ ഓൺലൈൻ യോഗത്തിൽ സന്ദേശം നൽകി.

08 പൂഞ്ഞാർ സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ തിരുനാളിനോടനുബ ന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ കോട്ടയം അതിരൂപതയുടെ നിയുക്ത മെത്രാൻ മോൺ. തോമസ് ആനിമൂട്ടിലിനെ സ്വീകരിക്കുകയും കുറിച്ചി മൈനർ സെമിനാരിയിൽ ക്ലാസ് നയിക്കുകയും ചെയ്തു. മുട്ടാർ ചീരംവേലിൽ എം. വി. ത്രേസ്യാമ്മയുടെ മൃതശരീരത്തി ങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ഈര ലൂർദ് മാതാ പള്ളിയുടെ പ്ലാറ്റിനം ജൂബിലി സമാപന ആഘോഷത്തിൽ സന്ദേശം നൽകുകയും ചെയ്തു. കുറ്റിച്ചൽ ലൂർദ് മാതാ കോളേജിന്റെ ഓൺലൈൻ ഗവേണിംഗ് ബോഡി യോഗത്തിൽ അധ്യക്ഷത വഹിച്ചു.

09 ചങ്ങനാശ്ശേരി സെന്റ് ആൻസ് മന്ദിരം ചാപ്പലിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ വിൻസെന്റ് ഡി പോൾ സംഘടന സംഭാവനയായി നൽകിയ ഡയാലിസിസ് മെഷീൻ ആശുപത്രി അധികൃതർക്ക് കൈമാറുകയും ചെയ്തു. കോട്ടയം ലൂർദ് ഫൊറോന പള്ളിയിൽ കോട്ടയം ഫൊറോനാ വൈദിക സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

09-10 മൂന്നാറിൽ മെത്രാന്മാരുടെ മേഖലാതല ധ്യാനത്തിൽ സംബന്ധിച്ചു.

10 പുതുപ്പള്ളി കത്തനാർ ക്രിക്കറ്റ് ലീഗിന്റെ സമാപനത്തിൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

11 ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. അതിരൂപ താകേന്ദ്രത്തിൽ സൺഡേ സ്കൂൾ ഫൊറോന ഡയറക്ടർമാരുടെ യോഗ

ത്തിലും ചെത്തിപ്പുഴ ആശുപത്രിയിൽ കെയർ ഹോം ഡയറക്ടേഴ്സ് യോഗത്തിലും സന്ദേശം നൽകി. അതിരൂപതാകേന്ദ്രത്തിൽ ശാലോം ടിവിയുടെ യുവജനസംവാദത്തിൽ സംബന്ധിച്ചു. ലിറ്റർജി കമ്മീഷന്റെ ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു.

12 ചങ്ങനാശ്ശേരി എസ്.ബി. കോളേജ് കാവുകാട്ട് ഹാളിൽ നൂറുമേനി ഗ്രാൻഡ്ഫിനാലെ ഉദ്ഘാടനം ചെയ്തു സമ്മാനങ്ങൾ വിതരണം ചെയ്തു. ചെത്തിപ്പുഴ എസ്. ഡി. സിസ്റ്റേഴ്സിന്റെ ശതാബ്ദി ആഘോഷയോഗം ഉദ്ഘാടനം ചെയ്തു.

13 കുറിച്ചി മൈനർ സെമിനാരിയിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും പഴവങ്ങാടി മാർ സ്ലീവാ പള്ളിയിൽ''സ്പെരാൻസാ' പരിശീലന പരിപാടിയിൽ കുട്ടികളുമായി സംവദിക്കുകയും ചെയ്തു. നെടുംകുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് പള്ളിയിൽ നെടുംകുന്നം ഫൊറോനാ ബിസിനസ് സംരംഭകരുടെ സമ്മേളനത്തിൽ സന്ദേശം നൽകുകയും കടയനിക്കാട് സെന്റ് മേരീസ് പള്ളിയുടെ പാരിഷ് ഹാളിന്റെ അടിസ്ഥാനശില ആശീർവദിക്കുകയും ഇടവകദിന സന്ദേശം നൽകുകയും ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ അഭി. മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ മെത്രാഭിഷേക രജതജൂബിലി ആഘോഷത്തിൽ ആശംസകൾ അറിയിച്ചു.

14 മാങ്ങാനം ലിറ്റിൽ സിസ്റ്റേഴ്സ് ഓഫ് ക്രൈസ്റ്റ് സന്യാസസമൂഹത്തിന്റെ കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാ പള്ളിയിൽ അതിരമ്പുഴ ഫൊറോനാ വൈദിക സമ്മേളനത്തിലും കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ പള്ളിയിൽ കുടമാളൂർ ഫൊറോനാ വൈദിക സമ്മേളനത്തിലും അധ്യക്ഷത വഹിച്ചു.

15 ചങ്ങനാശ്ശേരി എസ്. ബി. സ്കൂൾ ചാപ്പലിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. തുരുത്തി മർത്ത് മറിയം ഫൊറോനാ പള്ളിയിൽ തുരുത്തി ഫൊറോനാ വൈദിക സമ്മേളനത്തിലും നെടുംകുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് പള്ളിയിൽ നെടുംകുന്നം ഫൊറോനാ വൈദിക സമ്മേളനത്തിലും അധ്യക്ഷത വഹിച്ചു. കുറിച്ചി മൈനർ സെമിനാരിയിൽ ക്ലാസ് നയിക്കുകയും ചങ്ങനാശ്ശേരി സസ്യമാർക്കറ്റിൽ വ്യാകുല മാതാ കുരിശടി ആശീർവദിക്കുകയും ചെയ്തു.

16 പാലമറ്റം ബേസ് തോമ്മാ ദയ്റായിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും കുറുമ്പനാടം സെന്റ് ആന്റണീസ് പള്ളിയിൽ കുറുമ്പനാടം ഫൊറോനാ വൈദിക സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു. ശാന്തിപുരം കണ്ണംകുളം ജോർജ് എബ്രഹാമിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്കു കാർമികത്വം വഹിച്ചു.

17-18 ബാംഗ്ലൂർ സെന്റ് ജോൺസിൽ സി.ബി.സി.ഐ സ്റ്റാൻഡിങ് കമ്മിറ്റി യോഗത്തിൽ സംബന്ധിച്ചു.

19 കുരിശുംമൂട് മീഡിയ വില്ലേജിൽ സി.ആർ.ഐ. ചങ്ങനാശേരി മേഖലാതലയോഗം ഉദ്ഘാടനം ചെയ്യുകയും നെടുംകുന്നത്ത് പതാലിൽ കുടുംബത്തിൽ ചരമവാർഷിക കർമ്മങ്ങൾക്കു കാർമികത്വം വഹിക്കുകയും ചെയ്തു. ആർപ്പൂക്കര ചെറുപുഷ്പ ദൈവാലയത്തിൽ അജപാലന സന്ദർശന പരിപാടികൾ ആരംഭിച്ചു.

20 ആർപ്പൂക്കര ചെറുപുഷ്പ ദൈവാലയത്തിൽ അജപാലനസന്ദർശനം നടത്തി. വെരൂർ സെന്റ് ജോസഫ് പള്ളിയിൽ ചങ്ങനാശ്ശേരി മേഖലാതല സർക്കാർ ഉദ്യോഗസ്ഥരുടെ സംഗമത്തിൽ സന്ദേശം നൽകുകയും തുരുത്തി മർത്ത് മറിയം ഫൊറോനാ പള്ളിയുടെ നവീകരിച്ച പാരിഷ് ഹാൾ ആശീർവദിക്കുകയും ചെയ്തു.

21 തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ മൂവാറ്റുപുഴ രൂപത മുൻ അധ്യക്ഷൻ അഭി. എബ്രഹാം മാർ യൂലിയോസ് പിതാവിന്റെ കബറടക്ക ശുശ്രൂഷയിൽ സംബന്ധിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കൂത്രപ്പള്ളി സെന്റ് മേരീസ് ഇടവകാംഗം സാനിയാമോൾ തോമസ്, കൈനകരി സി.എം.സി കോൺവെന്റിലെ സിസ്റ്റർ ലൂയിസ് മേരി എന്നിവരുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ പള്ളിയിൽ നസ്രാണി ഫാമിലി ഫ്രറ്റേണിറ്റി കൂട്ടായ്മയുടെ പ്രഥമ സമ്മേളനം ഉദ്ഘാടനം ചെയ്തു വിശുദ്ധ കുർബാന അർപ്പിച്ചു.എസ്.ബി. കോളേജ് കാവുകാട്ട് ഹാളിൽ മിഷൻ ലീഗ് അതിരൂപതാ കൗൺസിൽ ഉദ്ഘാടനം ചെയ്യുകയും അമ്പലപ്പുഴ സെന്റ് മേരീസ് പള്ളിയിൽ എടത്വാ ഫൊറോനാ വൈദിക സമ്മേളനത്തിൽ അധ്യക്ഷത വഹിക്കുകയും ചെയ്തു.

22 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ജൂനിയർ വൈദികരുടെ പരിശീലന പരിപാടിയിൽ ക്ലാസ്സ് നയിച്ചു.

23 ചങ്ങനാശ്ശേരി എസ്.ബി. സ്കൂളിൽ അധ്യാപക ദിനാഘോഷം ഉദ്ഘാടനം ചെയ്തു. അതിരൂപതാ കേന്ദ്രത്തിൽ ബർസാർമാരുടെ യോഗത്തിലും തൃക്കൊടിത്താനം ഫൊറോനാ പള്ളിയിൽ തൃക്കൊടിത്താനം, ചെങ്ങന്നൂർ ഫൊറോനകളുടെ സംയുക്ത വൈദിക കോൺഫറൻസിലും അധ്യക്ഷത വഹിക്കുകയും ചെയ്തു.

24 വാഴപ്പള്ളി ഗത്സമനി പള്ളിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. കൈതവന വിമലഹൃദയ പള്ളിയിൽ ആലപ്പുഴ, മുഹമ്മ ഫൊറോനകളുടെ സംയുക്ത വൈദിക സമ്മേളനത്തിലും, അതിരൂപതാകേന്ദ്രത്തിൽ ലിറ്റർജി കമ്മീഷൻ യോഗത്തിലും അധ്യക്ഷത വഹിച്ചു. മണിമല ഹോളി മേജൈ ഫൊറോനാ പള്ളിയിൽ അജപാലന സന്ദർശനത്തോടനുബന്ധിച്ചുള്ള പരിപാടികൾ ആരംഭിച്ചു.

25 എസ്. ബി., അസംപ്ഷൻ പൂർവ വിദ്യാർത്ഥി സംഘടനയുടെ അമേരിക്കൻ ചാപ്റ്ററിന്റെ ഓൺലൈൻ യോഗത്തിൽ അധ്യക്ഷത വഹിച്ചു. കോട്ടയം സി.എസ്.ഐ. റിട്രീറ്റ് സെന്ററിൽ സംഘടിപ്പിച്ച റീജിയണൽ ക്ലർജി സമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകുകയും, അമലാ തിയോളജി

ക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ക്ലാസ്സ് നയിക്കുകയും ചെയ്തു. തത്തംപള്ളി സെന്റ് മൈക്കിൾസ് ദൈവാലയത്തിൽ സുറിയാനി കുർബാന അർപ്പിക്കുകയും ലിറ്റർജി കമ്മീഷന്റെ ഓൺലൈൻ യോഗത്തിൽ സംബന്ധിക്കുകയും ചെയ്തു.

26 കിടങ്ങറ സെന്റ് ഗ്രിഗോറിയോസ് ദൈവാലയത്തിൽ ഓർമ്മ കുർബാന അർപ്പിച്ചു. മണിമല ഹോളി മേജൈ ഫൊറോനാപള്ളിയിൽ അജപാലന സന്ദർശന പരിപാടികൾക്കു നേതൃത്വം നൽകി.

27 മണിമല ഫൊറോനാ പള്ളിയിൽ അജപാലന സന്ദർശനം നടത്തുകയും മണിമല ഫൊറോനാ വ്യാപാരി-വ്യവസായി സമ്മേളനത്തിൽ സന്ദേശം നൽകുകയും ചെയ്തു. മുണ്ടത്താനം ലിറ്റിൽ ഫ്ലവർ പള്ളിയിൽ ശതാബ്ദി ആഘോഷവും തോട്ടയ്ക്കാട് സെന്റ് ജോർജ് ദൈവാലയത്തിൽ ഇടവക ദിനാഘോഷവും ഉദ്ഘാടനം ചെയ്തു.

## മാർ ജോസഫ് പെരുന്തോട്ടം

**ഓഗസ്റ്റ്**

25-28 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സീറോമലബാർസഭാസിനഡിൽ പങ്കെടുത്തു.

27 പാറേൽ സെന്റ് മേരീസ് പള്ളി ഇടവകാംഗവും ഓ.എസ്.ജെ. സഭാംഗവുമായ തേവലക്കര ബഹു. ലൂയിസ് അച്ചന്റെ വത്സല മാതാവ് ശ്രീമതി ഏലിയാമ്മ മാത്യുവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻ പള്ളി ഇടവകാംഗം വാതപ്പള്ളി ശ്രീമതി ടെസ്സി സിറിയക്കിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. അയർക്കുന്നം സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽ വയലിൽ ബഹു. തോമസ് അച്ചന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ച് കബറിടത്തിങ്കൽ ഒപ്പീസുചൊല്ലി.

29 പാലമറ്റം ബേത് തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് പള്ളി ഇടവകാംഗം ചിങ്ങംപറമ്പിൽ ഗീവർഗ്ഗീസ് & മറിയാമ്മ ദമ്പതികളുടെ നാലാമത്തെ മകൾ മരിയയ്ക്ക് പ്രവേശകകൂദാശകൾ നൽകി. ചമ്പക്കുളം - കല്ലൂർക്കാട് സെന്റ് മേരീസ് ബസിലിക്ക പള്ളി ഇടവകാംഗവും ചക്കാത്ര ബഹു. ജേക്കബ് അച്ചന്റെ പിതാവുമായ ശ്രീ. ജോസഫ് തോമസിന്റെ മൃതസംസ്കാരകർമ്മത്തിൽ പള്ളിയിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു. രാമങ്കരി സെന്റ് ജോസഫ് പള്ളി ഇടവകാംഗവും വേങ്ങാശ്ശേരി ബഹു. പോൾ അച്ചന്റെ വല്യമ്മച്ചിയുമായ കൊച്ചുവീട്ടിൽ ശ്രീമതി ത്രേസ്യാമ്മ തോമസിന്റെ മൃതസംസ്കാരശുശ്രൂ

ഷയുടെ ഭവനത്തിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു. പുന്നത്തുറ സെന്റ് തോമസ് ക്നാനായ പഴയപള്ളി ഇടവകാംഗം കണ്ണാമ്പടമറ്റത്തിൽ ശ്രീ. കെ. ജെ. കുര്യാക്കോസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

30 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ അതിരൂപതയിലെ സമർപ്പിതരുടെ തുടർപരിശീലന പദ്ധതിയായ 'എക്ലേസിയ' ഒന്നാമത്തെ ബാച്ചിലെ അംഗങ്ങളോടൊപ്പം പരിശുദ്ധ കുർബാനയർപ്പിച്ചു. കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കിഎപ്പിസ്കോപ്പൽ ഇടവകാംഗവും നെരയത്ത് ബഹു. ആന്റണി അച്ചന്റെ സഹോദരനുമായ ജോൺ കുര്യാക്കോസിന്റെ മൃതസംസ്കാരശുശ്രൂഷയുടെ പള്ളിയിലെ ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.

31 ഇത്തിത്താനം സെന്റ് മേരീസ് ഇടവകാംഗം കുന്നുംപുറം ശ്രീ. ജിൻസൺ ആന്റണിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.

**സെപ്റ്റംബർ**

01 ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു. ചങ്ങനാശ്ശേരി ദൈവമാതാപ്രോവിൻസിലെ ചെത്തിപ്പുഴ വെരൂച്ചിറ ശാന്തിസദൻ ഭവനാംഗം സി. പുത്തൻപറമ്പിൽ ക്ലാരറ്റ് മേഴ്സിയുടെ മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗത്തിന് കാർമികത്വംവഹിച്ചു. എറണാകുളം - അങ്കമാലി അതിരൂപത പുത്തൻകുരിശ് ലിറ്റിൽ ഫ്ളവർ ഇടവകാംഗവും ചങ്ങനാശ്ശേരി അതിരൂപത വൈദികനുമായിരുന്ന പാറശ്ശേരി ബഹു. ജോസഫ് അച്ചന്റെ (late) സഹോദരനുമായ ശ്രീ. പി. പി. തോമസിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു.

02 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ഒന്നാം വർഷ വൈദികാർഥികൾക്ക് സഭാചരിത്രത്തെക്കുറിച്ച് ക്ലാസ് എടുത്തു. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.

03 ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈശ്യംഭാഗം സെന്റ് ആന്റണീസ് ഇടവകാംഗം തട്ടുതറ ശ്രീ. റ്റി. ജെ. സിബിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. നിരണം മാർ തോമാശ്ലീഹാ സെമിനാരിയിൽ നാലാംവർഷ വൈദികാർഥികൾക്ക് ലിറ്റർജി - സഭാചരിത്ര ക്ലാസ് എടുത്തു.

04 പാലമറ്റം ബേത് തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. പൊടിപ്പാറ ഹോളി ഫാമിലി ഇടവകാംഗം നൈനാപറമ്പിൽ ശ്രീമതി കുഞ്ഞമ്മ ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. എസ്.ബി. കോളേജ് കല്ലറക്കൽ ഹാളിൽ ചങ്ങനാശ്ശേരി അതിരൂപതയുടെ 17-ാമത് പാസ്റ്ററൽ കൗൺസിൽ ഉദ്ഘാടനസമ്മേളനത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി.

05 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ അതിരൂപതയിലെ സമർപ്പിതരുടെ തുടർപരിശീലന പദ്ധതിയായ 'എക്ലേസിയ' ഒന്നാമത്തെ ബാച്ചിലെ അംഗങ്ങളോടൊപ്പം പരിശുദ്ധ കുർബാനയർപ്പിച്ചു. കടുവാക്കുളം തിരുഹൃദയ നേഴ്സിങ് കോളേജിന്റെ 10-ാമത് വാർഷികദിനാഘോഷത്തിൽ പങ്കെടുത്ത് അനുഗ്രഹപ്രഭാഷണം നടത്തി. പുന്നക്കുന്നത്തുശ്ശേരി സെന്റ് ജോസഫ് പള്ളി ഇടവകാംഗവും നമ്പിയത്ത് ബഹു. ആന്റണി അച്ചന്റെ വല്യമ്മച്ചിയുമായ ശ്രീമതി മറിയക്കുട്ടി ആന്റണിയുടെ മൃതസംസ്കാര ശുശ്രൂഷയുടെ പള്ളിയിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു. പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിൽ ഇടവക തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ചു.

06 പേരൂർക്കട ലൂർദ്ഹിൽ പള്ളിയിൽ ഇടവകതിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ റാസകുർബാനയർപ്പിച്ചു.

07 ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.

08 ചങ്ങനാശ്ശേരി അമലോത്ഭവനാഥയുടെ ദാസികളുടെ (സോയിൽ സിസ്റ്റേഴ്സ്) മഠം ചാപ്പലിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ചു. ഇത്തിത്താനം വൈദികഭവനത്തിൽ കോട്ടയം ക്നാനായ അതിരൂപതയുടെ നിയുക്ത സഹായമെത്രാൻ അഭി. മാർ തോമസ് ആനിമൂട്ടിൽ പിതാവിനെ സ്വീകരിച്ചു. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.

09 ഇത്തിത്താനം സെന്റ് ജോസഫ് വൈദികഭവനത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു. വേരൂർ സെന്റ് ജോസഫ് പള്ളി ഇടവകാംഗം കണ്ണോത്ത് കൊണ്ടോടി ശ്രീമതി തങ്കമ്മ ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷയുടെ പള്ളിയിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു. കൂത്രപ്പള്ളി എസ്.എ.ബി.എസ്. ചങ്ങനാശ്ശേരി പ്രൊവിൻസിലെ മഠാംഗമായ സി. പുളിക്കൽ ബെറ്റി മരിയയുടെ മൃതസംസ്കാരശുശ്രൂഷയുടെ ഒന്നാംഭാഗത്തിന് കാർമികത്വംവഹിച്ചു.

10 ചമ്പക്കുളം - കല്ലൂർക്കാട് സെന്റ് മേരീസ് ബസിലിക്കാപ്പള്ളി ഇടവകാംഗവും വടക്കേപറമ്പിൽ സി.എം.ഐ. സഭാംഗമായ ബഹു. ജോജോ അച്ചന്റെ പിതാവുമായ ശ്രീ. ചാക്കോ ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷയുടെ പള്ളിയിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു. ഇത്തിത്താനം വൈദികഭവനത്തിൽ തലശ്ശേരി അതിരൂപതയുടെ മുൻമെത്രാപ്പോലീത്ത അഭി. മാർ ജോർജ് വലിയമറ്റം പിതാവിനെ സ്വീകരിച്ചു.

11 പാലമറ്റം ബേത് തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. എസ്.ബി. കോളേജ് കാവുകാട്ടു ഹാളിൽ നൂറുമേനി സീസൺ 4 ഗ്രാൻഡ് ഫിനാലെ ക്വിസ് മത്സരം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.

12 നിലയ്ക്കൽ സെന്റ് തോമസ് എക്യുമെനിക്കൽ പള്ളിയിൽ വെച്ച് നസ്രാണിമാർഗ്ഗം കൂട്ടായ്മ അംഗങ്ങൾക്കായി ലിറ്റർജി – സഭാചരിത്ര ക്ലാസ് എടുത്തു.

13 നിലയ്ക്കൽ സെന്റ് തോമസ് എക്യുമെനിക്കൽ പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. മണിമലയിൽ സ്വഭവനത്തിൽ വിശ്രമജീവിതം നയിക്കുന്ന ളാനിത്തോട്ടം ബഹു. ജേക്കബ് അച്ചനെ സന്ദർശിച്ചു. കിളിമല എസ്.എച്ച്. സ്കൂളിൽ തൃക്കൊടിത്താനം ഫൊറോനാ കൗൺസിൽ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

14 സ്ലീവായുടെ തിരുനാളിനോടനുബന്ധിച്ച് കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. നിരണം മാർ തോമാശ്ലീഹാ സെമിനാരിയിൽ നാലാംവർഷ വൈദികാർഥികൾക്ക് ലിറ്റർജി – സഭാചരിത്ര ക്ലാസ് എടുത്തു.

15 ചീരഞ്ചിറ എ.എസ്.എം.ഐ. ജനറലേറ്റിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.

16 ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു. ശാന്തിപുരം സെന്റ് സ്റ്റീഫൻസ് മലങ്കരകത്തോലിക്കാപള്ളി ഇടവകാംഗവും അഭി. മാർ തോമസ് തറയിൽ പിതാവിന്റെ മാതൃസഹോദരീ പുത്രനുമായ ശ്രീ. ജോർജ് എബ്രഹാമിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവകയിൽ സസ്യമാർക്കറ്റിലെ വ്യാകുലമാതാവിന്റെ കുരിശടിയിൽ കൽക്കുരിശ് വെഞ്ചരിച്ചു, കൊടിയേറ്റി, പരിശുദ്ധ കുർബാനയർപ്പിച്ചു.

17 അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാപ്പള്ളി ഇടവകദിനസമ്മേളനം ഉദ്ഘാടനംചെയ്തു സംസാരിച്ചു.

18 പാലമറ്റം ബേത് തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.

19 പുറക്കാട് മാർ സ്ലീവാപള്ളി ഇടവകാംഗങ്ങളായ കുറ്റിക്കൽ ശ്രീ. ഗ്രിഗറി & ശ്രീമതി മറിയാമ്മ ദമ്പതികളുടെ വിവാഹസുവർണ്ണജൂബിലി ആഘോഷത്തിന്റെ ഭാഗമായി പരിശുദ്ധ കുർബാനമധ്യേ വചനസന്ദേശം നൽകി, കൊച്ചുമകളായ മരിയ ഗ്രീൻസൺന് ആഘോഷപൂർവ്വമായ പരി. കുർബാന സ്വീകരണവും നടത്തി.

20 കൂരോപ്പട മാർ സ്ലീവാപള്ളിയിൽ ഇടവകദിനത്തോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ചു. തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ മലങ്കരസുറിയാനി കത്തോലിക്കാസഭ മൂവാറ്റുപുഴ രൂപത മുൻ മെത്രാൻ ഡോ. അബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്തയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

21 ഇത്തിത്താനം വൈദികഭവനത്തിൽ ബെൽത്തങ്ങാടി രൂപതയുടെ മുൻ മെത്രാൻ അഭി. മാർ ലോറൻസ് മുക്കുഴിപിതാവിനെ സ്വീകരിച്ചു. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.

22 ചങ്ങനാശ്ശേരി സി.എം.സി. പ്രൊവിൻസിലെ കൈനകരി ലിറ്റിൽ ഫ്ളവർ മഠാംഗമായ സി. പരുത്തിക്കൽ ലൂയിസ് മേരിയുടെ മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗത്തിന് കാർമികത്വംവഹിച്ചു. നിരണം മാർ തോമാശ്ലീഹാ സെമിനാരിയിൽ നാലാംവർഷ വൈദികാർഥികൾക്ക് ലിറ്റർജി – സഭാചരിത്ര ക്ലാസ് എടുത്തു.

23 ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു.

24 മുണ്ടുപാലം സെന്റ് മേരീസ് പള്ളി ഇടവകാംഗം പ്രാക്കുഴി ശ്രീ. മാത്യു ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷയുടെ പള്ളിയിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു. നിരണം മാർ തോമാശ്ലീഹാ സെമിനാരിയിൽ നിരണം മാർ തോമാശ്ലീഹാ സെമിനാരിയിൽ നാലാംവർഷ വൈദികാർഥികൾക്ക് ലിറ്റർജി – സഭാചരിത്ര ക്ലാസ് എടുത്തു.

25 പാലമറ്റം ബേത് തോമാ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ഇത്തിത്താനം വൈദികഭവനത്തിൽ സന്ദർശകരെ സ്വീകരിച്ചു. ചെത്തിപ്പുഴ കാർമൽവില്ല മഠാംഗമായ സി. പോളയ്ക്കൽ മഡോണയുടെ മൃതസംസ്കാരശുശ്രൂഷയുടെ ഒന്നാം ഭാഗത്തിന് കാർമികത്വംവഹിച്ചു.

26 ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ ചങ്ങനാശ്ശേരി അതിരൂപത ചീരംചിറ സെന്റ് ജോർജ്ജ്പള്ളി ഇടവകാംഗം വാളംപറമ്പിൽ സേവ്യറിന്റെയും തൃശ്ശൂർ അതിരൂപത എരണ്ണെല്ലൂര് പരിശുദ്ധ ജപമാല രാജ്ഞിപള്ളി ഇടവകാംഗം പുത്തൂർ എലിസബത്തിന്റെയും വിവാഹം ആശീർവദിച്ചു. കിടങ്ങറ സെന്റ് ഗ്രിഗോറിയോസ്പള്ളി ഇടവകാംഗമായിരുന്ന വടകര പട്ടണത്തുശ്ശേരിയിൽ ശ്രീമതി ത്രേസ്യാമ്മ ജേക്കബിന്റെ ഒന്നാം ചരമവാർഷികാചരണത്തോടനുബന്ധിച്ച് കബറിടത്തിങ്കൽ ഒപ്പീസു ചൊല്ലി. മുണ്ടത്താനം സെന്റ് ആന്റണീസ് പള്ളിയിൽ ഇടവകമധ്യസ്ഥന്റെ തിരുശേഷിപ്പ് പ്രതിഷ്ഠിച്ച് പരിശുദ്ധ കുർബാനയർപ്പിച്ചു.

27 പാറേൽ സെന്റ് മേരിസ് പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ചെത്തിപ്പുഴ കാർമൽവില്ല മഠത്തിലെ ബഹു. അമ്മമാരെ സന്ദർശിച്ചു.



## *ENGAGEMENTS* | OCTOBER 2026

**Mar Thomas Tharayil**
Metropolitan of Changanacherry

| | | |
|---|---|---|
| 01 | 09:30 am | Priests' Conference: Trivandrum, Amboori & Ayoor Foranes @ Venjaramoodu. |
| | 06:00 pm | Holy *Qurbana* & Inter Religious Meeting @ Mannanthala |
| 02 | 07:45 am | Inauguration: Jesus Youth Family Meet @ Chethipuzha |
| | 09:30 am | Holy *Qurbana*: Assisi Year Celebration @ Poonthoppu |
| | 02:00 pm | Episcopal Ordination: Msgr. Thomas Animoottil @ Kottayam |
| | 06:30 pm | Message: *Navathi* Celebrations @ Nariyapuram Orthodox Church, Thumpamon |
| 03 | 06:15 am | Holy *Qurbana* @ PCPA Adoration Monastery, Chelacombu |
| | 09:30 am | Class @ Niranam Seminary |
| | 02:30 pm-03:30 pm | Carlo Fest Leaders' Meet @ Media Village |
| | 04:00- 09:00 pm | Pastoral Visit @ Cheeramchira St George |
| 04 | 06:30 am - 02:00 pm | Pastoral Visit @ Cheeramchira St George |
| | 03:30 pm | Homily: Holy *Qurbana* @ Kurumpanadom |
| | 05:00 pm | Alappuzha Forane Businessmen Get- Together @ Pazhavangady |
| | 05:45 pm | Home Day @ *Sahrudaya* Hospital, Thathampally |
| 05 | 05:00 pm | Mar Mathew Kavukatt *Requiem Qurbana* @ Cathedral |
| | 07:30 pm | Reception: Bishop Thomas Animoottil @ Archbishop House |
| 06 | 10:00 am | Religious Priests & Sisters Jubilee Celebrations @ Archbishop House |
| | 03:00 pm | Blessing of Shopping Complex @ Thadiyoor |
| | 06:30 pm | Message: Major Seminarians' Gathering @ Archbishop House |
| 07-26 | | Out of Station |
| 27 | 04:15 pm | Board Meeting: Mother Theresa Home @ Archbishop House |
| | 06:00 pm | Inter-Department Meeting @ Archbishop House |
| 28 | 08:30 am | *Curia* |
| | 10:00 am | Presbyteral Council |
| | 02:30-05:00 pm | Visitors |

| | | |
|---|---|---|
| | 05:30 pm | Online Prayer Meeting: Israel Communities |
| | 07:00 pm | Class @ Niranam Seminary |
| 29 | 06:30 am | Holy *Qurbana* @ Priest Home |
| | 09:30 am-12:30 pm | Consultors' Body |
| 30 | 09:30 am | Message: North East Catholic Education Leaders' Conference @ Guwahati |
| 31 | 11:00 am | Holy *Qurbana*: Puthenparampil Thomachan 118th Death Anniversary @ Edathua |
| | 02:30 pm | Message: Seminar & Alumni Gathering @ CANA |
| | 05:00 pm | Holy *Qurbana* @ Little Flower OCD Ashram, Athirampuzha |

FR. SECRETARY - 8078088468



## ENGAGEMENTS | OCTOBER 2026

**Mar Joseph Perumthottam**
Metropolitan Emeritus of Changanacherry

| | | |
|---|---|---|
| 02 | 06:30 am | Holy *Qurbana* @ *Bet-Thoma Dayara*, Palamattam |
| | 02:00 pm | Episcopal Ordination of Mar Thomas Animoottil, Auxiliary Bishop, Archeparchy of Kottayam @ Christ the King Metropolitan Cathedral, Kottayam |
| 03 | 11:00 am | Sacraments of Initiation @ St. Sebastian’s Church, Ayarkunnam |
| 04 | 09:30 am | Raza *Qurbana* @ St. Francis Assisi Church, Thuckalay, Mezhacode |
| 06 | | Engaged |
| | 06:30 pm | Sharing: Major Seminarians’ Gathering @ Archbishop House |
| 07 | 04:30 pm | *Kodiyettu* & Holy *Qurbana* @ St. Theresa's Church, Kavalam |
| 09 | 06:30 am | Servant of God Mar Mathew Kavukattu *Orma Qurbana* @ St. Mary's Metropolitan Church, Changanacherry |
| | 03:00 pm | Hekmas Industry Plantation Meeting @ *Kristu Jyoti* College, Chethipuzha |
| 10 | | *Nasrani Margam* - Class @ M.O.C. Manganam |
| 12 | 06:30 pm | Class @ Niranam Seminary |
| 14 | 02:30 pm | Shopping Complex Blessing @ Amboori, Estate |
| 15 | 04:30 pm | Holy *Qurbana* @ St. Mary's Basilica, Champakulam-Kalloorkad |
| 16 | 06:30 am | Holy *Qurbana* @ *Bet-Thoma Dayara*, Palamattam |
| | 06:30 pm | Class @ Niranam Seminary |
| 17 | 12:00 pm | Message : IMS Rosary Procession @ St Mary's Church, Parel |
| | 02:00 pm | Graduation Ceremony @ St. Thomas Allied College of Nursing, Chethipuzha |
| 20 | 10:30 am | Marriage @ St. George’s Forane Church, Muhamma |
| 21 | 06:30 am | Holy *Qurbana* & Class for First Years @ St. Thomas Minor Seminary, Kurichy |
| 23 | 06:30 am | Holy *Qurbana* @ *Bet-Thoma Dayara*, Palamattam |
| 24 | 04:00 pm | Marriage @ St. Sebastian’s Church, Ayarkunnam |
| 30 | 06:30 am | Holy *Qurbana* @ *Bet-Thoma Dayara*, Palamattam |

FR. SECRETARY - +919292990040

# 77–ാം ചരമവാർഷികം

(27 ഒക്ടോബർ)



# ഭാഗ്യസ്മരണാർഹനായ
# മാർ ജയിംസ് കാളാശ്ശേരി

**VEDAPRACHARA MADHYASTAN VOL.99 No.04 2026 October**
Date of Publication: 30-09-2026
Registered No. RN-3149/1957
Postal Regn. No. KL/CHC/74/2024-26
Licence No. KL/CR/CHC/WPP-1/2024-26
Licensed to Post Without Prepayment
Posted at Changanacherry sorting on the last day of every month
Rs 25/-




Estd. 1928
Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala.
Editor: Fr Biju George Alencherry.
sjopresschry@gmail.com www.archdiocesechanganacherry.org